മഹാത്മജിയുടെ മൊഴികൾ

PUTHUVYPU ISLAM HIGH SCHOOL
Date
ERNAKULAM

ഒന്നാം പതിപ്പ്
1955

സമ്പാദകൻ:—
എം. നാരായണൻ ബി. എ., എൽ. ടി.

പകർപ്പവകാശം:—
പ്രസാധകന്മാക്ക്

അച്ചടി:—
സിൽവർ ജൂബിലി പ്രസ്സ്, കണ്ണൂർ.

1 അക്രമം ഒരാളുടേയും ഒരവകാശത്തേയും രക്ഷിച്ചിട്ടില്ല. ശരിയായ നിലയ്ക്ക് നിർവ്വഹിക്കപ്പെടുന്ന കടമയിൽനിന്നു മാത്രമാണ് ഓരോ അവകാശവും ഉളവാകുന്നത്.

2 അക്രമരാഹിത്യം കേവലം ജ്ഞാനിമാരുടെയോ സന്ന്യാസിമാരുടെയോ മാത്രമല്ല; അതു സാധാരണ ജനങ്ങളുടേതുകൂടിയാണ്. അക്രമം മൃഗനീതിയെന്നപോലെ അക്രമരാഹിത്യം മനുഷ്യനീതിയാകുന്നു. മൃഗങ്ങളിൽ ആത്മവഞ്ചനയെന്നൊന്നില്ല. ശാരീരികശക്തിയാണ് അവയുടെ നിയമം. മനുഷ്യന്റെ അന്തസ്സു കുറേക്കൂടി ഉന്നതമായ ഒരു നിയമത്തെ അനുസരിക്കാനാവശ്യപ്പെടുന്നു–ആത്മശക്തിയുടെ നിയമത്തെ.

3 അടിമയുടെ നിലയാണ്, അടിമയെ വെച്ചുകൊ
ണ്ടിരിക്കുന്നവന്റേതിനെക്കാൾ മെച്ചപ്പെ
ട്ടത്.

4 അത്യൽകൃഷ്ടമായ ഒരാഹ്വാനത്തെ, അതായ
ത് മന:സാക്ഷിയെ, നിങ്ങൾ അനുസരിക്കേ
ണ്ട സന്ദർഭങ്ങൾ ഉണ്ടായേക്കാം. അതനുസ
രിച്ചാൽ കണ്ണുനീർ വാർക്കേണ്ടിവന്നേക്കാം;
സുഹൃത്തുക്കളിൽനിന്നും കുടുംബത്തിൽനി
ന്നും രാജ്യത്തിൽനിന്നും ജീവനപ്പുടെ പ്രി
യപ്പെട്ടതായി കരുതിയ സമ്പത്തിൽനിന്നും
വിരഹം സഹിക്കേണ്ടതായി വന്നേക്കാം.
എന്നാലും ആ അനുസരണമാണ് ജീവിത
ധർമ്മം.

5 അത്ഭുതമെന്നു തോന്നുമെങ്കിലും, ചിലപ്പോൾ
ജനങ്ങൾക്ക് എറ്റവും സുകരമായ കാര്യം
എറ്റവും ഭീഷ്കരമായിത്തീരും. ഇതിന്റെ
കാരണം നമ്മുടെ അലസതയാണ്. പഴയ

ചെക്കുഴികളിൽനിന്നു കയറുവാൻ മനസ്സി
നെ അനുവദിക്കാതിരിക്കുമ്പോൾ അല്പസ
വലിയൊരു ദ്രോഹവും ദുഷ്ടതയുമായിത്തീരും.

6 (അന്നം ശരീരത്തിന്റെ ഭക്ഷണമെന്നപോലെ
പ്രാർത്ഥന ആത്മാവിന്റെ ഭക്ഷണമാണ്.)

* * * *

ഉപാസന എന്നുവെച്ചാൽ ദൈവസന്നിധിയി
ൽ ഇരിക്കുക; വലിയവരുടെ അടുക്കൽ ഇരി
ക്കുകയെന്നാൽ തദ്രൂപമായിത്തീരുക; (ദൈ
വം എന്നുവെച്ചാൽ സത്യം. അതിനാൽ,
സത്യസ്വരൂപനായിത്തീരുക എന്നതിന്റെ
പേരാണ് ഉപാസന. സത്യസ്വരൂപനായി
ത്തീരുവാൻ തീവ്രമായി ആഗ്രഹിക്കുക, ഭ
ഗവാനോടപേക്ഷിക്കുക—ഇതുതന്നെയാണ്
പ്രാർത്ഥന.)

7 അബദ്ധോകതിയും അതിശയോകതിയും ഒരു
നല്ല കാര്യത്തെ ചീത്തയാക്കുന്നു.

8 അഭിപ്രായൈക്യത്തെ ഉറപ്പിടിപ്പിക്കുക; അഭിപ്രായവ്യത്യാസത്തെയല്ല ഉറപ്പിടിക്കേണ്ടത്.

9 അയിത്തം ജീവിക്കുന്നതായാൽ ഹിന്തുമതം നശിക്കും. ഹിന്തുമതം ജീവിക്കേണമെങ്കിൽ അയിത്തം നശിക്കണം.

10 അയിത്തം ഹിന്തുമതത്തിന്റെ ഭാഗമല്ലെന്നു മാത്രമല്ല, ഓരോ ഹിന്തുവും നശിപ്പിക്കുവാൻ ശ്രമിക്കേണ്ട പ്പെറ്റ കൂടിയാണ്. ഇന്ത്യയിൽ അതിനു മതപരമായ പിൻബലം ലഭിക്കുകയും കോടാനുകോടി മനുഷ്യരെ അതു അടിമകളാക്കിത്തീർക്കുകയും ചെയ്തിരിക്കുന്നു.

11 അയിത്തം ഹിന്തുമതത്തിന്റെ ഭാഗമല്ലെൻ മാത്രമല്ല, ഓരോ ഹിന്തുവും ചെറുക്കേണ്ട മഹാവ്യാധിയാണെന്നുകൂടി നാം പ്രഖ്യാപി

ക്കുന്നു. അതിനാൽ ഓരോ ഹിന്ദുവും അയിത്തക്കാരുമായി സ്നേഹപൂർവ്വം ഇടപഴകി, അതുകൊണ്ടു തനിക്കു ശുദ്ധി വന്നതായി കരുതി, അവരുടെ സങ്കടങ്ങൾ പരിഹരിച്ചു, ചിരകാലത്തെ അടിമത്തംകൊണ്ടു അവക്കുണ്ടായ അജ്ഞതയും ദുശ്ശീലങ്ങളും പോക്കാൻ അവരെ സഹായിച്ചു പ്രായശ്ചിത്തം ചെയ്യണം.

12 അയിത്തമാകുന്ന ദുരാചാരംകൊണ്ടു ഹിന്ദുമതത്തെ അശുദ്ധപ്പെടുത്തുന്നോടത്തോളംകാലം ഹിന്ദുക്കൾ സ്വാതന്ത്ര്യം അർഹിക്കയാകട്ടെ അവർക്കതു കിട്ടുകയാകട്ടെ ഉണ്ടാകുകയില്ല.

13 അയിത്തമെന്നത് ഹിന്ദുമതത്തിലുൾപ്പെട്ടതാണെങ്കിൽ, ഭാരതത്തിലുള്ള സകല ഹിന്ദുക്കളും ക്രിസ്തുമതത്തിലേക്കോ ഇസ്ലാം മതത്തിലേക്കോ മതം മാറാൻ ഞാൻ അനുഷ്ഠാനം ചെയ്യും. അയിത്തം മതത്തിലുൾപ്പെട്ടതല്ല. അതു സവർണ്ണർ കെട്ടിപ്പടുത്ത ദുഷിച്ച ആചാരമാകുന്നു.

14 അര നൂറാണ്ടായി ഈ നിഷ്കരുണനായ ഗുരുവിന്റെ തനി അടിമയാണ് ഞാൻ, നിർബന്ധംകൊണ്ടല്ല, സ്വന്തം ഇഷ്ടംകൊണ്ട്. കാലം കഴിയുന്തോറും അദ്ദേഹത്തിന്റെ ശബ്ദം എനിക്ക് അധികമധികം വ്യക്തമായി കേൾക്കാറുണ്ട്. ഏതു ക്രൂരിരുട്ടിലും അദ്ദേഹം എന്നെ ഉപേക്ഷിച്ചിട്ടില്ല. എന്റെ ഇഷ്ടത്തിനെതിരായിപ്പോലും അദ്ദേഹം എന്നെ രക്ഷിച്ചിട്ടുണ്ട്. ഒരു ലവലേശം സ്വാതന്ത്ര്യം അദ്ദേഹം എനിക്കു തന്നിട്ടില്ല. എത്രയേറെ അദ്ദേഹത്തിനു കീഴടങ്ങുന്നുവോ അത്രയേറെയാണ് എന്റെ ആനന്ദം.

* * * *

ദീർഘകാലത്തെ പ്രാർത്ഥനാപൂർവ്വമായ ആത്മശിക്ഷണംകൊണ്ടു നാല്പതു വർഷങ്ങളായി ഞാൻ ഒരാളെപ്പോലും വെറുക്കുക എന്നതു് അവസാനിപ്പിച്ചിരിക്കുന്നു. ഇതു വലിയൊരവകാശവാദമാണെന്നെനിക്കറിയാം. അത്യു

ധികം വിനയത്തോടെയാണ് ഞാൻ അങ്ങി
നെ അവകാശപ്പെടുന്നത്. എന്നാൽ തിന്മ
എവിടെക്കണ്ടാലും ഞാൻ അതിനെ വെറു
ക്കുന്നു.

15 അലംഭാവമുള്ള മനസ്സ്, പ്രസന്നമായ ചൈത
ന്യം, ഇവ ശരീരത്തിന്റെ ആരോഗ്യവും ആ
ത്മാവിന്റെ ശക്തിയുമാണ്.

16 അവനവൻ ചെയ്തതെറ്റു സമ്മതിക്കുന്നതു പ
രാജയമല്ല, വിജയമാണ്.

17 അവർ പറയുന്ന "സാധനം" എത്രയായാലും
സാധനമാണല്ലൊ എന്നു. ഞാൻ പറയുന്ന
സാധനമാണ് സത്യസ്വപമെന്നു്. സാധനമെ
ങ്ങിനെയോ അങ്ങിനെ സാദ്ധ്യം. ഹിംസ പ്ര
യോഗിച്ചാൽ ഹിംസ്രരാജ്യം കിട്ടും. അതു
ലോകത്തിനും ഇന്ത്യയ്ക്കും ആപത്താകും. സാ
ദ്ധ്യത്തിന്റെയും സാധനത്തിന്റെയും നടുവി
ൽ മതിലൊന്നുമില്ല. സാധനം മാത്രമാണ്
നമ്മുടെ പിടിയിൽ; സാദ്ധ്യം അങ്ങിനെയല്ല.

18 അസംതൃപ്തൻ എന്തുകിട്ടിയാലും ആഗ്രഹങ്ങളുടെ അടിമയായിത്തീരുന്നു. നമ്മുടെ ഏറ്റവും വലിയ ശത്രുവും ഏറ്റവും അടുത്ത ബന്ധുവും നാം തന്നെയാണ്. അടിമയാകാനും സ്വതന്ത്രനാകാനുമുള്ള കഴിവ് നമ്മുടെ കൈയ്യിൽ തന്നെയാണിരിക്കുന്നത്.

19 അഹിംസ അനുഷ്ഠിക്കുന്ന ആൾ ദയയെ ആയുധമാക്കണം. നമുക്കു തിന്മ ചെയ്യുന്നവരെ നാം വെറുത്തുതള്ളരുത്. അവരുടെ നേരെ ദയാപൂർവ്വം പെരുമാറി അവരിലുള്ള ദുർഗുണങ്ങൾ പരിഹരിക്കണം. സത്യാഗ്രഹികളുടെ കർത്തവ്യവും സേവനവും അതാണ്.

* * * *

അഹിംസാനിരതന്മാർക്ക് പുഷ്പത്തെക്കാൾ മൃദുലവും കല്പിനെക്കാൾ കഠിനവുമായ ഹൃദയമുണ്ടായിരിക്കേണമെന്ന് പണ്ടത്തെ മഹർഷിമാർ പറഞ്ഞിട്ടുണ്ട്.

20 അഹിംസയും സത്യവും എന്റെ രണ്ടു ശ്വാസകോശങ്ങൾ പോലെയാണ്. അവയില്ലാതെ എനിക്ക് ജീവിക്കാനാവില്ല.

21 അഹിംസയും സത്യവും ക്രൂടപ്പിറപ്പുകളാണ്.

22 അഹിംസ-സത്യവും പ്രേമവും-മാത്രമേ പരിഗണനീയമായിട്ടുള്ളൂ. അതുള്ള ടിക്കിൽ അവസാനം എല്ലാ കാര്യങ്ങളും താനേ ശരിപ്പെട്ടുകൊള്ളും.

23 അഹിംസാധിഷ്ഠിതമായ സത്യത്തിൽ ഒരാൾക്ക് ലോകത്തെ മുഴുവൻ തന്റെ കാൽച്ചുവട്ടിൽ കൊണ്ടുവരുവാൻ കഴിയും. എത്രതന്നെ കഷ്ടതകൾ നേരിട്ടാലും സത്യദീപത്തിന്റെ സമുജ്ജ്വലപ്രഭ നാം കൈവെടിയരുത്.

24 അഹിംസയുടെ അവതാരമാണ് സ്ത്രീ. അഹിംസയെന്നുവെച്ചാൽ അളവറ്റ പ്രേമമെന്നാണർത്ഥം. പ്രേമത്തിന്നാവട്ടെ ക്ലേശം സഹിക്കാനുള്ള കഴിവെന്നർത്ഥമാണ്. ഈ കഴിവ് ഏറ്റവും അധികം കാണിപ്പാൻ കഴിയുക സ്ത്രീകൾക്കല്ലാതെ മറ്റാർക്കാണ്? പത്തുമാസം കുട്ടിയെ വയറ്റിൽ ചുമക്കുകയും ആ ഗർ

ഭാരത്തിൽ അവൾ സന്തോഷംകൊള്ളുകയും ചെയ്യുന്നു. പ്രസവവേദനയ്ക്കു തുല്യമായ കഷ്ടം മറെറന്തിനാണുള്ളത്! ഓമന സന്താനത്തിൻെറ പിറവിയിലുള്ള ആഹ്ലാദത്തിൽ മറെറല്ലാം അവൾ വിസ്മരിക്കുന്നു. ആ കൊച്ചുകുഞ്ഞിനെ വളർത്തുവാൻ രാവുപകൽ കഷ്ടപ്പാടനുഭവിക്കയുംചെയ്യുന്നു. ആ സ്നേഹം സ്ത്രീ മനുഷ്യസമുദായത്തിലേക്ക് മുഴുവൻ വ്യാപിപ്പിക്കട്ടെ.

25 അഹിംസാമാർഗ്ഗത്തിൽ നമ്മേയും നമ്മുടെ സ്ത്രീകളേയും കുട്ടികളേയും നമ്മുടെ ക്ഷേത്രങ്ങളേയും സംരക്ഷിക്കുവാൻ നമുക്കു സാധിക്കില്ലെങ്കിൽ പൌരുഷമുണ്ടെങ്കിൽ നാം സമരം ചെയ്തെങ്കിലും അതു സാധിക്കേണ്ടതാണ്.

26 അക്ഷരജ്ഞാനം ഒരു ഉപകരണം മാത്രമാണ്. ഒരു ഉപകരണം നന്നായും ചീത്തയായും ഉപയോഗിക്കാം. ഒരു രോഗിയുടെ സുഖ

കേട്ടു മാറാൻ ഉപയോഗിക്കുന്ന കത്തി അയാളെ കൊല്ലാനും ഉപയോഗിക്കാം. അക്ഷരജ്ഞാനത്തിന്റെ കഥയും ഇങ്ങിനെ തന്നെയാണ്.

27 അക്ഷരജ്ഞാനം ചീത്തയാണെന്ന ഞാൻ പറയുന്നില്ല. അതിനെ കാമധേനുവായി കരുതരുതെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. അതിന്റെ സ്ഥാനത്ത് അതിനെക്കൊണ്ടു ഉപയോഗമുണ്ട്. ഈ വിദ്യാഭ്യാസത്തെ നിന്ദ്യമാക്കേണ്ടുന്ന ആവശ്യമില്ല. വേണമെന്നതോന്നുന്നോടത്ത് ആവാം.

*　　*　　*　　*

ചിത്തശുദ്ധി വരുത്താത്തതും മനസ്സിനേയും ഇന്ദ്രിയങ്ങളേയും വശത്തുവരുവാൻ പഠിപ്പിക്കാത്തതും നിർഭയതയും സ്വാവലംബനവും ഉളവാക്കാത്തതും ഉപജീവനത്തിനുള്ള വഴി കാണിച്ചുകൊടുക്കാത്തതുമായ വിദ്യാഭ്യാ

സം. അതു അറിവിന്റെ ഖജാന തന്നെയായാലും ശരി, വാഭ്യാടിയും പാണ്ഡിത്യവും ഉണ്ടാക്കിയിരുന്നാലും ശരി യഥാർത്ഥ വിദ്യാഭ്യാസമല്ല; അപൂർണ്ണമായ വിദ്യാഭ്യാസമാണ്.

28 അറിയുന്ന സത്യത്തെ അനുസരിക്കുകയാണു് സത്യാന്വേഷണത്തിന്റെ പ്രഥമപടവു്.

29 അറിയാതെ ചെയ്യുന്ന ആയിരം തെറാണു് വിശ്വാസമില്ലാതെ മനസ്സിരുത്തിച്ചെയ്യുന്ന സുബന്ധകർമ്മത്തേക്കാൾ ഭേദം. അതു മദ്യം നിറച്ചു ഗംഗാജലമെന്നൊഴുതിയ കുടംപോലെയാണു്.

30 ആർക്കു എപ്പോൾ സംഭവിച്ചുതായാലും മരണത്തെക്കുറിച്ചു നാം വ്യസനിക്കാതാവണം. സ്വന്തം മരണത്തെക്കുറിച്ചു നാം തീരെ ഉദാസീനരായാൽ ഇതു സാധിക്കുന്നതാണു്. സ്വധർമ്മം അനുഷ്ഠിച്ചുവെന്ന ബോധമുണ്ടെങ്കിൽ ഈ ഉദാസീനത വന്നുകൊള്ളും.

31 ആത്മനിയന്ത്രണമില്ലെങ്കിൽ സ്ത്രീയും പുരുഷനും കെട്ടുപോകും. എല്ലാ കാര്യങ്ങളിലും ആത്മനിയന്ത്രണപാടവം വളർത്താനാണ് വിദ്യാർത്ഥിജീവിതം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

* * * *

വിദ്യയുടെ ശോഭ വിനയമാകുന്നു. ഇതു മാത്രമല്ല, വിനയമില്ലാതെ വിദ്യ വരുന്നതുമല്ല.

32 ആത്മശിക്ഷണവും ത്യാഗമനോഭാവവും വിനയവും ദൃഢനിശ്ചയവുമുണ്ടാക്കാൻ ഉപവാസത്തെയും പ്രാർത്ഥനയേയുംപോലെ ശക്തിമത്തായി മറെറാന്നില്ല.

33 ആത്മസംതൃപ്തി ഒരുവനിൽ നഴഞ്ഞു കയറിയാൽ അവന്റെറ വളർച്ച നിന്നു.

34 ആത്മാവിന്റെറ ശബ്ദം കേൾക്കാനും അനുസരിക്കുവാനുമുള്ള കഴിവിൽനിന്നാണ് എനിക്ക് വല്ല ശക്തിയുമുണ്ടെങ്കിൽ അതു ഉണ്ടായിട്ടുള്ളതു. അതുകൊണ്ടുതന്നെയാണ് അല്പ

മെങ്കിലും രാജ്യസേവനം ചെയ്‌വാൻ എ
നിക്കു് സാധിച്ചതും.

35 ആധിയെപ്പോലെ ശരീരത്തെ നശിപ്പിക്കുന്ന
തായി മറെറാന്നില്ല. ഈശ്വരനിൽ അല്പ
മെങ്കിലും വിശ്വാസമുള്ളവർ തങ്ങൾക്കു്
ആധിയുണ്ടാകുന്നതിനെക്കുറിച്ചു ലജ്ജി
ക്കണം.

36 ആയിരക്കണക്കായുള്ള വത്സരങ്ങളായി ഈ
ലോകത്തെ ഭരിച്ചുവന്നതു മൂഗീയശക്തിയാ
യിരുന്നു. അതിന്റെ അനിഷ്ടഫലങ്ങൾ
ഇക്കാലങ്ങളിലെല്ലാം മനുഷ്യൻ അനുഭവി
ക്കയായിരുന്നു. ഈ ശക്തികൊണ്ടു നല്ലതു
വരുവാൻ പോകുന്നില്ല.

37 ആവത്തിച്ചതുകൊണ്ടു് അസത്യം സത്യമാവു
കയില്ല; ആരും കാണാത്തതുകൊണ്ടു സത്യം
അസത്യമാകയുമില്ല.

38 ആവശ്യമില്ലാതെ കൈവശം വെക്കുന്ന ധനം
കട്ടുകിട്ടിയതായി കരുതണം.

39 ആവി മഹത്തായ ഒരു ശക്തിയായിത്തീരുന്നതു് ബലമുള്ള പാത്രത്തിൽ തടഞ്ഞു നിർത്തി കുറേശ്ശയായി പുറത്തേയ്ക്കു് വിടാൻ അനുവദിക്കുമ്പോഴാണു്. അപ്പോൾ കനത്ത ഭാരം വഹിപ്പാൻ അതിനു കഴിയും. അതുപോലെ, രാജ്യത്തിലെ യുവാക്കന്മാർ അവരുടെ ഒടുങ്ങാത്ത ശേഷി തടഞ്ഞുനിർത്തി ആവശ്യത്തിനനുസരിച്ചുമാത്രം അളന്നു കണക്കാക്കി പുറത്തേക്കു വിടണം.

40 ആശുപത്രികൾ പാപം പ്രചരിപ്പിക്കുവാനുള്ള സ്ഥാപനങ്ങളാണു്.

41 ഇന്നു ഗീത എന്റെ ബൈബിളും ഖുർആനും മാത്രമല്ല, അതിലുപരി എന്തോ ചിലതു കൂടിയാണു്. അതെന്റെ അമ്മയാണു്.

42 ഇന്നത്തെ ബാലികമാർ വസ്ത്രധാരണം ചെയ്യുന്നതു് പുരുഷന്മാരെ ആകർഷിക്കുവാനാണു്.

ചായവും പൊടിയുമിട്ട് അവരുടെ സൌന്ദര്യം വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നു. സ്ത്രീകളുടെ വിചാരരീതിയും ജീവിതരീതിയും മാറണം. എന്നാൽ യുവാക്കന്മാർ അവരെ ബഹുമാനിക്കാൻ തുടങ്ങും.

43 ഇന്നത്തെ ഹിന്ദുമതത്തെ വിരൂപമാക്കുന്നു അയിത്താചാരം അനാരോഗ്യകരമായ ഒരു വളർച്ചയാണ്. മരവിച്ച മനഃസ്ഥിതിയേയും അന്ധമായ ഭ്രാത്മാഭിമാനത്തേയും മാത്രമാണ് അതു കാണിക്കുന്നതു്. മതത്തിന്റെയും സദാചാരത്തിന്റെയും ആന്തരാർത്ഥത്തിനു് വിരുദ്ധമാണതു്.

44 ഇന്ത്യ തത്വചിന്തകന്മാരുടെ രാജ്യമാണെന്നു പറയുന്നു. ഈ ബഹുമാനം സ്വീകരിപ്പാൻ നാം മടി കാണിച്ചിട്ടില്ല. എങ്കിലും, മറെറാരു രാജ്യക്കാരും മരണത്തിന്റെ മുമ്പാകെ നമ്മെപ്പോലെ നിസ്സഹായരാകാറില്ല. ഇന്ത്യയിൽത്തന്നെ ഈ നിസ്സഹായത ഹിന്തുക്ക

ളെപ്പോലെ മറാരും അത്ര കാണിക്കാറില്ല. സന്തോഷംകൊണ്ടു ക്രുത്തുമറിയാൻ നമുക്കു ഒററ ജനനം മതി. ആരെങ്കിലും മരിച്ചാൽ അയൽപക്കക്കാക്കുടി ഇരിക്കപ്പൊറുതിയില്ലാതെ നാം നിലവിളിച്ചു ബഹളം ക്രുട്ടും.

45 ഇന്ത്യൻ സ്ത്രീകളുടെ അഭിമാനസംരക്ഷണത്തിന്നു് ചക്ക വേണം. മില്ലുകളിൽ ജോലി ചെയ്യുന്നവക്കെല്ലാം അറിയാം എന്തെല്ലാം പ്രലോഭനങ്ങൾക്കു് സ്ത്രീകൾ വശംവദകളാകുന്നുണ്ടെന്നു്. കുടുംബത്തിൽ വെച്ചു് ചെയ്യാവുന്ന ജോലിയില്ലാത്തതുകൊണ്ടു് പല സ്ത്രീകളും റോഡുപണിക്കു പോകുന്നു. ഇതിന്റെ ക്ലേശം അറിയാവുന്നക്കു് ഇതെത്ര അപകടം പിടിച്ചതാണെന്നു് അറിയാവു. ചക്ക കൊടുക്കു. എന്നാൽ ഒരൊററ സ്ത്രീക്കും ഇങ്ങിനെ ക്ലേശിക്കേണ്ടതായി വരില്ല.

* * * *

ഒരു ഉപ വ്യവസായത്തിന്റെ നിലയിൽ ചക്ക

യിലുള്ളത്ര ഇണങ്ങാം മറെറാരു കൈത്തൊ
ഴിലിലും ഇല്ല.

* * * *

46 ഇന്ത്യയുടെ രാഷ്ട്രീയ സമ്പാദനത്തേക്കാളും, സമു
ദായത്തിൽ കടന്നു കൂടീട്ടുള്ള നാനാവിധങ്ങ
ളായ അനാചാരങ്ങളേയും അസമത്വങ്ങളേ
യും വേരോടെ പറിച്ചെറിയുക എന്നതാണു
ഞാൻ അടിയന്തരാവശ്യമായി കരുതുന്നതു.

47 ഇരുപതു കൊല്ലമായി എന്റെ രാജ്യക്കാക്കു
ഞാൻ പാടി ഉപദേശിച്ചു തുടങ്ങീട്ടു്. ജീവാ
വസാനത്തിനു് അടുത്തെത്തിയ ഘട്ടത്തിലും
അതുതന്നെ ഉപദേശിക്കുവാൻ ഞാൻ ആഗ്ര
ഹിക്കുന്നു.

* * * *

ചക്കയിൽനിന്നു വരുന്ന ഉർബലങ്ങളായ തന്തു
ക്കൾ കോടിക്കണക്കിലുള്ള ജനങ്ങളെ ക്രൂട്ടി
യിണക്കുന്ന ഒരു പൊട്ടാത്ത ചരടായിത്തീ
രുന്നു. ആ നൂൽ വെറുമൊരു വാരയാകു
മ്പോൾ നിഷ്പ്രയോജനമായിരിക്കാം; എ

ന്നാൽ, ഇഷ്ടത്തോടെ, വിവരമുള്ള കൈകൾ
ന്തുല്ക്കുന്ന കോടിക്കണക്കിലുള്ള അനവസാന
ങ്ങളായ ന്തുലുകൾ എന്തു ഭാരവും വഹിക്കു
വാൻ കെല്പിയന്ന ഒരു കയറായിത്തീരുന്നു.

48 ഇംഗ്ലീഷുകാരുടെ നിർമ്മമത അനുകരണീയമാ
ണു്. എത്ര പ്രധാനരാജ്യകാര്യമായിരുന്നാ
ലും വേണ്ടതില്ല ഭക്ഷണത്തിന്റെയും വിനോ
ദത്തിന്റെയും സമയം അവർ തെറ്റിക്കുക
യില്ല. ആസന്നമായ ആപത്തിന്റെ മുമ്പി
ൽ അവർ ഉശിരുകെട്ടവരാകുന്നില്ല. സമ
യം തെറ്റാതെ പെരുമാറൽ നേതാക്കന്മാ
ക്കും പ്രവർത്തകന്മാക്കും വലിയൊരു നേട്ടമാ
യിരിക്കും

49 ഇംഗ്ലീഷുകാർ അവരുടെ ജീവൻ പോക്കറ്റിൽ
വെച്ചുകൊണ്ടാണു് സഞ്ചരിക്കുന്നതു്. അറ
ബികളും പത്താന്മാരും മരണം വെറുമൊരു
സാധാരണ സംഭവത്തേക്കാൾ കവിഞ്ഞ എ
ന്തെങ്കിലുമായി കരുതുന്നില്ല. ബന്ധുക്കൾ

മരിച്ചാൽ അവർ വ്യസനിക്കാറില്ല. ബോ
യർ സ്ത്രീകൾക്കു ഈ ഭയം എന്താണെന്നറി
ഞ്ഞുകൂടാ. ബോയർ യുദ്ധത്തിൽ അസംഖ്യം
ബോയർ യുവതികൾ വിധവകളായിത്തീർന്നു.
അവരുടെ കാര്യമായി കരുതിയില്ല പുത്ര
നോ ഭർത്താവോ മരിച്ചാൽ സാരമില്ല; രാ
ഷ്ട്രത്തിന്റെ യശസ്സു സുരക്ഷിതമായിരുന്നാ
ൽ മതി. രാജ്യം അടിമത്തത്തിൽ ആണ്ടാ
ൽ ഭർത്താവുണ്ടായിട്ട് എന്താണു് പ്രയോജ
നം! പുത്രന്റെ നശ്വരശരീരം കൂഴിച്ചിട്ടു്
അനശ്വരസ്മരണ നിലനിർത്തുകയാണു് അ
ടിമയായി വളർത്തിക്കൊണ്ടുവരുന്നതിനേക്കാ
ൾ ഭേദം. ഇങ്ങിനെ ബോയർ സ്ത്രീകൾ
ഹൃദയം സുദൃഢമാക്കി പ്രിയപുത്രന്മാരെ
യമന്നു് കൊടുത്തു. മുകളിൽ പറഞ്ഞവർ
കൊല്ലുകയും കൊല്ലപ്പെടുകയും ചെയ്യുന്നു.
എന്നാൽ കൊല്ലാതെ മരിക്കാൻ മാത്രം
സന്നദ്ധരായവരുടെ നിലയോ? ഇവർ ലോ-

കാരാധനയ്ക്ക് പാത്രമായിത്തീരുന്നു. അവരാണ് ലോകത്തിന്റെ സത്ത്.

* * * *

രോഗം, ദേഹോപദ്രവം, മരണം, ധനനാശം, ബന്ധുനാശം, ഖ്യാതിനാശം, അന്യരുടെ അപ്രീതി ഇവയെക്കുറിച്ചു ഭയമില്ലാതിരിക്കലും അഭയത്തിൽ പെടുന്നു. മരണഭയമില്ലാത്തവൻ മറെറല്ലാ ഭയത്തിൽനിന്നും മുക്തനല്ല. പലർക്കും മരണഭയമില്ലെങ്കിലും നിസ്സാരജീവിതവ്യസനങ്ങൾ അവർക്കു സഹിക്കവയ്യ. ചിലർ മരിക്കാൻ തയ്യാറാണ്; പക്ഷേ ബന്ധുനാശം സഹിക്കാൻ വയ്യ; ചില പിശുക്കന്മാർ ഇതൊക്കെ സഹിക്കും, ജീവനും കളയും; എന്നാലും അവർക്കു ധനനാശം പൊറുത്തുകൂടാ. വേറെ ചിലർ പ്രശസ്തി നിലനിൎത്താൻ വേണ്ടി എന്തു അധമ്മങ്ങളും ചെയ്യും. വേറെ ചിലർ ലോകത്തിന്റെ ശകാരം പേടിച്ചു, തെളിഞ്ഞു കിടക്കു

ന്ന നേർവഴിയിൽനിന്ന തെറ്റിപ്പോകും. സത്യാന്വേഷകന്ന ഈ വക ഭയമൊന്നും ഉണ്ടാകാൻ പാടില്ല.

50 ഈ ഭൂമിയിൽ ആരേയും വെറുക്കാൻ എനിക്ക കഴിവില്ലെന്ന് ഞാൻ വിചാരിക്കുന്ന. ചിര കാലത്തെ പ്രാർത്ഥനാപൂർവ്വമായ ശിക്ഷണ ത്തിന്റെ ഫലമായി കഴിഞ്ഞ നാല്പതു കൊ ല്ലമായി ഞാൻ ആരേയും വെറുക്കാതെയാ യിരിക്കുന്ന. ഇതു് വലിയൊരു അവകാശ വാദമാണെന്ന് എനിക്കറിയാം. എന്നാലും സവിനയം ഞാൻ അതു കൊണ്ടുവരുന്ന. തിന്മ എവിടെ കണ്ടാലും ഞാൻ വെറുക്ക ന്നുണ്ടു്. ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പാ ക്കിയ ഭരണ സമ്പ്രദായം ഞാൻ വെറുക്കുന്ന. അയിത്തത്തെയെന്നപോലെ ചൂഷണത്തേ യും ഞാൻ വെറുക്കുന്ന. എങ്കിലും ഗർവ്വിഷ്ഠ രായ ഹിന്തുക്കളെയെന്നപോലെ ഗർവ്വിഷ്ഠരാ യ ഇംഗ്ലീഷുകാരേയും ഞാൻ വെറുക്കുന്നില്ല.

സ്നേഹംകൊണ്ടു അവരെ നേരേയാക്കുവാനാണു് ഞാൻ ശ്രമിക്കുന്നതു്. എന്റെ നിസ്സഹകരണത്തിന്റെ വേരു് വിദ്വേഷമല്ല, പ്രേമമാണു്. ആരെ വെറുക്കുന്നതിനേയും എന്റെ മതം വിരോധിക്കുന്നു. എതിരാളിയെ സ്നേഹംകൊണ്ടേ സ്വാധീനനാക്കാൻ കഴിയൂ. വിദ്വേഷം ഒരു തരം ഹിംസയാണു്. അഹിംസകന്നു് വിദ്വേഷം പുലത്താനാവില്ല.

51 ഈ ലോകത്തിൽ ഞാൻ മാനിക്കുന്ന ഏകദൃശ്യാസനൻ എന്റെ അന്തരാത്മാവിന്റെ ആഹ്വാനമാണു്.

52 ഈ ജന്മത്തിൽതന്നെ മോക്ഷം കിട്ടാൻ സാധിച്ചില്ലെങ്കിൽ അടുത്ത ജന്മത്തിൽ പറയനായി ജനിക്കേണമെന്നാണു് എന്റെ ഹൃദയാഭിലാഷം. എന്നാൽ, അവർക്കു കൂടുതൽ സംഫലമായ സേവനം നല്കുവാനും അവർക്കു

വേണ്ടി മറ്റു സമുദായങ്ങളോട് വാദിക്കുവാനും എനിക്കു സാധിക്കും.

* * * *

അനേകായിരം സംവത്സരങ്ങളിലെ മൂഢീയമായ പെരുമാറ്റവും സംസ്കാരസമ്പന്നരുമായി സംസർഗ്ഗം ചെയ്യുവാനുള്ള സൌകര്യക്കുറവും നിമിത്തം അസ്പൃശ്യരുടെ സ്ഥിതി വളരെ ദയനീയമായിത്തീർന്നിട്ടുണ്ട്. അവരുടെ അധ:പതനത്തിന്റെ അഗാധതയുടെ ആധിക്യം നിമിത്തം അവരെ മറ്റുള്ളവരുടെ നിലയിലേക്കു് ഉയർത്തിക്കൊണ്ടു വരുവാൻ സംസ്കാരസമ്പന്നരായ ഹിന്തുക്കൾ സവിശേഷം പ്രയത്നിക്കേണ്ടിയിരിക്കുന്നു. അതിനാൽ അധ:കൃതരുടേയും താണ ജാതിക്കാരുടേയും സേവനത്തിനു വേണ്ടി തങ്ങളുടെ ജീവിതത്തെ സമർപ്പിക്കുന്നതും ഈ കാര്യത്തിനായി ഉദാരമായി സാഹായ്യങ്ങൾ ചെയ്യുന്നതും ഈ യുഗത്തിൽ സംസ്കൃതഹൃദയരായ ഹിന്തുക്കൾക്ക് പരമപവിത്രമായ കർമ്മമാകുന്നു.

53 ഈശ്വരൻ കാഞ്ചിയിലോ കാശിയിലോ അല്ല; നമ്മളിൽ ഓരോരുത്തന്റെയും അകത്താണു്.

* * * *

ഈശ്വരനെ അന്വേഷിച്ചു് ആരും മലയും കുന്നും കുഴിയും തേടി നടക്കേണ്ടതില്ല. ഈശ്വരൻ ഓരോ ജീവിയുടേയും ഹൃദയത്തിലാണു് കുടികൊള്ളുന്നതു. പക്ഷെ ഈശ്വരനെ സാക്ഷാൽകരിക്കേണമെങ്കിൽ മനുഷ്യൻ ബാഹ്യവും ആഭ്യന്തരവുമായ അച്ചടക്കം തികച്ചും പാലിച്ചേ മതിയാവൂ. നമുക്കു് ഈശ്വരനുമായി ഇടപെടുന്നതിനു ഒരു പുരോഹിതന്റേയോ മതത്തിന്റേയോ സഹായം ആവശ്യമില്ല. വഴിപാടും ആരാധനയും നിവേദ്യവുമെല്ലാം ഓരോ ജീവിയും തന്നാത്താൻ കഴിച്ചാൽമതി. അവനവൻ പ്രയത്നിച്ചു് പട്ടിണികൂടാതെ സുഖമായി ഭക്ഷണം കഴിക്കുകയും മറെറല്ലാവരും അപ്രു

കാരം ചെയ്യുന്നതിനു അനുവദിക്കുകയും ചെയ്യുന്നതിനേക്കാൾ മെച്ചമായ ദൈവാരാധനയും വഴിപാടും നിവേദ്യവും ഇല്ല.

54 ഈശ്വരൻ വെക്കുന്ന കണക്കിൽ നമ്മുടെ പ്രവൃത്തികളെ മാത്രമേ കുറിച്ചിരിക്കുകയുള്ളൂ; നാം എന്താണു് വായിച്ചതെന്നും എന്താണു് പ്രസംഗിച്ചതെന്നും അതിൽ കാണുകയില്ല.

55 ഈശ്വരന്റെ നിർദ്ദേശങ്ങൾ മുറയ്ക്കനുഷ്ഠിച്ചും തിന്മയെ നിശ്ശേഷം നശിപ്പിച്ചുമുള്ള ജീവിതമാണു് പരിപൂർണ്ണമായ ആരോഗ ജീവിതം.

56 (ഈശ്വര സാന്നിദ്ധ്യം ഏറ്റവും ദരിദ്രരും എളിയവരുമായ ജനവിഭാഗത്തിലാണുള്ളതു്. ദാരിദ്ര്യപീഡിതരായവരുടെ ഇടയിൽ ഈശ്വരനെ അന്വേഷിക്കുക.)

57 ഈശ്വരശക്തിയിൽനിന്നും വേറിട്ടുനിന്നുകൊണ്ടു് യഥാർത്ഥമായ യാതൊരു പരിഷ്കാരവും വരുത്തുക സാദ്ധ്യമല്ല.

58 ഈശ്വരമാർഗ്ഗം ധീരന്മാരുള്ളതാണു്; ഭീരുവിന്നുള്ളതല്ല. വാളും തോക്കും ഉള്ളവരല്ല, അഭയമുള്ളവരാണു് ധീരന്മാർ. ഭയമുള്ളവരാണു് ആയുധങ്ങളെടുക്കുന്നതു്.

59 ഈശ്വരൻ തന്റെ ഭക്തന്മാരെ സർവ്വവിധേനയും പരിരക്ഷിക്കും. താൻ നല്കുന്ന യാതന സഹിക്കുവാനുള്ള കരുത്തും അദ്ദേഹം നൽകുന്നു.

60 ഈശ്വരൻ സേനാനിയും മാർഗ്ഗദർശകനുമാകുമ്പോൾ എവിടെയാണു് ഭയത്തിന്നവകാശം?

61 ഈശ്വരന്റെ കൈയ്യിലെ പുൽക്കൊടികൾ മാത്രമാണു് നാം. ഇഷ്ടമുള്ളേടത്തെയ്ക്കു അദ്ദേഹത്തിന്നു നമ്മെ അടിച്ചുകേറ്റാം. അദ്ദേഹത്തിന്റെ ഇഷ്ടത്തെ എതിർക്കാൻ നമുക്കു കഴിവില്ല.

62 ഈശ്വരൻ പരിപൂർണ്ണമായും നല്ലവനാണു്. അദ്ദേഹത്തിൽ തിന്മയില്ല. ഈശ്വരൻ

സ്വന്തം രൂപത്തിലാണ് മനുഷ്യനെ സൃഷ്ടിച്ചത്. നിർഭാഗ്യവശാൽ മനുഷ്യൻ ഈശ്വരനെ തന്നെപ്പോലെ ആക്കിയിരിക്കുന്നു. ഈ ഡംഭം ഹേതുവായി മനുഷ്യൻ ക്ലേശസാഗരത്തിൽപ്പെട്ടിരിക്കുന്നു.

63 ഉറച്ചുനില്പാൻ നല്ല കാലാവസ്ഥ ആവശ്യമുള്ള വിശ്വാസം വിലകെട്ട വിശ്വാസമാണ്. ഏത്ര ചീത്ത കാലാവസ്ഥയേയും തരണം ചെയ്യുന്ന വിശ്വാസമാണ് യഥാർത്ഥ വിശ്വാസം.

64 ഉദ്ദേശവും അതു സാധിക്കുവാനുള്ള മാർഗ്ഗവും തമ്മിൽ യാതൊരു ഭേദവുമില്ല. രണ്ടിനും ശുദ്ധിയുണ്ടായിരിക്കണം.

65 (എന്നെ സ്നേഹിക്കുന്നതിനുള്ള ഏറ്റവും ശരിയായ വഴി എന്റെ പ്രവൃത്തികളിൽ അനുകരണാർഹമാണെന്നു തോന്നുന്നവയെ പകർത്തുകയാണ്.) അവ പിന്തുടരുക എന്നതിൽകവിഞ്ഞു ഒരു പ്രശംസ നല്കാനില്ല.

66 എന്നിൽമാത്രം ഐശ്വരമായി എന്തെങ്കിലും ഉണ്ടെന്നു ഞാൻ അവകാശപ്പെടുന്നില്ല. പ്രവാചകത്വം ഞാൻ അവകാശപ്പെടുന്നില്ല. സത്യം കാണാൻ ഉറച്ച ഒരു സത്യാന്വേഷകൻ മാത്രമാണു് ഞാൻ.

*　　*　　*　　*

എനിക്കു് അത്ഭുതങ്ങൾ കാണിപ്പാൻ കഴിയുമെന്നു് ചിലർ വിചാരിക്കുന്നു. അത്തരം കഴിവൊന്നും എനിക്കില്ല. എനിക്കുള്ള കഴിവു് ഈശ്വരനിൽനിന്നു കിട്ടിയവയാണു്. അഹിംസാത്മകം കോൺഗ്രസ്സു് മുഖേന എന്നെ പ്രവർത്തിപ്പിക്കുന്നു. എന്റെ പ്രശസ്തി മുഴുവൻ കോൺഗ്രസ്സിൽനിന്നു കിട്ടിയതാണു്. കോൺഗ്രസ്സിനു പ്രശസ്തി കിട്ടുന്നതു് അതിന്റെ തത്വങ്ങളിൽനിന്നാണു്. കോൺഗ്രസ്സുകാർ സത്യവും അഹിംസയും നിഷേധിച്ചാൽ അതിന്റെ പ്രശസ്തി നശിക്കും.

67 എന്നിൽ അഹങ്കാരമില്ലെന്നു ഞാൻ വിചാരിക്കുന്നു. എന്റെ ദൌർബ്ബല്യങ്ങൾ എനിക്കറിയാം. എന്നാൽ, ദൈവത്തിലും അവന്റെ ശക്തിയിലും പ്രേമത്തിലും എനിക്കുള്ള വിശ്വാസം അചഞ്ചലമാണ്. കുംഭകാരന്റെ കയ്യിലെ കളിമണ്ണുപോലെയാണു് ഞാൻ.

68 എന്റെ മോഹം ഇന്ത്യയുടെ സ്വാതന്ത്ര്യത്തേക്കാൾ വളരെ ഉയർന്നതാണ്. ഇന്ത്യയുടെ മോചനംകൊണ്ടു പാശ്ചാത്യരുടെ ചൂഷണത്തിൽപ്പെട്ട എല്ലാ ദുർബ്ബലരാഷ്ട്രങ്ങളേയും മോചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

69 എന്റെ അഹിംസ ഏറ്റവും ക്രിയാത്മകമായ ഒരു ശക്തിയാണ്. ഭീരുത്വത്തിനോ ദൌർബ്ബല്യത്തിനോ അതിൽ സ്ഥാനമില്ല. ഹിംസാലുവായ ഒരാൾ ഒരു കാലത്തു് അഹിംസാലുവായി എന്നുവരാം. എന്നാൽ ഒരു ഭീരു വിനെപ്പറ്റി ആ പ്രത്യാശയ്ക്കു് വഴിയില്ല.

* * * *

എന്റെ ജീവിതം വിട്ടുവീഴ്ചകൾ കൊണ്ടുണ്ടാക്കിയതാണ്. പക്ഷെ, അവയെല്ലാം എന്നെ ലക്ഷ്യത്തോടു കൂടുതൽ അടുപ്പിച്ച വിട്ടുവീഴ്ചകളായിരുന്നു. വിട്ടുവീഴ്ചകളുടെ അർത്ഥം കൊടുക്കുക, എടുക്കുക എന്നാണ്. മൌലികതത്വങ്ങളെ സംബന്ധിച്ചു ഇതു സാദ്ധ്യമല്ല. മൌലികതത്വങ്ങളിൽ വിട്ടുവീഴ്ചയെന്നുവെച്ചാൽ കീഴടങ്ങുക എന്നാണർത്ഥം. അതിൽ കൊടുക്കലേയുള്ളൂ, എടുക്കലില്ല.

70 എന്റെ കുട്ടിയെ വിഷപ്പുട്ടി കടിക്കുകയും അവന്റെ യാതനയ്ക്കു അറുതിവരുത്തുവാൻ വഴിയില്ലെന്നു തെളിയുകയും ചെയ്താൽ അവന്റെ ജീവനൊടുക്കേണ്ടതു് എന്റെ കടമയായി ഞാൻ കരുതും. വിധിയിൽ വിശ്വസിക്കുന്നതിനു ചില അതിർത്തികളുണ്ടു്. എല്ലാ ഉപായവും വിഫലമായാലാണു് കാര്യങ്ങൾ വിധിക്കു് വിട്ടുകൊടുക്കുക. ഉപായങ്ങളിൽ ഒന്നു, രോഗം പിടിച്ച കുട്ടിയുടെ

യാതന അവസാനിപ്പിക്കുവാനുള്ള ഒരു വഴി, അവന്റെ ജീവൻ ഒടുക്കുകയാണ്.

71 എന്റെ ആണത്തം വിറ്റ് രക്ഷ വാങ്ങുന്നതിനെക്കാൾ, എന്നോടും എന്റെ സ്വപ്നസ്വപ്നവും നശിപ്പിക്കുന്നതാണ് ഞാൻ കൂടുതൽ ഇഷ്ടപ്പെടുക. നമ്മുടെ നിസ്സഹായതാബോധത്തിന്റെ കാരണം ഈശ്വരനെ പാടേ മറന്നതാണ്. നാം അനുഭവത്തിൽ നിരീശ്വരവാദികളായിത്തീർന്നിരിക്കുന്നു. ആത്മരക്ഷയ്ക്ക് കമ്മ്യൂണിസത്തെന്നെ ആശ്രയിക്കേണമെന്നു് അതിനാൽ നാം വിശ്വസിക്കുന്നു.

72 എന്റെ ലക്ഷ്യവും സാക്ഷാൽ കമ്മ്യൂണിസ്റ്റ്-സോഷ്യലിസ്റ്റ് ലക്ഷ്യങ്ങളും തമ്മിൽ ഒരു വ്യത്യാസവുമില്ല. പക്ഷെ, ലക്ഷ്യം പ്രാപിക്കാൻ കൈക്കൊള്ളുന്ന മാർഗ്ഗത്തെ സംബന്ധിച്ചു മാത്രമേ വ്യത്യാസമുള്ളൂ.

* * * *

സോഷ്യലിസം സ്ഫടികംപോലെ തെളിഞ്ഞതാണ്. അതുകൊണ്ടു അതുനേടുവാൻ സ്ഫടികതുല്യമായ ഉപാധികൾ ഉപയോഗിക്കണം. അശുദ്ധമായ ഉപാധികൾ അശുദ്ധമായ ഫലങ്ങളാണുണ്ടാക്കുക.

73 എന്റെ ധാരണയിലുള്ള ഹിന്തുമതം സങ്കുചിതമായ ഒരു വിശ്വാസമല്ല. ക്രമേണ വളർന്നുവരുന്ന മഹനീയമായ ഒരു പ്രസ്ഥാനമാണത്. സൊരോസ്റ്റർ, മോശേ, കൃസ്തു, മുഹമ്മദ്, നാനാക്ക് മുതലായ പലരുടേയും ഉപദേശങ്ങൾ അതിൽ ഉൾപ്പെട്ടുന്നു.

74 എന്റെ മനഃശാന്തി പല സുഹൃത്തുക്കൾക്കും അസൂയാവഹമാണ്. പ്രലോഭനങ്ങളോട് പടവെട്ടാൻ ശക്തിതന്നു ഈശ്വരനിൽനിന്നാണ് അതു വരുന്നതു്.

75 എന്റെ വീട്ടിന്നുചുറും മതിൽകെട്ടുകയും എന്റെ ജനവാതിലുകൾ അടക്കുകയും ചെയ്യുക

എനിക്കിഷ്ടമല്ല. നാനാനാട്ടുകളുടേയും സംസ്കാരം നിർബ്ബാധം എന്റെ ഗൃഹപരിസരങ്ങളിൽ ആഞ്ഞടിക്കുകയാണ് എനിക്ക് വേണ്ടത്. കാരാഗൃഹത്തിന്റെ മതമല്ല എന്റേതു്. വംശത്തേയൊ മതത്തേയൊ നിറത്തേയൊ ആശ്രയിച്ചുനില്ക്കുന്ന അഹങ്കാരത്തിന്നും ധിക്കാരത്തിന്നും എന്റെ മതത്തിൽ സ്ഥാനമില്ല.

76 എന്റെ ഏറ്റവും വലിയ ശുഭപ്രതീക്ഷയുടേയും സംതൃപ്തിയുടേയും ആസ്പദം ആത്മവിശ്വാസവും ഈശ്വരവിശ്വാസവുമാണ്.

77 എന്റെ അഭിപ്രായത്തിൽ മനുഷ്യന്റെ താഴെയുള്ള ജീവികളിൽവെച്ചു ഏറ്റവും വിശ്വസ്തി പശുവിന്നാണ്. ജീവനുള്ളതിൽവെച്ചു മികച്ചുനില്ക്കുന്ന മനുഷ്യനോടു അതു കെഞ്ചുന്നു, "എല്ലാ മനുഷ്യേതര ജീവികളോടും നീതി കാണിക്കേണമേ" എന്നു. കണ്ണുകൾകൊണ്ടു അതു നമ്മോടു ഇപ്രകാരം

പറയുന്നുണ്ടോ എന്നു തോന്നും, "ഞങ്ങളെ കൊന്നതിന്നാണും ഉപദ്രവിക്കാനുമല്ല, സ്നേഹിക്കാനും രക്ഷിക്കാനുമാണ് നിങ്ങളെ സൃഷ്ടിച്ചിട്ടുള്ളത്."

78 എന്റെ മതത്തിനു ഭൂമിശാസ്ത്രപരമായ അതിർത്തിയില്ല. എനിക്കതിൽ സജീവമായ വിശ്വാസമുണ്ടെങ്കിൽ അതു് ഇന്ത്യയോടുള്ള എന്റെ സ്നേഹത്തേയും അതിവർത്തിക്കും.

* * * *

ഓരോ മതത്തേയും അതിന്റെ അനുയായികളുടെ ദൃഷ്ടിയിൽക്കൂടി വേണം നോക്കുക. ഞാൻ സ്വപ്നം കാണുന്ന ഇന്ത്യയിൽ ഹിന്തുമതം മാത്രമോ കൃസ്തുമതം മാത്രമോ ഇസ്ലാം മതം മാത്രമോ ആയിരിക്കയില്ല; പൂർണ്ണമായ സഹിഷ്ണുതയോടെ സർവ്വമതങ്ങളും അന്യോന്യം സഹകരിച്ചുകൊണ്ടു സഹവർത്തിക്കുന്നതായിരിക്കും.

79 എത്രതന്നെ വിലപ്പെട്ടതെങ്കിലും മനുഷ്യ ജീവനെ രക്ഷിക്കാൻവേണ്ടി ഞാൻ പശുവിനെ കൊല്ലുകയില്ല. ഇതുപോലെതന്നെ പശുവിനെ രക്ഷിക്കാൻവേണ്ടി മനുഷ്യനേയും കൊല്ലുകയില്ല.

80 എത്ര പാണ്ഡിത്യമുള്ളവനായാലും അയാളുടെ അറിവും ജീവിതവും തമ്മിൽ പൊരുത്തമില്ലാതിരിക്കുന്ന കാലത്തോളം അയാൾക്ക് സംസ്കാരമുണ്ടെന്ന് പറഞ്ഞുകൂടാ.

81 എല്ലാ കലകളും ആത്മസാക്ഷാല്കാരത്തിനു സഹായിക്കണം. എന്നെ സംബന്ധിച്ചു പറയുകയാണെങ്കിൽ എനിക്ക് ബാഹ്യമായ രൂപങ്ങൾ ആവശ്യമില്ല.

82 എല്ലാ മതങ്ങളേയും ഞാൻ സമബുദ്ധിയോടുകൂടി വീക്ഷിക്കുന്നു. എന്തെന്നാൽ, അവയുടെയെല്ലാം സാരം സമാനമാണ്.

* * * *

മതംമാറ്റം ഇന്ത്യയിൽ ആവശ്യമില്ല. ആത്മ ശുദ്ധിയെന്ന അർത്ഥത്തിലുള്ള മതംമാറ്റ മാണ് ഇന്നാവശ്യം. നമുക്ക ഇവിടെ മതം മാറ്റാൻ ശ്രമിക്കുന്നവരോട് ഇങ്ങിനെ പറയാം, "വൈദ്യാ, താങ്കളുടെ രോഗംതന്നെ മാറ്റിയാലും."

83 എല്ലാ പ്രതിബന്ധങ്ങളോടും പരിമിതികളോടുംകൂടി പരിശുദ്ധമായ ജീവിതം നയിക്കുവാൻ ശ്രമിക്കുകയാണ്, വെറുതെ ജ്ഞാനം സമ്പാദിക്കുവാൻ ശ്രമിക്കയെക്കാൾ ഉത്തമം. ദിവസേന ഓരോ ഇഴയായി ഗ്രഹിച്ച തത്വങ്ങൾ ജീവിതത്തിൽ നെയ്തുചേർക്കുന്നതുവരെ യഥാർത്ഥജ്ഞാനം നേടാൻ കഴികയില്ല.

84 എല്ലാവരും സ്വധർമ്മമനുഷ്ഠിച്ചാൽ അവകാശങ്ങളെ അന്വേഷിച്ചുപോകേണ്ടതായി വരികയില്ല. ചുമതല നിർവ്വഹിക്കാതെ അവകാശങ്ങളുടെ പിന്നാലെ പോകുന്നതു മരുമരീ

ചികയെ തേടുന്നതുപോലെയാണ്. എത്ര അധികം തേടുന്നുവോ അത്ര അധികം അതു അകന്നുപോകും. "കർമ്മണ്യേവാധികാരസ്തേ" എന്ന ഗീതോപദേശത്തിന്റെ അർത്ഥവും ഇതുതന്നെയാണ്. കർമ്മം ധർമ്മമാണ്; ഫലം അവകാശമാണ്.

85 എവിടെ വിചാരം മഹത്തും സംശുദ്ധവുമാണോ അവിടെ ഫലവും അങ്ങിനെതന്നെയായിരിക്കും. ഉൽകൃഷ്ടാദർശമാകുന്ന ഒരു കവചം നിങ്ങൾക്കുണ്ടായാൽ പ്രലോഭനങ്ങൾ നിങ്ങളെ ദ്രോഹിക്കുകയില്ല; അശുദ്ധി നിങ്ങളെ സ്പർശിക്കുകയില്ല.

* * * *

നാം ആദർശങ്ങളെ ഭയപ്പെടേണ്ടതില്ല. അവ തികച്ചും എന്നാണ് അനുഷ്ഠിക്കാറാവുക എന്നതിനെക്കുറിച്ചും ഭയപ്പെടേണ്ടതില്ല. പ്രതിജ്ഞ ചെയ്കയെന്നുവെച്ചാൽ ആദ്യം

മുതല്ക്കേ അതനുസരിച്ചു മുഴുവൻ പ്രവർത്തിക്കുന്ന എന്നാത്മമില്ല; ത്രിവിധകരണങ്ങളും കൊണ്ടു് ആവുന്നതും പ്രയത്നിക്കുകയെന്നേ അർത്ഥമുള്ളൂ. വല്ലതുംകാട്ടി പരവഞ്ചന ചെയ്യരുതു്.

86 എവിടെ സത്യമുണ്ടോ അവിടെ സത്യമായ അറിവുണ്ടു്. സത്യമില്ലാതേടത്തു് യഥാർത്ഥ ജ്ഞാനമുണ്ടാകയില്ല. എവിടെ യഥാർത്ഥ ജ്ഞാനമുണ്ടോ അവിടെ ആനന്ദമുണ്ടു്. അവിടെ ദുഃഖത്തിനു് സ്ഥാനമില്ല. സത്യം ശാശ്വതമാണു്; അതുപോലെ അതിൽ നിന്നുണ്ടാകുന്ന ആനന്ദവും ശാശ്വതമാണു്.

87 എവിടെ സത്യം വാഴുന്നുവോ അവിടെ വിജയം അകമ്പടി സേവിക്കുന്നു.

88 ഏതു കാലാവസ്ഥയിലും മനുഷ്യനു് മാംസഭക്ഷണം ആവശ്യമാണെന്നു് ഞാൻ വിചാരിക്കുന്നില്ല. മാംസഭക്ഷണം തീരെ മനുഷ്യനു്

പറഞ്ഞിയതല്ല. എങ്കിലും, സ്വഭാവശുദ്ധീകരണത്തിലൊ ഇന്ദ്രിയനിഗ്രഹത്തിലൊ ഭക്ഷണത്തിന്നു് അമിതമായ പ്രാധാന്യം നൽകുന്നതു തെറ്റാണു്.

89 ഏതു ധർമ്മനിർവ്വഹണമൊന്നിച്ചും ചില അവകാശങ്ങളുണ്ടു്. ഏതു അവകാശത്തിന്റെയും മുമ്പിൽ ചുമതലയുണ്ടായിരിക്കണം. ഈ ചക്രം അവസാനിക്കാതെ ഇങ്ങിനെ തിരിഞ്ഞുകൊണ്ടിരിക്കുകയാണു്.

90 ഏതു വൻകാര്യത്തിലും ആളുകളുടെ എണ്ണമല്ല, ഗുണമാണു് അവസാനം വിജയഹേതുവാകുന്നതു്. ലോകത്തിലെ മഹാത്മാക്കളെല്ലാം ഒറയ്ക്കു നിന്നു പൊരുതീട്ടുള്ളവരാണു്. സോക്രാറ്റീസ്, ബുദ്ധൻ, മുഹമ്മദ്, യേശു ഇവരുടെയെല്ലാം ചരിത്രം നോക്കുക. അവക്കൊക്കെ ആത്മവിശ്വാസവും ഈശ്വരവിശ്വാസവും ഉണ്ടായിരുന്നു. ഈശ്വരൻ തങ്ങളുടെ

ഭാഗത്താണെന്നു് അറിയുകയാൽ തങ്ങൾ ഒറപ്പെട്ടവരാണെന്നു തോന്നൽ അവക്കുണ്ടായിരുന്നില്ല.

91 ഏതൊരിന്ത്യയിൽ ഏതു ദരിദ്രനും അതു തന്റെ രാജ്യമാണെന്നു ബോധമുണ്ടാകുമോ, ഏതിന്റെ നിർമ്മാണത്തിൽ അവക്കു് ഫലപ്രദമായ ഒരു പങ്കുണ്ടാകുമോ, ഏതൊന്നിൽ ജനങ്ങളുടെ ഇടയിൽ ഉയർന്നവനെന്നും എളിയവനെന്നുമുള്ള ഭേദം ഉണ്ടാവുകയില്ലയോ, ഏതൊന്നിൽ എല്ലാ സമുദായങ്ങളും പൂർണ്ണമായ സൌഹാർദ്ദത്തോടുകൂടി അധിവസിക്കുമോ...അങ്ങിനെയുള്ള ഒരിന്ത്യയ്ക്കുവേണ്ടി ഞാൻ പ്രയത്നിക്കുന്നു. അതാണു് ഞാൻ സ്വപ്നംകാണുന്ന ഇന്ത്യ.

*　　*　　*　　*

അനശ്വരമായ സ്വർഗ്ഗസാമ്രാജ്യം, അഥവാ മോക്ഷം–അതാണു് എന്റെ അഭിലാഷങ്ങളുടെ ലക്ഷ്യം. എന്നെസംബന്ധിച്ചേടത്തോളം,

മോക്ഷപദമെന്നതു് എന്റെ രാജ്യത്തിന്നും തദ്വാരാ മനുഷ്യസമുദായത്തിന്നും വേണ്ടിയുള്ള നിരന്തരസേവനമാകുന്നു. സമസ്ത ജീവജാലങ്ങളുമായുള്ള അഖണ്ഡബന്ധത്തിന്റെ അനുഭൂതിയുണ്ടാകുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഗീതയുടെ ഭാഷയിൽ പറയുകയാണെങ്കിൽ, ശത്രുക്കളും മിത്രങ്ങളുമൊന്നിച്ചു് സമാധാനപൂർണ്ണമായി ജീവിതം നയിക്കുവാൻ ഞാൻ അഭിലഷിക്കുന്നു. ഒരു മുഹമ്മദീയനൊ ക്രൈസ്തവനിയൊ ഹിന്തുവൊ എന്നെ വെറുക്കുകയും അവഹേളിക്കുകയും ചെയ്യുകയാണെങ്കിൽതന്നെയും അയാളെ സ്നേഹിക്കുന്നതിന്നും സേവിക്കുന്നതിന്നും ഞാൻ ശ്രമിക്കും. അതിനാൽ ശാശ്വതമായ സ്വാതന്ത്ര്യത്തിലേക്കും സമാധാനത്തിലേക്കുമുള്ള യാത്രയിലെ ഒരു ഘട്ടമാണ് എന്റെ ദേശാഭിമാനം.

92 ഒരാൾ ചെയ്യുന്ന സൽപ്രവൃത്തികളെപ്പറ്റി പറയാതിരിക്കുന്നതാണു് അധികപക്ഷവും നല്ലതു്. അനുകരണമാണു് ആത്മാർത്ഥമായ പ്രശംസ. ഈ വസ്തുത ഞാൻ എന്റെ എല്ലാ സ്തുതിപാഠകന്മാരുടേയും മുമ്പിൽവെക്കുന്നു. എന്റെ നുൽനൂല്പാണ് അവർ ഇഷ്ടപ്പെടുന്നുവെങ്കിൽ അവരും അതു ചെയ്തു എന്നെ പ്രശംസിക്കേണ്ടതാണു്. എന്റെ കൃത്യതയാണു് അവർ വിലവെക്കുന്നുവെങ്കിൽ അവരും കൃത്യനിഷ്ഠരായി എന്നെ ബഹുമാനിക്കട്ടെ. എന്റെ സത്യാഗ്രഹവും അഹിംസയുമാണു് അവർ വിലമതിക്കുന്നുവെങ്കിൽ അതു അവർ അവരുടെ ജീവിതചര്യയിൽ കാണിക്കട്ടെ.

93 (ഒരുകാലത്തു് ഈശ്വരന്മാരെ തൃപ്തിപ്പെടുത്താൻ മനുഷ്യൻ മൃഗബലി നടത്തി. ബലിയപ്പിക്കേണ്ടതു് മനുഷ്യമനസ്സിലെ മൃഗങ്ങളെയാണെന്നു് പിന്നീടു് അവൻ പഠിച്ചു.)

94 ഒരു നല്ല തത്വം പറയുക വളരെ എളുപ്പമാണ്. കലഹവും കുഴപ്പവും കലാപവും നിറഞ്ഞ ഈ ലോകത്തിൽ അതു മനസ്സിലാക്കുകയും അതനുസരിക്കുകയും ചെയ്യുക ഓരോ ദിവസം കഴിയുംതോറും അധികമധികം ദുഷ്കരമാണെന്ന് എനിക്കറിയാം. എങ്കിലും ഇതില്ലാത്ത ജീവിതം ജീവിക്കാൻ കൊള്ളാത്തതെന്ന ബോധവും ദിവസേന വളർന്നുവരികയാണു്.

95 ഒരു പാമ്പിന്റെ ജീവൻകളഞ്ഞു എന്റെ ജീവൻ രക്ഷിക്കേണമെന്ന വിചാരം എനിക്കില്ല. അതിനെ കൊല്ലുന്നതിനുപകരം എന്നെ കടിക്കുവാനനുവദിക്കുകയാണു് ഞാൻ ചെയ്യുക. നമ്മിലുള്ള വിഷമയവും ദുഷ്ടവും, മലിനവുമായ വിചാരങ്ങൾക്കു് ഈശ്വരൻ തരുന്ന പ്രതിഫലങ്ങളാണു് പാമ്പു്, തേരി മുതലായവ. ലോകത്തിൽ വിഷജന്തുക്കൾ ഇല്ലാതാകേണമെന്നു് ഞാൻ ആഗ്രഹിക്കുന്നു

ണ്ടെങ്കിൽ ആത്മാവ് എന്റെ അകത്തുനിന്നു വിഷചിന്തകൾ ഞാൻ വെടിയണം.

* * * *

പരീക്ഷണത്തിനുവേണ്ടി ജന്തുക്കളെ കൊത്തിനുറുക്കുന്നതിനെപ്പറ്റി എനിക്ക് ആലോചിക്കാനേ വയ്യ. എന്നോടു ഞാൻ കാണിക്കാത്ത ക്രൂരത ജന്തുക്കളോടു ഞാൻ എന്തിനു കാട്ടുന്നു?

96 (ഒരു മതവും പരിപൂർണ്ണമല്ല. ഓരോ മതവും അതാതിൽ വിശ്വസിക്കുന്നവർക്ക് പ്രിയപ്പെട്ടതാണ്. അതിനാൽ മതാനുയായികൾ തമ്മിൽ സ്പർദ്ധയല്ല, സൌഹാർദ്ദപൂർവ്വമായ സമ്പർക്കമാണ് വേണ്ടത്. നമ്മുടെ ന്യൂനതകൾ പരിഹരിപ്പാൻ അതുകൊണ്ടു സാധിക്കും.)

97 (ഒരു വിദ്യാർത്ഥിക്ക് സുഖഭോഗങ്ങളിൽ മുഴുകി ജീവിക്കുവാൻ അധികാരമില്ല. എല്ലാ കാര്യ

ങ്ങളിലും ആത്മനിയന്ത്രണപാടവം വള
ർത്തുകയാണ് വിദ്യാർത്ഥിജീവിതത്തിന്റെ
ഉദ്ദേശ്യം.

* * * *

നമ്മുടെ വിദ്യാർത്ഥികൾ നിസ്സാരസംഗതിക്കു
പരിഭ്രമിച്ചുപോകുന്നവരാണു്. പരീക്ഷയി
ൽ തോറ്റാൽ അവർ നിരാശരായി. പരാ
ജയത്തിന്റെ മുമ്പിൽ പ്രയത്നിക്കുവാൻ
ഗീത ഉപദേശിക്കുന്നു. കർമ്മത്തിനേ നമുക്കു
അധികാരമുള്ളുവെന്നും ഫലത്തിനധികാര
മില്ലെന്നും വിജയവും പരാജയവും അടിയിൽ
ഒന്നുതന്നെയാണെന്നും ഗീത പറയുന്നു. ത്രി
വിധകരണങ്ങൾകൊണ്ടും കർമ്മം ചെയ്യുവാൻ
അതു നമ്മെ ശാസിക്കുന്നു.

98 ഒരു ലേഖനത്തിൽ ഞാനൊരു ഈശ്വരദ്വേ
ഷിയാണെന്നു പറയുന്നു. മാത്രമല്ല, ഈശ്വര
നിൽനിന്നു സവിശേഷമായ വല്ല വെളിച്ച

പ്പാട്ടം എനിക്കുണ്ടായിട്ടുണ്ടോ എന്നും ചോദിച്ചിരിക്കുന്നു. ഈ ആക്ഷേപം ഞാൻ നിഷേധിക്കുന്നു. ഏതു് നല്ല ഹിന്ദുവിനെപ്പോലെയും ഞാൻ പ്രാർത്ഥിക്കുന്നുണ്ടു്. (ഭയം വെടിഞ്ഞു സത്യം മാത്രം അന്വേഷിക്കാൻ തുടങ്ങിയാൽ നമുക്കെല്ലാം ഈശ്വരദൂതന്മാരാകാമെന്നു ഞാൻ വിശ്വസിക്കുന്നു.)

99 ഒരു വിദേശഭാഷയിൽക്കൂടിവേണം വിദ്യാഭ്യാസമെന്ന നശീകരണമായ നിർബ്ബന്ധം വിദേശഭരണംകൊണ്ടുണ്ടായ ദോഷങ്ങളിൽവെച്ചു ഏറ്റവും ദുഷിച്ചതാണെന്നു ചരിത്രം രേഖപ്പെടുത്തുന്നതായിരിക്കും.

100 കഠിനമായ വിശപ്പിന്റെ പീഡകൊണ്ടു് എരിപൊരികൊള്ളുന്ന ഒരുവന്നു-ഒരു വയർ ചോറു കിട്ടിയാൽ മാത്രം മതിയായിരുന്നുവെന്നു സദാപി ആശിച്ചുകൊണ്ടിരിക്കുന്ന ഒരുവന്നു്—വാസ്തവത്തിൽ അവന്റെ ഉദരമേ ദൈവമായിട്ടുള്ളൂ.

101 കമ്മത്തിലും കമ്മത്തിലൂടെയുമാണ് യഥാർത്ഥത്തിൽ നാം ജീവിക്കുന്നത്. ശരീരത്തെ താല്ക്കാലികോപകരണം മാത്രമായി കരുതാതെ, ശരീരമാണ് നാമെന്നു വിശ്വസിച്ചാൽ നശ്വരശരീരങ്ങളിലൂടെ നാം നശിച്ചുപോകുന്നു.

102 കലാലയങ്ങൾ അധമമോ അശുദ്ധമോ ആയ യാതൊന്നും ഉണ്ടാവാൻ പാടില്ലാത്ത പുണ്യസ്ഥലങ്ങളാണ്. സ്വഭാവശുദ്ധിയുള്ള വ്യക്തികളെ നിർമ്മിക്കേണ്ടുന്ന ശാലകളാണവ.

103 കാമം, ദ്വേഷം മുതലായവ ശരീരരോഗങ്ങളെക്കാൾ വലിയ രോഗങ്ങളാണ്. രാമനാമമല്ലാതെ അവയ്ക്കു വേറെ ചികിത്സയില്ല.

104 കാമക്രോധാദി വികാരങ്ങളാണ് നമ്മുടെ യഥാർത്ഥ ശത്രുക്കൾ. അവയോടു എന്നും നാം സമരം ചെയ്തുകൊണ്ടിരിക്കണം. ഈ യുദ്ധമാണ് മഹാഭാരതത്തിലെ ഇതിവൃത്തം.

105 കാമ്യമായ ഏകസ്വാതന്ത്ര്യം നമുക്കു നല്കുവാൻ ഈശ്വരൻ ആവശ്യപ്പെടുന്ന വില നമ്മുടെ പരിപൂർണ്ണമായ കീഴടങ്ങലാണ്. ഈ നിലയിലെത്തിയാൽ മനുഷ്യൻ സർവ്വ ചരാചരങ്ങളുടേയും സേവനത്തിൽ ലയിക്കുന്നു. അവന്റെ പരമാനന്ദവും വിനോദവും അതായിത്തീരുന്നു.

106 കുടുംബരക്ഷയ്ക്കുവേണ്ടി തോക്കെടുക്കുവാൻ സ്ത്രീയെ പ്രേരിപ്പിക്കുന്നതു പുരുഷനും സ്ത്രീക്കും അനർത്ഥകരമാണ്. അതു അപരിഷ്കാരലക്ഷണവും നാശത്തിന്റെ ആരംഭവുമാണ്.

107 കുടുംബംവിട്ട് ലോകം ചുറ്റിസഞ്ചരിച്ച് അയൽവാസികളല്ലാത്തവരേയും സേവിക്കുന്ന ചില നല്ല ആളുകളെ നാം കാണുന്നു. അതു തെറ്റല്ല; അവരുടെ പ്രവൃത്തി സ്വദേശിധർമ്മത്തിനു് വിരുദ്ധവുമല്ല. അവർക്ക് സേവനത്തിനു് കൂടുതൽ കഴിവുണ്ടെന്നുമാത്രം.

ഒരുത്തന്നു് അടുത്തവീട്ടിൽ താമസിക്കുന്നവൻമാത്രം അയൽവാസിയാണു്. രണ്ടാമതൊരാൾക്കു് തന്റെ ഗ്രാമം മുഴുവനും അയൽപക്കമാണു്. മൂന്നാമതൊരുത്തന്നു് അടുത്തപത്തു ഗ്രാമങ്ങളും അയൽപക്കമാണു്. ഇങ്ങിനെ ഓരോരുത്തനും സ്വന്തം കഴിവിന്നനുസരിച്ചു സേവനംചെയ്യുന്നു.

108 കുട്ടികളും വേണമെന്ന ആഗ്രഹം സാർവ്വത്രികമാണു്. സന്താനത്തിലൂടെ തന്നെത്താൻ നിലനിന്നുകാണണമെന്നല്ല ആഗ്രഹമെങ്കിൽ വേറെ വിശ്വസിക്കാവുന്ന കാരണമൊന്നും കാണുന്നില്ല. എങ്ങിനെയായാലും ആ ആഗ്രഹമുണ്ടു്. അതു പ്രകൃതിദത്തമാണെന്നതോന്നുന്നു. എന്നിലുള്ള ഏറ്റവും നല്ല അംശങ്ങളെല്ലാം നിലനിർത്തണമെന്നു് ഞാൻ ആഗ്രഹിക്കുന്നതു തെറ്റല്ല. പക്ഷെ, സന്താനാഭിലാഷമുണ്ടെങ്കിലേ സംയോഗമാകാവൂ. സ്മൃതികർത്താക്കൾക്കു് ഇതിനെക്കുറിച്ചു

സംശയമുണ്ടായിരുന്നില്ല. മനു പ്രഥമസന്താ
നത്തെമാത്രം ധർമ്മജനെന്നു വിളിക്കുന്നു; മറ്റു
ള്ളവരെ കാമജന്മാരെന്നാണ് വിളിക്കുന്നതു്.

* * * *

ഇതരപ്രാണികളെ അപേക്ഷിച്ചു മനുഷ്യൻ
ആഹാരവിഹാരാദികളിൽ അധികം സ്വാ
തന്ത്ര്യം അനുഭവിക്കുന്നുണ്ടു്. അതുനിമിത്തം
അവൻ എല്ലാ ഇന്ദ്രിയങ്ങളുടേയും ഭോഗശീ
ലത്തെ വർദ്ധിപ്പിച്ചിട്ടുമുണ്ടു്. ഇതിന്റെ
പരിണാമമായി അവനിൽ കാമാവേശം
കൊല്ലത്തിൽ ഏതാനും ചിലദിവസങ്ങളിൽ
മാത്രം ഉണ്ടാവുകയല്ല; അവൻ അതിനെ
നിരന്തരം പോഷിപ്പിച്ചുകൊണ്ടു വരികയാ
ണു് ചെയ്യുന്നതു്.

109 കുട്ടികളോടു സ്നേഹമുണ്ടെങ്കിൽ അവരുടെ ശ
രീരവും മനസ്സും ആത്മാവും നന്നാവാനുള്ള
വഴികളാണു് നോക്കേണ്ടതു്. കുട്ടികളെ
ലാളിച്ചാൽമാത്രം പോര. കുടുംബാഭിമാനം

മുതലായ നിസ്സാരകാര്യങ്ങളെല്ലാം വലിച്ചെ
റിഞ്ഞു, ബാല്യവിവാഹം മുതലായ ഹൃദയ
ശൂന്യങ്ങളായ സമ്പ്രദായങ്ങൾ നിർത്തണം.

110 കുട്ടികളൊ യുവാക്കളൊ വൃദ്ധരൊ മരിക്ക
മ്പോൾ നാം പരിഭ്രമിക്കുന്നതെന്തിനാണ്? ആരെങ്കിലും ജനിക്കുകയൊ മരിക്കുകയൊ ചെയ്യാതെ ലോകത്തിൽ ഒരൊറ നിമിഷം പോലും കഴിഞ്ഞുപോകുന്നില്ല. ജനനത്തിൽ സന്തോഷിക്കുകയും മരണത്തിൽ ദുഃഖിക്കുക യും ചെയ്യുന്നതിന്റെ അർത്ഥശൂന്യത നാം മനസ്സിലാക്കണം. ആത്മാവിൽ വിശ്വസി ക്കുന്നവർക്കറിയാം അതിന്നു് നാശമില്ലെന്നു്.

111 കുറച്ചുപേരുടെ സത്യത്തിന്നു് വിലയുണ്ടു്. ലക്ഷാപലക്ഷം പേരുടെയായാലും, അസ ത്യം കാറ്റിൽ പതിരെന്നോണം തിരോഭ വിക്കാതിരിക്കില്ല.

112 കുറവും കുറവുമില്ലാത്ത ഒരു ജീവിയുമില്ല; ഏതെങ്കിലും ചില ഗുണങ്ങൾ ഇല്ലാത്തവരു

മില്ല. അരയന്നം ഏതുനിലയിൽ പാലിൽ നിന്നു വെള്ളംനീക്കി പാൽ മാത്രം എടുക്കുന്നുവോ അതുപോലെ നാം അന്യരിലുള്ള ദോഷങ്ങൾനീക്കി ഗുണാംശങ്ങൾ മാത്രം കൈക്കൊള്ളേണ്ടതാണു്.

*　　*　　*　　*

നാം ഓരോരുത്തരും സ്വന്തം കുറവുകളേയും സ്വന്തം സമുദായത്തിന്റെ കുറവുകളേയും മലപോലെ കരുതണം; മറ്റുള്ളവരുടെ കുറവുകളേയും മറ്റു സമുദായങ്ങളുടെ കുറങ്ങളേയും കടുകുപോലെ കരുതണം. ഇതാണു് ലോകസമാധാനത്തിനുള്ള ശരിയായ ധാമ്മികമുറ.

113 കേവലമായ സത്യം അതിനുവേണ്ടിത്തന്നെ നിലകൊള്ളുന്നു. അതിന്റെ വിജയത്തിനായി മരിക്കാൻ തയ്യാറാകുന്നില്ലെങ്കിൽ അതു വിലയില്ലാത്തതാകുന്നു.

114 ക്ലേശാഗ്നികൊണ്ടു ശുദ്ധമാകാതെ ഒരു രാജ്യവും ഉയർന്നിട്ടില്ല.

115 കൃത്യമായി വ്യായാമം ചെയ്യാത്ത യാതൊരാൾക്കും പൂർണ്ണാരോഗ്യം സിദ്ധിക്കുകയില്ല. വായു, വെള്ളം, ആഹാരം എന്നിവപോലെ വ്യായാമവും മനുഷ്യന്നു് അത്യന്താപേക്ഷിതമാണു്. മനസ്സിന്നും ശരീരത്തിന്നും ആരോഗ്യം നല്കുന്ന വ്യായാമമാണു് ആദർശയോഗ്യമായ വ്യായാമം. അങ്ങിനെയുള്ള വ്യായാമത്തിന്നുമാത്രമേ ഒരാളെ യഥാർത്ഥത്തിൽ ആരോഗ്യവാനാക്കിത്തീർക്കാൻ സാധിക്കയുള്ളൂ.

*　　*　　*　　*

സാത്വികമായ കായികാഭ്യാസങ്ങളിൽ ആരോഗ്യത്തിന്നു ഏറ്റവും പറ്റിയതാണു് "നടത്തം." ഇതിനെ വ്യായാമങ്ങളുടെ രാജാവു് എന്നു പറയുന്നതു് യഥാർത്ഥമാണു്.

ഇതിനെ കഴിച്ചാൽ ആസനങ്ങളും പ്രാണായാമവും സാത്വികവ്യായാമങ്ങളാണെന്ന് വിചാരിയ്ക്കാം. കാരണം, ഇവയുടെ ഉദ്ദേശം ശരീരത്തിന്റെ ഭോഗശക്തിയെ വർദ്ധിപ്പിക്കുകയല്ല; പ്രത്യുത, പരിശുദ്ധിയെ വർദ്ധിപ്പിക്കുകയാകുന്നു. ഇവകൊണ്ടു പല രോഗങ്ങളും ദൂരീകരിക്കപ്പെടുന്നതുമുണ്ട്.

116 കൈകാലുകളെ വേണ്ടപോലെ ഉപയോഗിക്കാത്തപക്ഷം നമ്മുടെ തലച്ചോർ ദുർബ്ബലമായിരിക്കും.

117 കൊല്ലുന്ന കലയും ജീവൻ കൊടുക്കുന്ന കലയും ഉണ്ട്. പാശ്ചാത്യരാജ്യങ്ങളിൽനിന്നും അതിപൌരസ്ത്യരാജ്യങ്ങളിൽനിന്നും നാം ഇറക്കുമതിചെയ്ത നേമ്മവസ്തുക്കൾ കോടാനുകോടി സ്ത്രീപുരുഷന്മാരുടെ കഥ കഴിക്കുകയും അനേകായിരം സ്ത്രീകളെ വ്യഭിചാരിണികളാക്കുകയും ചെയ്തിരിക്കുന്നു.

118 കോപംകൊണ്ടു യാതൊരു കാര്യവും നേടാൻ പോകുന്നില്ല. കോപമാണ് പ്രതിക്രിയയുണ്ടാക്കുന്നത്. പ്രതിക്രിയകൊണ്ടു എന്തു ഗുണമാണു് ഹിന്തുക്കൾക്കൊ മുസ്ലിംകൾക്കൊ സിക്കുകാക്കൊ ലഭിക്കാൻ പോകുന്നത്? ഒരാൾക്കൊ കുറേ ആൾക്കൊ ഭ്രാന്തുപിടിച്ചാൽ മറെറല്ലാവരും അപ്രകാരം ചെയ്യണമെന്നുണ്ടോ?

* * * *

(കോപം ക്ഷണികമായ ഉന്മാദമാണു്)

119 കോബ്ബിൽ മൂന്നു കുരങ്ങന്മാരുടെ പ്രതിമകളുണ്ടു്. ഒന്നു കണ്ണുപൊത്തിയിരിക്കുകയാണു്; മറെറാന്നു ചെവി പൊത്തിയിരിക്കുകയാണു്; മൂന്നാമത്തേതു് വായ പൊത്തിയിരിക്കുകയാണു്. തിന്മ കാണരുതു്, കേൾക്കരുതു്, പറയരുതു് എന്നാണു് അവ ലോകത്തെ പഠിപ്പിക്കുന്നതു്.

120 കോളേജുകളിലും സ്കൂളുകളിലും പഠിച്ചുകൊ
ണ്ടിരിക്കുമ്പോൾ രാഷ്ട്രീയകാര്യങ്ങളിൽ ഇട
പെടുവാൻ ഞാൻ വിദ്യാർത്ഥികളെ ക്ഷണി
ക്കയുണ്ടായിട്ടില്ല. അക്രമരഹിതമായ നിസ്സ
ഹകരണമാണു് ഞാൻ ഉപദേശിച്ചതു്. വി
ദേശീയഭരണത്തിലുള്ള വിദ്യാലയങ്ങൾ ഉ
പേക്ഷിച്ചു സ്വാതന്ത്ര്യത്തിന്റെ സമരക്ക
ത്തിലേക്കിറങ്ങുവാൻ ഞാൻ അവർക്കു് ആ
ഹ്വാനം നല്കി. ദേശീയമായ സർവ്വകലാല
യങ്ങളേയും സ്കൂളുകളേയും കോളേജുകളേയും
ഞാൻ പ്രോത്സാഹിപ്പിച്ചു.

*　　*　　*　　*

അപൂർവ്വം സന്ദർഭങ്ങളിലല്ലാതെ വിദ്യാർത്ഥികൾ
പഠിപ്പുമുടക്കം ചെയ്യാൻ പാടുള്ളതല്ല.
രാഷ്ട്രീയപ്രകടനങ്ങളിലും കക്ഷിമത്സരങ്ങ
ളിലും വിദ്യാർത്ഥികൾ പങ്കുകൊള്ളുന്നതു്
തീരെ തെറ്റാണു്. അത്തരം പ്രസ്ഥാന
ങ്ങൾ അവരുടെ പഠിപ്പിനു വിഘാതം വരു

ത്തുകയും, വരുംകാലങ്ങളിൽ പൌരന്മാരുടെ നിലയിൽ അവർ ചെയ്യേണ്ടുന്ന പ്രവൃത്തികൾക്ക് അവരെ കൊള്ളാതാക്കുകയും ചെയ്യുന്നു.

121 ഗവ്വിഷ്ഠന്റെ സേവനത്തിന്നു യാതൊരു വിലയുമില്ല. നാം ഈശ്വരേച്ഛയുടെ ഉപകരണങ്ങൾ മാത്രമാണ്.

* * * *

സത്യം, അഹിംസ, ബ്രഹ്മചര്യം മുതലായ വ്രതങ്ങളുടെ സാധകൻ, അവയെ പാലിക്കുന്നതിൽ തനിക്കുള്ള ശക്തി ആദ്യത്തെ അപേക്ഷിച്ചു എത്രയോ ലഘുവാണെന്നു മനസ്സിലാക്കുമെങ്കിൽ അയാളിൽ വിനയം തനിയേ ഉണ്ടായിക്കൊള്ളും. പലപ്പോഴും പുറമെ കാണുന്ന വിനയത്തിന്റെ അടിയിൽ സൂക്ഷ്മവും തീവ്രവുമായ അഭിമാനം ഒളിഞ്ഞിരിക്കുന്നുണ്ടാവും. ഇതു വിനയമല്ല.

122 ഗീത എന്റെ ആത്മീയനിബന്ധുവാണ്. കാരണം, സങ്കടത്തിൽ ഒരിക്കലും അതെന്നെ തോല്പിച്ചിട്ടില്ല. അതു വഗ്ദീയതയും കക്ഷിത്വവും തീരെ ഇല്ലാത്ത ഒരു ഗ്രന്ഥമാണ്. ലോകത്തോടു മുഴുവനുമാണ് അതു അർത്ഥിക്കുന്നതു്.

* * * *

ഗീത സാധാരണക്കാക്കു് മനസ്സിലാക്കാൻ പ്രയാസമുള്ള ഒരു ഗ്രന്ഥമാണെന്നു പറയുന്നു. ഈ വാദം അടിസ്ഥാനരഹിതമാണു്. 18 അദ്ധ്യായം മുഴുവൻ മനസ്സിലാക്കുവാൻ കഴികയില്ലെങ്കിൽ ആദ്യത്തെ മൂന്നദ്ധ്യായം പഠിക്കൂ. 18 അദ്ധ്യായത്തിന്റെ സാരം അതിലുണ്ടു്. സർവ്വ ഇസങ്ങളെയും ഉപേക്ഷിച്ചു ഈശ്വരനെമാത്രം ശരണം പ്രാപിക്കുവാൻ ഗീത ഉപദേശിക്കുന്നുണ്ടു്. ഗീത ലോകാംബയാണു്. അവൾ ആരേയും വെറും കയ്യുമായി മടക്കി അയക്കുകയില്ല. യാഥാർത്ഥ

ഗീതാഭക്തനു നിരാശ എന്താണെന്നറിഞ്ഞുകൂടാ. അവനു എപ്പോഴും ആനന്ദവും ശാന്തിയുമാണ്. ശാന്തിയും വിശ്വാസവും പണ്ഡിതംമന്യനോ സംശയാത്മാവിനോ ഉള്ളതല്ല; വിശ്വാസിക്കും വിനീതനും ഏകാഗ്രചിത്തനുമുള്ളതാണ്.

123 ഗീതയിൽ ശാസനങ്ങളൊന്നുമില്ല. പൂർണ്ണമായ യുക്തിവാദത്തോടുകൂടിയ ഒരു ധർമ്മശാസ്ത്രം അതിലുണ്ട്. ഹൃദയത്തിനും തലച്ചോറിനും അതു സംതൃപ്തി നല്കുന്നു. തത്വജ്ഞാനവും ഭക്തിയും അതിലുണ്ട്. ലോകത്തോടു മുഴുവനുമാണ് അതിന്റെ അഭ്യർത്ഥന.

124 ഗീതയിലെന്നപോലെ ബൈബിളിലും ഞാൻ വിശ്വസിക്കുന്നു. ലോകത്തിലെ മഹാമതങ്ങളെല്ലാം ഒരുപോലെ സത്യമാണെന്നു ഞാൻ കരുതുന്നു. അവയിൽ ഏതെങ്കിലുമൊന്നിനെ വികൃതമായി ചിത്രീകരിക്കു

ന്നതു് കാണുമ്പോൾ എനിക്കു് വേദന തോന്നുന്നു.

125 ഗീതാംബയെ അനുസരിക്കുന്നവന്റെ മനസ്സിനെ ഒരിക്കലും വാർദ്ധക്യം ബാധിക്കയില്ലെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഇത്തരമൊരാളുടെ ശരീരം ആരോഗ്യമുള്ള വൃക്ഷത്തിന്റെ ഇലയെന്നോണം തക്ക സമയത്തു് കൊഴിഞ്ഞുപോകുമെങ്കിലും അയാളുടെ മനസ്സിന്നു് എപ്പോഴും യുവത്വവും പ്രസന്നതയുമുണ്ടായിരിക്കും.

126 ഗ്രാമീണരോടു് നാം വലിയ അപരാധം ചെയ്തിട്ടുണ്ടു്. ഇതിനു പ്രായശ്ചിത്തം ചെയ്യാൻ ഒറ്റവഴിയേ ഉള്ളു. അവരുടെ നശിച്ച വ്യവസായങ്ങൾ പുനരുദ്ധരിക്കുവാനും അവയ്ക്കു കമ്പോളമുണ്ടാക്കുവാനും അവരെ സഹായിക്കുക.

* * * *

ഗ്രാമസ്വരാജ്കൊണ്ട് ഞാൻ അർത്ഥമാക്കുന്നത് സ്വയംസമ്പൂർണ്ണമായ ഒരു റിപ്പബ്ലിക്കാണ്. അതിന്നു അവശ്യസാധനങ്ങൾക്കു അയൽപക്കക്കാരെ ആശ്രയിക്കേണ്ടിവരില്ല. പക്ഷെ ആശ്രയം ഒരാവശ്യമായിത്തോന്നുന്നകാര്യങ്ങളിൽ ആശ്രയിച്ചുനില്ക്കുകയും ചെയ്യും. അങ്ങിനെ ഓരോ ഗ്രാമത്തിൻറേയും ആദ്യത്തെ ശ്രദ്ധ സ്വന്തം ഭക്ഷ്യസാധനങ്ങളും വസ്ത്രത്തിനും വേണ്ട പരുത്തിയും ഉണ്ടാക്കുകയായിരിക്കും. കൊല്ലംതോറും തിരഞ്ഞെടുക്കുന്ന ഒരു ഗ്രാമപഞ്ചായത്താണ് ഭരണം നടത്തുക. ഈ പഞ്ചായത്തിന്നു് ആവശ്യമായ എല്ലാ അധികാരങ്ങളുമുണ്ടാകും.

* * * *

ഗ്രാമം നശിച്ചാൽ ഇന്ത്യയും നശിച്ചുവെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഗ്രാമം പൂഷണം ചെയ്യപ്പെടാതിരുന്നാലേ അതിനെ സമൃദ്ധരിക്കാൻ കഴിയൂ. വൻകിടവ്യവസായങ്ങ

ളുടെ വദ്ധന ഗ്രാമീണരെ ഭൂഷണം ചെയ്യു
ന്നതിൽ പരിണമിയ്ക്കാതിരിക്കുകയില്ല. അ
തിനാൽ സ്വാവലംബമുള്ള ഗ്രാമങ്ങളുടെ
കാര്യത്തിൽ നാം ബദ്ധശ്രദ്ധരാകണം. ഗ്രാ
മീണർ ഭൂഷണത്തിൽനിന്നു വിമുക്തരാവു
മെങ്കിൽ തങ്ങൾക്കു ഏറ്റുത്തു പെരുമാറാവു
ന്ന യന്ത്രങ്ങളും അവർ ഉപയോഗിക്കുന്നതിൽ
തെറ്റില്ല. 'അവർ മറ്റുള്ളവരുടെ ഭൂഷ
ണോപകരണമാകാൻ പാടില്ലെന്നുമാത്രം

127 ചക്രയിൽ ഈശ്വരന്റെ കൈ വ്യാപരിക്കു
ന്നതുകൊണ്ടാണു്, മനുഷ്യവംശത്തിൽവെ
ച്ചു് ഏറ്റവും താഴ്ന്നവരുടെപോലും ആവ
ശ്യനിവൃത്തിക്കണം അതിൽ ദൃശ്യമാകുന്നതുകൊ
ണ്ടാണു്, കാലത്തിലും അകാലത്തിലും ഞാൻ
അതിൽ പ്രവർത്തിക്കുകയും അതിനെക്കുറിച്ചു
ചിന്തിക്കുകയും അതിനുവേണ്ടി പ്രാർത്ഥി
ക്കുകയും അതിനെപ്പറ്റി പ്രസംഗിക്കുകയും
ചെയ്യുന്നതു്.

നിർജ്ജീവമായ യന്ത്രങ്ങളെ പകരംവെച്ചുകൊണ്ടു് നാം അനുപമമായ സജീവയന്ത്രങ്ങളെ, അതായതു നമ്മുടെ ശരീരത്തെ, നശിപ്പിക്കുന്നു. ജോലിചെയ്തു് ദേഹം തികച്ചും ഉപയോഗപ്പെടുത്തേണമെന്നതു് ഒരു ദൈവനിയമമാണു്. നാം അതു അവഗണിച്ചുകൂടാ. സൽചക്രം ശരീരയജ്ഞത്തിന്റെ—കായികാദ്ധ്വാനത്തിന്റെ—ശ്രുഭസൂചകമായ പ്രതീകമാണു്.

128 ചാരിത്ര്യം അടച്ചുപൂട്ടിയിട്ട മുറിയിൽ വളരുന്ന ഒന്നല്ല. അതു പുറമെനിന്നു വെച്ചുകെട്ടുവാനുംവയ്യ. അതുള്ളിൽനിന്നുണ്ടാവണം; ഏതു പ്രലോഭനത്തേയും ചെറുക്കാൻ കഴിവുള്ളതായിരിക്കുകയും വേണം. സീതയുടേതു പോലെ കളങ്കമില്ലാത്തതായിരിക്കണം അതു്.

* * * *

സ്ത്രീയുടെ ചാരിത്ര്യത്തെക്കുറിച്ചു ഇത്രവലിയ പരക്കംപാച്ചിലെന്തിനാണു്? പുരുഷന്റെ പരിശുദ്ധിയെക്കുറിച്ചു സ്ത്രീയ്ക്കുള്ള ഉൽക്കണ്ഠയെപ്പറ്റി നാം യാതൊന്നും കേൾക്കാറില്ല. സ്ത്രീയുടെ ചാരിത്ര്യം രക്ഷിക്കാനുള്ള ചുമതല തനിക്കുണ്ടെന്നു പുരുഷൻ ഗർവ്വു് നടിക്കുന്നതെന്തിനാണു്?

129 ചിന്തയാണു് പ്രസംഗത്തിന്റെയും പ്രവൃത്തിയുടേയും തായ്‌വേരു്. ചിന്തിക്കാൻ കഴിയാത്തവൻ വിദ്യാഭ്യാസം സിദ്ധിച്ചവനല്ല.

130 ചുണ്ടിൽ സ്നേഹവചനങ്ങളോടുകൂടി ധീരമരണം വരിച്ചു തങ്ങളുടെ ശത്രുക്കൾക്കു് ഹൃദയപരിവർത്തനം വരുത്തിയ മഹാത്മാക്കളെ ചരിത്രത്തിൽ അങ്ങോളമിങ്ങോളം കാണാം.

131 ചെറുപ്പകാലത്തു അച്ഛനമ്മമാരുണ്ടാക്കിയ ഭക്തിയുംകൊണ്ടു് പല ക്ഷേത്രങ്ങളിലും ഞാ

ൻ പോയിരുന്നു. അയിത്തോച്ചാടന പ്രവൃത്തിയിൽ ഏർപ്പെട്ടശേഷം ഞാൻ ക്ഷേത്രങ്ങളിൽ പോകാറില്ല. അയിത്തക്കാർക്ക് പ്രവേശനമില്ലാത്ത ക്ഷേത്രങ്ങളിൽ ഞാൻ കടക്കില്ല. വിശ്വാസത്തോടുകൂടി ക്ഷേത്രങ്ങളിൽ പോകുകയാണെങ്കിൽ കൂടുതൽ പരിശുദ്ധിയോടുകൂടി മടങ്ങിപ്പോരാം. നിഷ്കളങ്കഭക്തിയോടുകൂടി ക്ഷേത്രങ്ങളിൽ പോകുന്ന അനേകായിരം പേർക്ക് ആത്മീയസുഖം ലഭിക്കുന്നുണ്ട്.

132 ചെയ്യുന്ന ജോലി ഏത്ര നിസ്സാരമായിരുന്നാലും വേണ്ടതില്ല, അതു പൂർണ്ണമായി ചെയ്യണം. ഏതു പ്രധാന ജോലിയിലുമെന്നപോലെ അതിലും ശ്രദ്ധിക്കണം. നിങ്ങളെപ്പറ്റി അഭിപ്രായം പറയുക ഈ നിസ്സാര സംഗതികം നോക്കിയായിരിക്കും

133 ജന്മംകൊണ്ട് ആരും അശുദ്ധനല്ല. അശുദ്ധി, വേണമെങ്കിൽ സ്വന്തം മനസ്സിലേക്ക്

നോക്കുക. അവിടെ ബഹിഷ്കരിക്കാൻ പറഞ്ഞ അസംഖ്യം അശ്രദ്ധവിചാരങ്ങൾ കാണാം.

134 ജനനമരണങ്ങൾ രണ്ടു അവസ്ഥകളല്ല; ഒരവസ്ഥയുടെ രണ്ടു വശങ്ങളാണു്. ഒന്നിൽ സന്തോഷിക്കുവാനോ മറ്റേതിൽ ദുഃഖിക്കുവാനോ യാതൊന്നുമില്ല.

135 ജാതി പോകണം. എന്നാലേ ഹിന്തുമതവും ഇന്ത്യയും ജീവിക്കുകയും അനുദിനം വളച്ചു പ്രാപിക്കുകയും ചെയ്യുള്ളൂ. ശാപഗ്രസ്തമായ ജാതിവ്യവസ്ഥ ഇന്ത്യക്കും ഹിന്തുമതത്തിനും ഹാനികരമാണു്.

* * * *

ജാതിയെന്നും വർഗ്ഗമെന്നുമുള്ള ഇരട്ടച്ചുമർ തകർക്കുകതന്നെ വേണം. ഭാരതം ഒന്നാണെങ്കിൽ തീച്ചയായും മിശ്രഭോജനവും മിശ്രവിവാഹവും അനുവദിക്കാത്ത ഇത്തരം കൃത്രിമവ്യത്യാസങ്ങൾ പാടില്ല

136 ജാതിവ്യത്യാസമോ വർഗ്ഗവ്യത്യാസമോ ഇല്ലാതെ സകല ജനങ്ങളും പൂർണ്ണമായ മതസ്വാതന്ത്ര്യത്തോടും സംസ്കാരസ്വാതന്ത്ര്യത്തോടുംകൂടി ഒത്തൊരുമിച്ചു ജീവിക്കുന്ന ഒരു ഇന്ത്യയാണു് എന്റെ സങ്കല്പത്തിലുള്ള ഇന്ത്യ. എന്റെ ഈ സ്വപ്നം ഒരു വാസ്തവമായിത്തീരുന്നതിനുവേണ്ടിയുള്ള യത്നത്തിൽ ഞാൻ മരിക്കും.

* * * *

ഹിന്തുഹൃദയത്തിൽനിന്നു ജാതിബോധം കേവലം അകറ്റിയാൽ നാമെല്ലാം—ഹിന്തുക്കളും മുസ്ലീമിങ്ങളും ക്രിസ്ത്യാനികളും പാർസികളും--ഒന്നാണെന്നു നമുക്കു് ഉടൻ അനുഭവപ്പെടും.

137 ജാതിക്കു് മതവുമായി യാതൊരു ബന്ധവുമില്ല. എനിക്കു് നിശ്ചയമില്ലാത്ത ഒരു രീതിയിൽ ഉത്ഭവിച്ച ഒരാചാരമാണതു്.

138 ജീവിതപരിശുദ്ധിയാണു് ഏറ്റവും ഉൽകൃഷ്ടവും ഏറ്റവും സത്യസന്ധവുമായ കലയെന്നു് ജീവിതാവസാനത്തോടു് അടുത്തെത്തിയ ഈ ഘട്ടത്തിൽ എനിക്കു് പറയാൻ കഴിയും. നല്ല സ്വരത്തിൽ പാടുന്ന വിദ്യ പഠിക്കാൻ കഴിയും. എന്നാൽ സംശുദ്ധ ജീവിതത്തിൽനിന്നു് പുറപ്പെടുന്ന സംഗീതം വളരെ കുറച്ചു പേർക്കേ ഉണ്ടാക്കാൻ കഴിയൂ.

139 ജീവിതം ഒട്ടുമുക്കാലും നയിക്കുന്നതു യുക്തികൊണ്ടാണു്. എന്നാൽ യുക്തി അപജയിക്കുന്നേടത്തു അതിലും ഉപരിയായി വിശ്വാസം ഉപയോഗപ്പെടുന്നു.

140 ജീവിക്കുന്ന ഒരു ജനസമൂഹത്തിനു് ഒരു കവിത ആവശ്യമുണ്ടു്. എന്താണു് ആ കവിത? ജീവനെ നിലനിർത്താനുള്ള ഭക്ഷണം.

141 ജീവൽസ്പർശിയല്ലാത്ത വിദ്യാഭ്യാസം ശൂന്യവും മിഥ്യയുമാണു്.

* * * *

ഗുരുനാഥന്മാർ അവരുടെ പ്രവൃത്തിയിൽ വിദഗ്ധന്മാരായാൽ മാത്രം പോരാ, സദാചാര നിരതരുമായിരിക്കണം.

ഒരു മാതൃകാധ്യാപകൻ വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന കാര്യത്തിൽ മാത്രമല്ല, അവരുടെ ജീവിതത്തിലൊട്ടാകെ താല്പര്യം കാണിയ്ക്കുകയും അവരുടെ ഹൃദയത്തിൽ പ്രവേശിക്കുവാൻ പ്രയത്നിക്കുകയും വേണം.

142 ജീവിതം പരിശുദ്ധതയ്ക്ക് സഹായകമല്ലെങ്കിൽ വേദപാരായണവും സംസ്കൃതപഠനവുമെല്ലാം നിഷ്ഫലമാണ്. എല്ലാ അറിവിനേറയും ലക്ഷ്യം സ്വഭാവശുദ്ധിയായിരിക്കേണം.

143 ജീവിതത്തിൽ നെയ്യുചേർക്കുന്നതുവരെ ജ്ഞാനം യഥാർത്ഥമാകുകയില്ല.

144 ഞാൻ നിങ്ങളെപ്പോലെ തെറുപറയുന്ന ഒരു മനുഷ്യനാണ്. ഞാൻ മഹാത്മാവാണെ

ന്നും മറ്റുള്ളവർ അല്പാത്മാക്കളാണെന്നും സ്വപ്നത്തിൽപോലും ഞാൻ വിചാരിച്ചിട്ടില്ല. സൃഷ്ടാവിന്റെ മുമ്പിൽ നാമെല്ലാം സമന്മാരാണ്.

145 ഞാൻ കരുതുന്നതിലുള്ള ശരിയായ അർത്ഥത്തിൽ ഞാനൊരു വിഗ്രഹാരാധകനും വിഗ്രഹഭഞ്ജകനുമാണ്. വിഗ്രഹാരാധനയുടെ പിന്നിലുള്ള മനോഭാവത്തെ ഞാൻ വന്ദിക്കുന്നു. മനുഷ്യവർഗ്ഗത്തിന്റെ ഉന്നതിക്കു് അതു വളരെയേറെ സഹായിക്കും.

146 ഞാൻ പ്രയത്നിച്ചപോലെ പ്രയത്നിച്ചാൽ, എനിക്കുള്ളത്ര ആശയും വിശ്വാസവുമുണ്ടെങ്കിൽ, ഞാൻ നേടിയതു് ഏതു സ്ത്രീക്കും പുരുഷനും നേടാമെന്നതിൽ എനിക്കു് യാതൊരു സംശയവുമില്ല.

* * * *

ഞാൻ ഒരു ഈശ്വരദൂതനാണെന്നു പറയുന്നു

വരുണ്ട്. ഈശ്വരനിൽനിന്നു എനിക്കു സവിശേഷമായ വല്ല വെളിപാടും ഉണ്ടായിട്ടുണ്ടെന്നും അവർ സംശയിക്കുന്നു. ഈ ആക്ഷേപം ഞാൻ നിഷേധിക്കുന്നു. ഏതു നല്ല ഹിന്തുവിനെപ്പോലെയും ഞാൻ പ്രാർത്ഥിക്കുന്നുണ്ട്. ഭയം വെടിഞ്ഞു സത്യം മാത്രം അന്വേഷിക്കാൻ തുടങ്ങിയാൽ നമുക്കെല്ലാം ഈശ്വരദൂതന്മാരാകാമെന്നു ഞാൻ വിശ്വസിക്കുന്നു. ഈശ്വരസത്യം മാത്രമാണ് ഞാൻ തേടുന്നതെന്നും മനുഷ്യനെക്കുറിച്ച് എല്ലാ ഭയവും എനിക്കില്ലാതായിരിക്കുന്നുവെന്നും ഞാൻ വിശ്വസിക്കുന്നു. എനിക്കു ഈശ്വരന്റെ പ്രത്യേക വെളിപാടൊന്നുമില്ല. അദ്ദേഹം നിത്യവും തന്നെത്താൻ വെളിപ്പെടുത്തുന്നുണ്ടെന്നാണ് എന്റെ ഉറച്ച വിശ്വാസം. അന്തരാത്മാവിന്റെ ശബ്ദത്തിനുനേരെ നാം ചെവികൊട്ടിയടക്കുകയാണ്. നമ്മുടെ മുമ്പിൽ അഗ്നിസ്തംഭമുണ്ടു;

പക്ഷെ നാം കണ്ണടച്ചുകളയുകയാണ്. അ
ദ്ദേഹത്തിന്റെ സർവ്വവ്യാപിത്വം ഞാൻ
കാണുന്നുണ്ട്. നിങ്ങൾക്കും അപ്രകാരം
ആകാവുന്നതാണ്.

147 ഞാൻ മതത്തെ സമബുദ്ധ്യാ വീക്ഷിക്കുന്നു.
എന്തെന്നാൽ അവയുടെയെല്ലാം സാരം തു
ല്യമാണു്.

148 ഞാൻ എന്റെ സ്വാതന്ത്ര്യം കൊതിക്കുന്നവ
നാണു്. അതിനാൽ നിങ്ങളുടെ സ്വാത
ന്ത്ര്യം നിയന്ത്രിക്കാൻ യാതൊന്നും ഞാൻ
ചെയ്കയില്ല. എന്റെ മനഃസാക്ഷിയെ—
ഈശ്വരനെ— സന്തോഷിപ്പിക്കുവാൻ മാത്ര
മേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ.

* * * *

പൂർണ്ണസ്വരാജ് കൊണ്ടു് ഞാനുദ്ദേശിക്കുന്നതു
ഒറ്റതിരിഞ്ഞുള്ള സ്വാതന്ത്ര്യമല്ല, ആരോ
ഗ്യകരവും അന്തസ്സുള്ളതുമായ പരസ്പരാശ്ര

യതപമാണ്. എന്റെ ദേശീയത ഉഗ്രമായിരിക്കാം; പക്ഷെ അതു മറെറാന്നിനെ ഉൾക്കൊള്ളാത്തതല്ല. "അയൽവാസിയ്ക്ക് ഉപദ്രവമാകാത്തതരത്തിൽ സ്വന്തം സമ്പത്തുപയോഗിക്കുക" എന്ന ശാശ്വതസത്യത്തിൽ ഞാൻ വിശ്വസിക്കുന്നു.....നമ്മുടെ ദേശീയത ഒരു രാജ്യത്തിനും ആപത്തായിരിക്കുകയില്ല. കാരണം, നാം ഒരു രാജ്യത്തേയും ചൂഷണം ചെയ്യില്ല; നമ്മെ ചൂഷണംചെയ്യാൻ അനുവദിക്കുകയുമില്ല. സ്വരാജിൽക്കൂടെ നാം ലോകത്തിനു മുഴുവൻ സേവനം ചെയ്യും.

149 ഡോക്ടർമാർക്കു അവരുടെ അറിവു പ്രദർശിപ്പിക്കുവാനാണ് അധികം ഔത്സുക്യം. അതിനു വല്ലാത്ത പ്രതിഫലം വേണം താനും. രോഗം മാറണമല്ലൊ എന്ന ഉൽകണ്ഠകൊണ്ടു ജനങ്ങൾ വഞ്ചിക്കപ്പെടുന്നതറിയുന്നില്ല.

ക്രൂടാതെ മരുന്നു കഴിക്കുന്നോരും മനസ്സിനെ നിയന്ത്രിക്കുവാനുള്ള ശേഷിയും കുറയുന്നു.

150 തനിക്കു് ശരിയാണെന്നു തോന്നിയതു പ്രവത്തിക്കുവാനായി മറുള്ളവരുടെ ഹിതം കാത്തിരിക്കേണ്ടതില്ല.

151 തെറു ചെയ്യുന്നതു സ്വാഭാവികമാണു്. അതുകൊണ്ടു മാപ്പു കൊടുക്കേണ്ടതും ആവശ്യമാണു്. ശിക്ഷകൊടുത്തു ആ തെറിനെ എപ്പോഴും ഓമ്മപ്പെടുത്തുന്നതിൽ അധികം നല്ലതു, മാപ്പു കൊടുത്തു അതിനെ മാപ്പാക്കുവാൻ ശ്രമിക്കുകയാണു്.

152 തെറു ചെയ്യുവാനുള്ള സ്വാതന്ത്ര്യമില്ലെങ്കിൽ അതു സ്വാതന്ത്ര്യമല്ല.

153 ത്യാഗവും അച്ചടക്കവും ആത്മസംയമവുമില്ലാതെ മോചനമില്ല; ആശയുമില്ല. അച്ചടക്കമില്ലാതെ വെറും ത്യാഗംകൊണ്ടു യാതൊരാവശ്യവുമില്ല.

154 ത്രിവിധരോഗങ്ങൾക്കും രാമനാമം പിഴക്കാത്ത ഔഷധമാണു്. അതു ഈശ്വരന്റെ അസംഖ്യം പേരുകളിൽ ഒന്നു മാത്രമാണു്. വാസ്തവത്തിൽ ലോകത്തിൽ എത്ര മനുഷ്യന്മാരുണ്ടോ അത്ര പേരുകളുണ്ടു് ഈശ്വരനു്.

155 തങ്ങളുടെ സദാചാരബോധത്തിനു വിരുദ്ധവും കേവലം അന്യായവുമായ ഒരു നടപടിയെ ലംഘിക്കുന്നതിനു് ജനങ്ങളെ ധൈര്യപ്പെടുത്താൻ അവരുടെ വിദ്യാഭ്യാസം ശക്തമാകുന്നില്ലെങ്കിൽ അതുകൊണ്ടു് എന്തു പ്രയോജനമാണുള്ളതു? ഉത്തരം വ്യക്തമാണല്ലൊ. സാമുദായികമോ മറ്റു വല്ലതുമോ ആയ ദോഷങ്ങളോടു് എതിരിടാൻ ബാലികാബാലന്മാരെ സന്നദ്ധരാക്കാത്ത ഒരു വിദ്യാഭ്യാസരീതിയിൽ മൌലികമായ എന്തോ ചില തകരാറുകളുണ്ടു്.

156 ദമ്പതികൾ സുഹൃത്തുക്കളും തുല്യരുമാണു്. ഭർത്താവു് സ്വാമിയാണെങ്കിൽ ഭാര്യ സ്വാമി

നിയാണ്. ജീവിതധർമ്മത്തിൽ രണ്ടു പേരും പരസ്പരം രക്ഷിക്കുന്നു, സഹായിക്കുന്നു, സഹകരിക്കുന്നു.

* * * *

ലോകത്തിൽ ധർമ്മരക്ഷണം പ്രധാനമായി സ്ത്രീകൾമൂലമാണുണ്ടായിട്ടുള്ളതു്. സ്ത്രീവർഗ്ഗം പുരുഷന്മാരെപ്പോലെതന്നെ പൊതുകാര്യങ്ങളിൽ പങ്കെടുക്കേണ്ടതാണ്. മദ്യപാനനിരോധം, അധഃപതിച്ച സ്ത്രീകളുടെ ഉദ്ധരണം തുടങ്ങി എത്രയോ കാര്യങ്ങൾ സ്ത്രീകൾക്കാണ് അധികം ഫലപ്രദമായ രീതിയിൽ നടത്തുവാൻ സാധിക്കുക.

157 ദരിദ്രന്റെ ആത്മീയകാര്യം സമ്പത്താണ്. മറെറാന്നിലേക്കും അവന്റെ ശ്രദ്ധയെ ആകർഷിക്കുവാൻ കഴികയില്ല; ആ ശ്രമം വ്യർത്ഥമാണ്. അവനു ഭക്ഷണം കൊടുക്കൂ, നിങ്ങളെ അവൻ ഈശ്വരനായി കരുതും.

158 ദുഷ്ടവിചാരം രോഗസൂചനയാണ്. അതിനാൽ ദുഷ്ടവിചാരമുണ്ടാകാതിരിക്കാൻ മനസ്സിരുത്തണം.

159 ദൈവത്തിൽ പരിപൂർണ്ണഭക്തിയുള്ളവൻ ആരാണെന്നു ചോദിച്ചാൽ തന്റെ കുട്ടികളെ നല്ല മാർഗ്ഗത്തുടെ വളർത്തുന്ന അച്ഛനാണെന്ന് ഞാൻ പറയും.

160 ദൈവഭയത്തോടെ പ്രവർത്തിയ്ക്കുകയും ഈശ്വരസൃഷ്ടികളെ ശുശ്രൂഷിയ്ക്കുകയും ചെയ്യുന്നവൻ മാത്രമാണ് പരിശുദ്ധനായിട്ടുള്ളതു്.

161 ദൈവത്തിന്റെ നിശ്ചയങ്ങൾ മാറുവാൻ സാധിക്കുന്നതല്ല. അതിനെ അറിയുവാൻ ശ്രമിക്കുകയാണ് നാം ചെയ്യുന്നത്. അതിന്റെ ആഴം കണ്ടെത്തിയവർ ആരും ഇല്ല.

162 ദോഷങ്ങളില്ലാത്തവരില്ല. ദോഷങ്ങളില്ലാത്തതുകൊണ്ടല്ല മനുഷ്യർ ഈശ്വരഭക്തന്മാരാകുന്നതു്. സ്വന്തം ദോഷങ്ങൾ അവക്കറി

യാം. അവയെ ജയിക്കുവാൻ അവർ പ്ര
യത്നിക്കുന്നു.

163 ധർമ്മബോധം ഉളവാക്കുവാൻ സഹായിക്കാത്ത
കർമ്മങ്ങളിൽ എനിക്കു വിശ്വാസമില്ല.

164 ധർമ്മാനുഷ്ഠാനശേഷം ഞാൻ മരിച്ചുവെന്നു കേ
ട്ടാൽ നിങ്ങൾ സ്തുതമാടിക്കളിക്കണം. ഒ
ന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ സ്വധർമ്മ
നുഷ്ഠിച്ചു എന്റെ മരണവാർത്തയെ അസാ
ധുവാക്കണം.

165 ധീരതയുടെ ഉച്ചാവസ്ഥയല്ലാതെ മറെറാന്നു
മല്ല അഹിംസ.

166 നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും
കായികജോലിയോ മാനസികജോലിയോ
കൊണ്ടു നിറഞ്ഞിരിക്കണം. പക്ഷെ അ
വ സാത്വികങ്ങളായിരിക്കണം. ലോക
സേവനത്തിനു ജീവിതം ഉഴിഞ്ഞുവെച്ചു
വന്നു ഒരു നിമിഷവും മടിയനായിരിക്കുക
സാദ്ധ്യമല്ല.

167 നമുക്കു് യാഥാർത്ഥ്യവും ശാശ്വതവുമായ എന്തും സാധിക്കണമെങ്കിൽ നിർഭയത്വമാണ് ആദ്യമായി വേണ്ടതു്. ഈശ്വരവിശ്വാസമില്ലാതെ ഈ ഗുണമുണ്ടാവില്ല. ഈശ്വരനെ ഭയപ്പെടുക, എന്നാൽ നാം മറ്റാരേയും പേടിക്കേണ്ടതില്ല.

168 നമുക്കു പുരോഗതി വേണമെങ്കിൽ ചരിത്രം ആവർത്തിച്ചാൽ പോരാ, പുതിയ ചരിത്രം സൃഷ്ടിക്കുകയും വേണം. പൂർവ്വികരുടെ സമ്പാദ്യം നാം വർദ്ധിപ്പിക്കണം.

169 നമ്മുടെ ഹൃദയത്തിൽനിന്നു അല്പത്വവും അധമത്വവും കാപട്യവും അകറ്റാനായി നാം ദൈവത്തോടു് പ്രാർത്ഥിക്കണം. തീച്ചൂള യും അവിടുന്നു നമ്മുടെ പ്രാർത്ഥന സ്വീകരിക്കും. അനവധി പേർ ആ ശക്തിയെ ആശ്രയിച്ചിട്ടുണ്ടു്.

170 നമ്മിൽ കുടികൊള്ളുന്ന വിഷകരവും ദുഷ്ടവും വികൃതവുമായ വിചാരങ്ങൾക്കായി ദൈവം

കാണിക്കുന്ന പ്രതിഫലങ്ങളാണ് പാമ്പ്, നരി, മുതലായവ എന്നു് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

171 നമ്മുടെ മൂഗീയശക്തി പലപ്പോഴും വിജയിച്ചുതായി തോന്നാം; അതുകാരണം പ്രേമത്തിന്റെ കഴിവുകളെ സംശയിക്കേണ്ടതില്ല. അതിനെ പ്രയോഗത്തിൽ കൊണ്ടുവരുവാനുള്ള പ്രയാസത്തെയാണതു സൂചിപ്പിക്കുന്നതു.

172 നാം നമ്മുടെ അറിവില്ലായ്മയുടെ ഫലമായി കഠിനവ്യാധികളെ വരുത്തി വെച്ചിട്ട് അതിനെ ചികിത്സിച്ചു സുഖപ്പെടുത്തുവാൻ ശ്രമിക്കുന്നതിനേക്കാൾ നല്ലതു്, ആരോഗ്യസംരക്ഷണവിഷയത്തിൽ പ്രത്യേകം മനസ്സുവെച്ചു് അതിനെ വിജയകരമാക്കിത്തീർത്തിട്ടു് രോഗങ്ങളെ തടയുകയായിരിക്കും എന്നാണ് എന്റെ അഭിപ്രായം.

173 നാം ഈശ്വരനെക്കുറിച്ചു അജ്ഞരായിരിക്കാം. എങ്കിലും അവിടുത്തെ സൃഷ്ടികളെക്കുറിച്ചു് നമുക്കറിവുണ്ടു്. അവയെ നാം കാണുന്നു. ഈശ്വരസൃഷ്ടികളെ സേവിക്കുക എന്നതു് ഈശ്വരനെ സേവിക്കുന്നതിനു സമമാണു്.

174 നാം ഓരോരുത്തരും പൊതുജനദാസന്മാരാണെന്ന ബോധം നമുക്കുണ്ടായിരിക്കണം. നാമേവരും നമ്മുടെ അർത്ഥങ്ങളും ആഹാരപദാർത്ഥങ്ങളും മനുഷ്യവർഗ്ഗത്തിനുപ്പിക്കണം. അവനവനേറതെന്നു കരുതി എല്ലാം അനുഭവിക്കുന്നതു മനുഷ്യധർമ്മമല്ല. ത്യാഗം ചെയ്യുക എന്നതാണു് മനുഷ്യന്റെ സമുൽകൃഷ്ട ലക്ഷ്യം. ത്യാഗാഗ്നിയിൽ പരിശുദ്ധീകരിക്കുമ്പോഴാണു് രാജ്യം ഒന്നാന്തരശോഭ പ്രാപിക്കുന്നതു. ത്യാഗമെന്ന മഹനീയഗുണമാണു് മനുഷ്യനെ മൃഗത്തിൽനിന്നു് വേർപെടുത്തുന്നതു്.

175 നാം ഏതു കാര്യത്തിൽ ഏർപ്പെട്ടിരിക്കുന്നുവോ അതിനെക്കുറിച്ചു തികഞ്ഞ ജ്ഞാനം വേണം. പൂർണ്ണമോ അപൂർണ്ണമോ ആയ അജ്ഞതയാണു് മിക്ക പരാജയങ്ങളുടേയും കാരണം.

176 നാമെല്ലാം അശക്തരാണു്. പലപ്പോഴും എന്താണു് നാം പറയുന്നതെന്നു നമുക്കു് അറിഞ്ഞുകൂടാ. നമ്മോടു് എപ്പോഴും സംസാരിച്ചുകൊണ്ടിരിക്കുന്ന അന്തരാത്മാവിന്റെ ഉപദേശം കേൾക്കേണമെന്നാഗ്രഹമുണ്ടെങ്കിൽ നാം എപ്പോഴും സംസാരിച്ചുകൊണ്ടിരിക്കരുതു്. കോപശമനത്തിൽ മറ്റെന്തിനെക്കാളുമേറെ മൌനം സഹായിക്കും.

177 നാമെല്ലാവരും ഏറക്കുറെ കക്കുന്നവരാണു് അറിഞ്ഞോ അറിയാതെയോ. നാം അന്യരുടേതു മാത്രമല്ല നമ്മുടേതും കക്കുന്നവരാണു്. ഉദാഹരണം, കൂട്ടികൾ അറിയാതെ, സ്വകാ

ര്യമായി തിന്നുന്ന അച്ഛൻ അപഹരിക്കുക യാണ്. ആശ്രമത്തിലെ കലവറ പൊതു സ്വത്താണ്. എന്നാൽ അതിൽനിന്നു ഒരൊറുത്തരി പഞ്ചസാര കൊണ്ടുപോകുന്നവൻ കള്ളനായിത്തീരുന്നു. അന്യന്റെ സാധനം അയാളുടെ അറിവോടുകൂടിയാണെങ്കിലും സമ്മതമില്ലാതെ എടുക്കുന്നതു കളവാണ്. ആരുടേയും സ്വത്തല്ലെന്നു കരുതി എന്തെങ്കിലും എടുക്കുന്നതും കളവാണ്. റോഡിനരുകിൽ കാണുന്ന സാധനം ഗവമ്മെണ്ടിന്റെതാണ്.

ആവശ്യമില്ലെങ്കിൽ, സമ്മതത്തോടുകൂടിയായാലും, അന്യന്റെ മുതലെടുക്കുന്നതു കളവാണ്. ആവശ്യമില്ലാത്ത യാതൊരു സാധനവും നാം എടുക്കരുത്. ആവശ്യമില്ലാത്ത പഴം സ്വീകരിക്കുന്നതോ ആവശ്യത്തിലേറെ അതു കഴിക്കുന്നതോ കളവാണ്.

ZAVIYA ISLAM HIGH SCHOOL

അന്യന്റെ മുതൽ കിട്ടേണമെന്നാഗ്രഹിക്കുന്നതും അതിന്മേൽ കണ്ണുവെക്കുന്നതും കളവാണ്. ആശയമോഷണവും കളവാണ്.

178 ഈ ലോകത്തിലെ എല്ലാ വസ്തുക്കളുടെയും ഉടമ പരമേശ്വരനാണെന്നും ലോകത്തിലുള്ള ജീവജാലങ്ങളെല്ലാം അദ്ദേഹത്തിന്റെ രക്ഷാശിക്ഷയിൽ പുലന്നുപോരുന്ന ഒരു വിശാലമായകുടുംബമാണെന്നും വിചാരിച്ചാൽ, ആവശ്യമായ വസ്തുക്കളെ അനുഭവിക്കാനുള്ള അധികാരം നമുക്കുണ്ട്. അതിൽ കവിഞ്ഞ അധികാരമുണ്ടെന്നു കരുതുന്നതു മോഷണമാകുന്നു.

179 നിത്യജീവിതത്തിൽ സ്ഥാനമില്ലാത്ത ആത്മീയകാര്യം തനി ശൂന്യതയാണ്.

180 നിഷ്കളങ്കമായ പെരുമാറ്റത്തോടുകൂടാത്ത ആരേയും യഥാർത്ഥത്തിൽ ആരോഗ്യവാനെന്നു് പറഞ്ഞുകൂടാ. എന്തെന്നാൽ, മനസ്സു

എപ്പോൾ ദുഷിക്കാനിടയാകുന്നുവോ അപ്പോൾ മുതൽ മനസ്സോടു് ബന്ധപ്പെട്ട ശരീരവും ദുഷിക്കുന്നു. മനസ്സിലുണ്ടാകുന്ന വിവിധ ദുർവിചാരങ്ങളും പ്രലോഭനങ്ങളുമെല്ലാം രോഗത്തിന്റെ ഓരോ രൂപങ്ങൾ മാത്രമാണു്.

181 നിങ്ങൾക്കു രാമനാമത്തിൽ വിശ്വാസമുണ്ടെങ്കിൽ നിങ്ങൾ തന്നെത്താൻ പറയും, "എന്റെ ഭാര്യക്കും മക്കൾക്കും വേണ്ടി, അവർ വല്ലതും കാട്ടി നശിപ്പിച്ചേക്കാവുന്ന സ്വത്തു, ഞാൻ സമ്പാദിക്കുന്നതെന്തിനാണു്? സത്യസന്ധമായ പ്രയത്നംകൊണ്ടു് ജീവിക്കാൻ അവരെ പ്രാപ്തരാക്കുന്ന സൽസ്വഭാവവും നല്ല വിദ്യാഭ്യാസവും നല്ല പരിശീലനവും എന്തുകൊണ്ടു് അവർക്കു് പൈതൃകമായി കൊടുത്താൽ പോരാ?" ഇടവിടാതെയുള്ള രാമനാമജപം നിങ്ങളുടെ വ്യാമോഹത്തേയും നിരർത്ഥകമായ സ്നേഹത്തേയും നശിപ്പിച്ചു, നി

ങ്ങളുടെ പ്രിയപ്പെട്ടവക്കു് എല്ലാ ബന്ധനങ്ങളിൽനിന്നും ക്ലേശങ്ങളിൽനിന്നും മോചനം നൽകുന്ന അമൂല്യമായ ഈശ്വരനാമത്തിനു പകരം ധനം സമ്പാദിച്ചു കൊടുക്കണമെന്നു വിചാരിച്ചതു വങ്കത്തം കൊണ്ടാണെന്നുള്ള വിശ്വാസം നിങ്ങളിൽ ഉളവാക്കും. ഈ ബോധംകൊണ്ടുള്ള പരമാനന്ദം ലഭിച്ചാൽ അയാൾ തന്റെ ഭാര്യാപുത്രരോടു് പറയും, "ഞാൻ ഉദ്ദേശിച്ച സമ്പത്തല്ല നിങ്ങൾക്കു കൊണ്ടുവന്നിരിക്കുന്നതു. അതിലും വിലപിടിച്ച ഒന്നാണു്."

182 (നിഷ്കളങ്കമായ സ്നേഹം എവിടെയുണ്ടോ അവിടെ ദൈവം ഉണ്ടു്.)

* * * *

(പ്രേമത്തിന്റെ പരിശുദ്ധവും വ്യാപകവുമായ രൂപം അഹിംസയാകുന്നു.) എന്നാൽ രാഗത്തിന്റെയോ മോഹത്തിന്റെയോ ഗ

ന്ധം വന്നുചേരുന്നാ പ്രേമം അഹിംസയായിരിക്കുകയില്ല. രാഗമോഹങ്ങളുള്ള ഭിക്കിൽ തീച്ചയായും ദ്വേഷത്തിന്റെ ബീജവും ഉണ്ടായിരിക്കും.

183 നിങ്ങളിൽ ഈശ്വരവിശ്വാസമുണ്ടാക്കുവാനുള്ള കഴിവ് എനിക്കില്ല. ചില കാര്യങ്ങൾ സ്വയം സ്പഷ്ടങ്ങളാണ്. ചിലതു എന്തുചെയ്താലും സ്പഷ്ടമാകയില്ല. പ്രകൃതിയിലെ പല സംഭവങ്ങളിൽ നിന്നും ഈശ്വരനുണ്ടെന്നു ഊഹിക്കുവാൻ കഴിയും. എങ്കിലും യുക്തികൊണ്ട് അതു തെളിയിക്കാൻ ഞാൻ മുതിരുന്നില്ല. ഞാനുണ്ടെങ്കിൽ ഈശ്വരനുണ്ട്. എനിക്കു ഈശ്വരൻ ജീവിതത്തിലെ ഒഴിച്ചുകൂടാത്ത ഒരാവശ്യമാണ്. കോടാനുകോടി ജനങ്ങളെ സംബന്ധിച്ചും ഇതുശരിയാണ്. നശിച്ച വിശ്വാസം വീണ്ടെടുക്കുവാൻ മാത്രമാണ് ഞാൻ ആവശ്യപ്പെടുന്നതു്. ബുദ്ധിയെ അമ്പരപ്പിക്കുന്ന പലതും

നിങ്ങൾ വായിച്ചിട്ടുണ്ടു്. അതൊക്കെ മറക്കണം; എന്നാലേ ഇതു കഴിയൂ. നമുക്കൊന്നും അറിഞ്ഞുകൂടാ, നാം പരമാണുവേക്കാൾ നിസ്സാരന്മാരാണു് എന്നു കരുതുന്ന വിനയത്തിൽനിന്നു ജനിക്കുന്ന വിശ്വാസം ആദ്യം വേണം.

184 നിത്യം ആവശ്യമുള്ള സാധനങ്ങൾ വർദ്ധിപ്പിക്കുവാൻ തുടങ്ങിയാൽ ലഘുജീവിതവും ഉൽകൃഷ്ടവിചാരവും എന്ന ആദർശനിഷ്ഠയിൽ നിന്നു മനുഷ്യൻ അധഃപ്പതിച്ചു. ചരിത്രത്തിൽ ഇതിനു ധാരാളം തെളിവുണ്ടു്. മനുഷ്യസുഖം യഥാർത്ഥത്തിൽ സംതൃപ്തിയിലാണു് കിടക്കുന്നതു്.

185 നിങ്ങളുടെ നടപ്പു നന്നാക്കുവാൻ ശ്രമിക്കണം; ആലോചനകളും പ്രവൃത്തികളും ശരിയായി നിയന്ത്രിക്കുവാൻ ശീലിക്കണം. അല്ലാതെ, നിങ്ങളുടെ പഠിപ്പും പാണ്ഡിത്യവും കൊണ്ടു യാതൊരുപകാരവുമുണ്ടാകുന്നതല്ല.

186 നിങ്ങളുടെ പദവിയും പാണ്ഡിത്യവുമെല്ലാം തുലാസ്സിന്റെ ഒരു തട്ടിലും, സത്യവും ജീവിതപരിശുദ്ധിയും മറുതട്ടിലും വെക്കുക. രണ്ടാമത്തെ തട്ട് എത്രയോ അധികം തൂങ്ങാതിരിക്കുകയില്ല. സ്വഭാവശുദ്ധിയിൽ നിന്നുകൊണ്ട അറിവ് തിന്മചെയ്യുവാൻ മാത്രം പറ്റിയ ഒരു ശക്തിയാണ്. ലോകത്തിലെ പഠിച്ച കള്ളന്മാരും പ്രഭാവമുള്ള ഭീഷ്മന്മാരും ഇതിന്നു തെളിവ് നൽകുന്നു.

* * * *

പരിഗ്രഹമെന്നു വെച്ചാൽ ഭാവിയിലേക്കു കരുതി വെക്കുക എന്നാണർത്ഥം. സത്യാന്വേഷകൻ—പ്രേമധർമ്മം അനുസരിക്കുന്നവൻ—നാളെക്കായിയാതൊന്നും കരുതിവെക്കുവാൻ പാടില്ല. ഈശ്വരൻ നാളെക്കായി ഒന്നും എടുത്തുവെക്കാറില്ല. ഈശ്വരരക്ഷയിൽ നമുക്കു വിശ്വാസമുണ്ടെങ്കിൽ ദിവസേന വേണ്ടതു അദ്ദേഹം തരുമെന്ന ഉറപ്പ് നമുക്കു വേണം.

187 നീതിന്യായക്കോടതിയേക്കാൾ ഉയർന്ന ഒരു കോടതിയുണ്ട്. അതാണ് മനഃസാക്ഷിയുടെ കോടതി. മറെറല്ലാററിനേയും അതു കീഴ്പെടുത്തുന്നു.

188 നിങ്ങളുടെ കാഴ്ചപ്പാട് വടക്കു ശ്രീനഗർവരേയും തെക്കു കന്യാകുമാരിവരേയും പടിഞ്ഞാറു കറാച്ചിവരേയും കിഴക്കു ദിബ്രൂഗാർവരേയും പോകുന്നതായാൽ—അങ്ങിനെ പോകേണമല്ലോ—ഹിന്ദി പഠിക്കേണ്ടതിന്റെ ആവശ്യകത നിങ്ങൾക്കു മനസ്സിലാകും.

189 നേതാക്കന്മാരുടെ ചില ചാപല്യത്തെക്കുറിച്ച് കുറേം പറയുകയല്ല വേണ്ടതു്. അവരുടെ സൽഗുണങ്ങളെ അനുകരിക്കുക; ദുർഗുണങ്ങളെ അനുകരിക്കരുതു. അച്ഛന്റെ ദോഷങ്ങൾ മാത്രം പകർത്തുന്ന പുത്രൻ യോഗ്യനായ പുത്രനല്ല. മാതാപിതാക്കന്മാരുടെ സൽഗുണങ്ങളാണ്, ദുർഗുണങ്ങളല്ല, യ

ദ്രവ്യം പൈതൃകം. അച്ഛൻ ഉണ്ടാക്കി വെച്ച കടം വർദ്ധിപ്പിക്കുന്ന പുത്രൻ സൽപുത്രനായി കരുതപ്പെടുകയില്ല. - അച്ഛന്റെ കടം വീട്ടി മുതൽ വർദ്ധിപ്പിക്കുന്നവനാണ് സൽപുത്രൻ.

190 പരപ്രയത്നംകൊണ്ട് ജീവിക്കാനുള്ള ആഗ്രഹത്തിൽനിന്നാണ് മിക്ക പാപവും ഉത്ഭവിക്കുന്നത്.

* * * *

ജീവിതത്തിനു വേണ്ടുന്ന പദാർത്ഥങ്ങളെ ഉണ്ടാക്കുവാനായി സ്വയം ശരീരാദ്ധ്വാനം ചെയ്യുക. അദ്ധ്വാനിക്കാതെ ഉണ്ടാകാത്തവയും ജീവിതനിർവ്വഹണത്തിനു് അപരിത്യാജ്യങ്ങളുമായ പദാർത്ഥങ്ങൾ ഉണ്ടാക്കുവാനായി സ്വയം അദ്ധ്വാനിക്കാതെ, അവയെ അനുഭവിക്കുന്നതു ലോകത്തോടു ചെയ്യുന്ന മോഷണമാണ്.

191 പരിപൂർണ്ണത ഐശ്വരഹ്രണമാണ്. മനുഷ്യനും ഈശ്വരനെപ്പോലെ പരിപൂർണ്ണനാകാം. എല്ലാവരും അതാണ് ആഗ്രഹിക്കേണ്ടത്.

192 പരിശുദ്ധചിന്തകൾ മാത്രം ചിന്തിക്കുകയും വൃഥാചിന്തകളും ദുർവിചാരങ്ങളും ഉപേക്ഷിക്കുകയും ചെയ്യുക.

193 പഠിപ്പുവർ ദേഹത്തിന്റെ വില മനസ്സിലാക്കണം. ശരീരംകൊണ്ടു പണിയെടുക്കുന്നവർ പഠിപ്പിന്റെ വില മനസ്സിലാക്കണം. എല്ലാവരും രാജ്യത്തെ സമുദ്ധരിക്കുന്നതും അധ:പ്പതിപ്പിക്കാത്തതുമായ ജോലി ചെയ്യണം.

194 പലതുകൊണ്ടും ആണന്തംകെട്ട ഒരു സമുദായം കൃത്രിമസന്താനനിയന്ത്രണോപകരണങ്ങൾകൊണ്ട് കൂടുതൽ മുണകെട്ടതായിത്തീരും. അതിനാൽ വിവാഹിതരുടേയും അ

വിവാഹിതരുടേയും ഇടയിൽ ബ്രഹ്മചര്യം പ്രചരിപ്പിക്കുകയാണ് വേണ്ടതു. ശുദ്ധമായ നേർവഴി അതാണ്.

* * * *

സന്താനനിയന്ത്രണത്തിന്നുള്ള കൃത്രിമോപായങ്ങൾ ധർമ്മത്തിന്നും നീതിക്കും വിരുദ്ധവും അവസാനം വിനാശഗർത്തത്തിലേക്കു നയിക്കുന്നവയുമാണ്. അവകൊണ്ടു മനുഷ്യസമുദായത്തിന്നു എല്ലാ പ്രകാരത്തിലും അധഃപതനം നേരിടുന്നു.

195 പശുവിനെ കാണുമ്പോൾ അതെനിക്കു തിന്നാനുള്ള ജന്തുവാണെന്നു തോന്നാറില്ല. പശു ഒരു കരുണാകാവ്യമാണ്. അതിനെ ഞാൻ ആരാധിക്കുന്നു. ലോകം മുഴുവൻ എതിർത്താലും അതിന്റെ ആരാധനയെ ഞാൻ നീതീകരിക്കും.

196 പണ്ഡിതന്മാരായ എന്റെ ചില സുഹൃത്തുക്കൾക്ക് മന്ത്രവാദത്തിൽ വിശ്വാസമുണ്ട്.

എനിക്ക് വിശ്വാസമില്ല. എന്റെ രാമ നാമത്തിനും യന്ത്രമന്ത്രങ്ങൾക്കും തമ്മിൽ യാതൊരു ബന്ധവുമില്ല.

197 പന്തയത്തിന്റെ ദോഷങ്ങളെക്കുറിച്ചു പല പ്പോഴും ഞാൻ എഴുതിയിട്ടുണ്ടു. ഈ ദുഷ്കൃ ത്യം വിദേശീയരായ ഭരണാധികാരികൾക്കു പ്രിയപ്പെട്ടതായിരുന്നു. തന്നിമിത്തം അവരതിനെ സൽക്കർമ്മത്തിന്റെ വേഷം കെട്ടിച്ചു. ഒരുതരത്തിൽ പന്തയവും വാതുപ്പോഗിനേക്കാൾ മോശമാണ്. എന്തുകൊണ്ടെന്നാൽ ആദ്യം പറഞ്ഞവ ആത്മാവിനെക്കൂടി നശിപ്പിക്കുന്നു.

198 പാവങ്ങൾക്കുവേണ്ടിയുള്ള നിസ്വാർത്ഥവും നിഷ്കളങ്കവുമായ ത്യാഗമാണ് ഈശ്വരനു ഏറ്റവും പ്രിയപ്പെട്ട ആരാധന.

199 പുഷ്പത്തിൽനിന്നു് മണം ഏതു നിലയിൽ വേർപെടുത്തുവാൻ കഴികയില്ലയോ അപ്രകാ

കാരംതന്നെ അഹിംസയിൽനിന്നു സത്യത്തെ വേർപെടുത്താൻ കഴിയുകയില്ല. സത്യവും അഹിംസയും ഒരേ നാണയത്തിന്റെ രണ്ടുഭാഗങ്ങൾ പോലെയാണു്. സത്യമാകുന്ന ദേവാലയത്തിൽ പോകേണ്ടതു് അഹിംസയെന്ന പാതയിൽക്കൂടിയാണു്.

പുരുഷന്മാരുടെ നോട്ടം സഹിക്കവയ്യാത്ത ചാരിത്രം വിലകെട്ടതാണു്.

* * * *

സ്ത്രീകളുടെ വിചാരരീതിയും ജീവിതരീതിയും മാറണം. എന്നാൽ, യുവാക്കന്മാർ അവരെ ബഹുമാനിക്കുവാൻ തുടങ്ങും; അഥവാ അക്രമത്തിനു വല്ലവരും ഒരുമ്പെട്ടാൽത്തന്നെ കൊല്ലാതെ ചാകാൻ അവർക്കു കഴിയും.

* * * *

പുരുഷനേക്കാൾ താഴെയാണു് താനെന്നു സ്ത്രീ വിചാരിക്കേണ്ട ആവശ്യമില്ല. പുരു

ഷന്റെ അർദ്ധമാണ് സ്ത്രീയെന്ന പറയാറുണ്ട്. അപ്പോൾ, സ്ത്രീയുടെ അർദ്ധം പുരുഷനാണ്. അവർ രണ്ടല്ല, രണ്ടു അർദ്ധങ്ങൾക്കൂടിയ ഒന്നാണ്. ഇംഗ്ലീഷുകാർ സ്ത്രീയാണ് ഉത്തമാർദ്ധമെന്നുകൂടി പറയുന്നു. അതിനാൽ പുരുഷൻ കാട്ടുന്ന എല്ലാ അനീതികളേയും സമർത്ഥം സ്ത്രീക്ക് എതുക്കാവുന്നതാണ്. എതുപ്പിൽ ശുദ്ധിയും യുക്തിയും വേണം.

201 പുരുഷന്റെ തുല്യകഴിവുകളോടുകൂടിയ സഖിയാണ് സ്ത്രീ. പുരുഷന്റെ ഏതു കർമ്മത്തിലും പങ്കുകൊള്ളാനുള്ള അധികാരം അവർക്കുണ്ട്. അവനുള്ളേടത്തോളം സ്വാതന്ത്ര്യം അവർക്കുമുണ്ട്.

* * * *

പുരുഷനും സ്ത്രീയും ഒരേ തരത്തിൽ ജീവിക്കുന്നു. ഇരുവരുടെയും വികാരങ്ങളും വ്യത്യസ്തമല്ല. ഒരാൾ മറെറ ആളുടെ അവിഭാജ്യഘടക

കമാണ്. ഒരാൾക്കു മറെറ ആളുടെ സഹായമില്ലാതെ ജീവിക്കാനും വയ്യ.

* * * *

പുരുഷൻ ഒരു വശത്തുനിന്നു സ്ത്രീവർഗ്ഗത്തെ മർദ്ദിക്കുകയും അജ്ഞാനത്തിൽ വെയ്ക്കുകയും അവഗണിയ്ക്കുകയും നിന്ദിക്കുകയും ചെയ്യുന്നു. മറെറ വശത്തുനിന്നു അവളെ തന്റെ ഭോഗസംതൃപ്തിക്കുള്ള വെറും ഒരു ഉപകരണമായി കണക്കാക്കി തന്റെ ഇഷ്ടത്തിനനുസരിച്ച തരത്തിൽ അവളെ ഒരു പാവയെപ്പോലെ അലങ്കരിക്കുകയും സ്തുതിക്കുകയും ചെയ്തു അവളുടെ ഭോഗഭാഗങ്ങളെ ഉത്തേജിപ്പിക്കുവാൻ പ്രയത്നിക്കുന്നു. ഈ രണ്ടു കാരണങ്ങളാൽ സ്ത്രീസമുദായത്തിനു മാത്രമല്ല, പുരുഷനും അഥവാ മനുഷ്യസമുദായത്തിനൊട്ടാകെയും, വലുതായ അധഃപതനം നേരിട്ടിട്ടുണ്ട്.

* * * *

സ്ത്രീ അബലയല്ല; നേരെമറിച്ച്, തന്റെ ശക്തി മനസ്സിലാക്കിയാൽ പുരുഷനേക്കാൾ അധികം ബലമുള്ളവളാണ്. അവൾ മാതൃരൂപത്തിൽ എങ്ങിനെയാണോ സന്താനങ്ങളുടെ ജീവിതത്തെ രൂപവൽക്കരിക്കുന്നത്, അഥവാ പത്നിയായി എങ്ങിനെയാണോ പതിയെ നയിക്കുന്നത്, ഏറക്കുറെ എല്ലാ പുരുഷന്മാരും അങ്ങിനെയാണ് ആയിത്തീരുന്നത്.

202 പുരോഗതി മനുഷ്യന്നു മാത്രമുള്ളതാണ്; മൃഗങ്ങളുടേതല്ല. മനുഷ്യന്നു ബുദ്ധിയും വിവേകവുമുണ്ട്. മൃഗങ്ങളെപ്പോലെ മനുഷ്യൻ ഭക്ഷണംകൊണ്ടു മാത്രമല്ല ജീവിക്കുന്നത്. അവൻ ഈശ്വരനെ അറിയുവാനും ആരാധിക്കുവാനും ബുദ്ധി ഉപയോഗിക്കുന്നു.

203 പൂർണ്ണസത്യം ഗ്രഹിപ്പാൻ മനുഷ്യന്നു സാധിക്കയില്ല. കാണുന്നതു സത്യമനുസരിച്ചു നടക്കുകയാണ് അവന്റെ കടമ. അതു ഏ

റവും പരിശുദ്ധമായ മാർഗ്ഗത്തിൽക്കൂടി ആയിരിക്കണം— അതായത്, അഹിംസയിൽക്കൂടി.

204 പൂർണ്ണമനസ്സോടുകൂടി ചെയ്യുന്ന ഏതു പ്രവൃത്തിക്കും ജയമുണ്ടാകും.

205 പ്രതിജ്ഞയില്ലാത്ത ജീവിതം ചൂക്കാനില്ലാത്ത തോണിപോലെയോ, മണൽകൊണ്ടു പടുത്ത പുരത്തറപോലെയോ ആണ്.

206 പ്രയത്നരാഹിത്യം രോഗത്തിന്നുള്ള ഒരു പ്രധാന കാരണമാണ്.

207 പ്രയത്നം മന്ദീഭവിപ്പിക്കാതേടത്തോളം കാലം ലക്ഷ്യപ്രാപ്തി എപ്പോൾ തരപ്പെടുന്നുവെന്നതു അപ്രധാനചോദ്യമാണ്.

208 പ്രലോഭനങ്ങളുടെ മുമ്പിൽ യുക്തി വിലകെട്ടതാണ്. കുടിക്കുന്നവരുടെയും വ്യഭിചരിക്കുന്നവരുടെയും ഭാഗത്താണെന്നതോന്നുന്ന യുക്തി. ഇത്തരം ഘട്ടങ്ങളിൽ യുക്തിപിഴ

യുക്കും; അതു വാസനയനുസരിച്ചു പോകും. ഇരുഭാഗത്തെയും വക്കീലന്മാർ തങ്ങളുടെ ഭാഗത്താണ് യുക്തിയെന്നുകാണിക്കാറില്ലേ? അതിനാൽ, യുക്തിയുടെ അക്രമം ചെറുക്കാനുള്ള പരിച വിശ്വാസംമാത്രമാണ്.

209 പ്രാർത്ഥന എന്റെ ജീവനെ രക്ഷിച്ചു. അതില്ലായിരുന്നുവെങ്കിൽ ഞാൻ പണ്ടെങ്ങാൻ ഒരു ഭ്രാന്തനായിത്തീരുമായിരുന്നു. പരസ്യവും രഹസ്യവുമായ അനവധി യാതനകൾ എനിക്കനുഭവപ്പെട്ടിട്ടുണ്ട്. അവ എന്നെ താല്ക്കാലിക നൈരാശ്യത്തിലേക്കു തള്ളിവീഴ്ത്തി. എന്നാൽ, നൈരാശ്യത്തിൽനിന്നു കരകേറാൻ സാധിച്ചിട്ടുണ്ടെങ്കിൽ അതു പ്രാർത്ഥനകൊണ്ടു മാത്രമാണ്. അതില്ലാതെ ജീവിതം നിരുത്സാഹപ്രദവും ശൂന്യവുമായിത്തോന്നും.

210 പ്രാർത്ഥന മറെറല്ലാ പ്രവൃത്തികളേയുംപോ

ലെയാണ്. നാം കണ്ടാലും ഇല്ലെങ്കിലും അ
തിന്ന ഫലമുണ്ട്.

* * * *

വ്യക്തിഗതമായ പ്രാത്ഥനയും സാമൂഹ്യപ്രാ
ത്ഥനയും രണ്ടും പ്രാധാന്യമുള്ളവയാണ്. ര
ണ്ടും പരസ്പരം പോഷിപ്പിക്കുന്നവയുമാണ്.
വ്യക്തിഗതമായ പ്രാത്ഥനയുടെ വില മന
സ്സിലാക്കാതിരിക്കുന്നതുകൊണ്ട് സാമൂഹ്യ
പ്രാത്ഥനയിൽ അഭിരുചിയുണ്ടാകുന്നില്ല.

211 പ്രാത്ഥനയുടെ അത്ഥംതന്നെ നേരായ ജീവി
തം എന്നായിരിക്കണം.

212 പ്രാത്ഥനയെന്നുവെച്ചാൽ ഉചിതമായ ജീവി
തം എന്നത്ഥമാകണം. പ്രാത്ഥന ഒരിക്ക
ലും ആരേയും തോല്പിച്ചിട്ടില്ല എന്ന പല്ല
വിയോടുക്കൂടിയ ഒരു പ്രാത്ഥനയുണ്ട്. പ്രാ
ത്ഥനയെന്നു വെച്ചാൽ ഈശ്വരനിൽ ലയി
ക്കുക എന്നത്ഥമാണ്.

213 പ്രേമമല്ല ജീവിതനിയമമെങ്കിൽ മൃത്യുമദ്ധ്യത്തിൽ ജീവൻ നിലനിൽക്കുകയില്ലായിരുന്നു. മൃത്യുവിന്മേലുള്ള നിത്യവിജയമാണ് പ്രേമം.

214 പ്രേമം അവകാശപ്പെടുകയല്ല, അർപ്പണം ചെയ്കയേയുള്ളൂ. അതു ത്യാഗാത്മകമാണ്. വൈരനിര്യാതനമോ വിദ്വേഷമോ അതിന്നില്ല. പ്രേമമുള്ളേടത്തു ദൈവമുണ്ടു്.

215 ബിംബാരാധനയല്ല യഥാർത്ഥ ആരാധന; ബിംബത്തിലുള്ള ഈശ്വരനെ ആരാധിക്കലാണ്.

* * * *

ബിംബാരാധകൻ ദൈവത്തെ ശിലാവിഗ്രഹത്തിൽ കാണുന്നു. ദൈവം സർവ്വവ്യാപിയാണ്. കല്ലിൽ ദൈവത്തെ കാണുന്നതു തെറ്റാണെങ്കിൽ ഗീതയിലോ ഗ്രന്ഥസാഹബിലോ ഖുർആനിലോ കാണുന്നതു

എങ്ങിനെ ശരിയാവും? അതും ബിംബാരാധനയല്ലയോ? സഹിഷ്ണുതയും ആദരവും ശീലിച്ച് നാം എല്ലാവരിൽനിന്നും കാര്യങ്ങൾ പഠിക്കണം. എന്നാൽ, സമുദായവ്യത്യാസങ്ങൾ മറന്നു നമുക്ക് സമാധാനത്തോടും രഞ്ജിപ്പോടുംകൂടി ഒന്നായി ജീവിക്കുവാൻ കഴിയും.

216 ബ്രഹ്മചര്യയെന്നാൽ വാക്കിലും വിചാരത്തിലും കാമവികാരത്തെ നിയന്ത്രിക്കുകയാണ്.

* * * *

ബ്രഹ്മചര്യയെന്നുവെച്ചാൽ ബ്രഹ്മത്തിന്റെ, അഥവാ പരമേശ്വരന്റെ മാർഗ്ഗത്തിൽ ചരിയ്ക്കുക-അതായത് മനസ്സിനേയും ഇന്ദ്രിയങ്ങളേയും ഈശ്വരന്റെ മാർഗ്ഗത്തിൽ വെക്കുക-എന്നർത്ഥം.

217 ബ്രഹ്മചര്യാനുഷ്ഠാനത്തിന് ആദ്യം വേണ്ടത് രസനാനിയന്ത്രണമാണ്. ഇതിൽ പൂർണ്ണ

വിജയം ലഭിച്ചാൽ ബ്രഹ്മചര്യം സുകരമായി ത്തീരുന്നു. ബ്രഹ്മചാരിയുടെ ഭക്ഷണം പരിമിതവും ലഘുവും ഏതു, പുളി മുതലായവ ഇല്ലാത്തതും സാധിക്കുമെങ്കിൽ വേവിക്കാത്തതുമായിരിക്കേണമെന്നു ഞാൻ പരീക്ഷണങ്ങൾകൊണ്ടു മനസ്സിലാക്കി. പുത്തൻ കായ്കനികളാണു് ബ്രഹ്മചാരിക്കു പറ്റിയ ഭക്ഷണം. പാൽ ബ്രഹ്മചര്യാനുഷ്ഠാനത്തെ ദുഷ്കരമാക്കും. എന്നാൽ പാൽ ത്യജിക്കുന്നതു അത്ര എളുപ്പമല്ല.

218 ബ്രഹ്മചര്യപ്രാപ്തിക്കായി ആദ്യം വേണ്ടതു അതിന്റെ ആവശ്യം മനസ്സിലാക്കുകയാണു. ക്രമേണ ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുവാൻ ശ്രമിക്കണം. ജീവിക്കുവാൻവേണ്ടി ഭക്ഷിക്കണം, ശുദ്ധവസ്തുക്കളേ കാണാവൂ, അല്പാത്തവയുടെ നേരെ കണ്ണടക്കണം. കീഴ്പ്പോട്ടു നോക്കി നടക്കുന്നതു നല്ല ശീലമാണു്. ഉർഗ്ഗന്ധം ശ്വസിക്കരുതു. കൃത്രിമ

സെൻറിൻെറ വാസനയേക്കാൾ മധുരമാണ് ശുദ്ധമണ്ണിൻേറത്. ബ്രഹ്മചര്യവ്രതക്കാരൻ ഉറങ്ങാത്തപ്പോഴെല്ലാം കൈകാലുകൾകൊണ്ടു ആരോഗ്യകരമായ ജോലിയെടുക്കണം. ഇടക്ക് ഉപവാസവുമാകാം. മൂന്നാമത്തെ വഴി സജ്ജനസംസർഗ്ഗവും സൽഗ്രന്ഥസംസർഗ്ഗവുമാണ്. പിന്നെ പ്രാർത്ഥന. നിത്യവും രാമനാമം ജപിച്ച് ഈശ്വരാനുഗ്രഹത്തിന്നുവേണ്ടി പ്രാർത്ഥിക്കണം.

219 ബ്രഹ്മചാരിയുടെ ദൃഷ്ടിയിൽ സ്ത്രീ നരകവാതിലിൻെറ കാവൽക്കാരിയല്ല; സർവ്വസ്ഥയായ അമ്മയുടെ അവതാരമാണ്.

220 ഭയമാണ് ഏറ്റവും വലിയ പാപം. കാരണം, ഈശ്വരവിശ്വാസമില്ലായ്കയാണ് അതിന്ന കാരണം. ഭയവും മറ്റെല്ലാ ചീത്ത ശീലങ്ങളും കളയാനുള്ള നല്ല വഴി ഹൃദയപൂർവ്വമായ പ്രാർത്ഥനയാണെന്ന് സ്വാനുഭവത്തിൽനിന്ന എനിക്കു പറയാൻകഴിയും.

221 ഭയംകൊണ്ടും അശക്തികൊണ്ടും നിസ്സഹായനായി അക്രമം പൊറുക്കയേക്കാൾ നല്ലതു പ്രതികാരമാണു്.

222 ഭവിഷ്യത്തുകളെ ഭയമുള്ളതുകൊണ്ടാണു് നാം സത്യം പറയാതിരിക്കുന്നതു. ഈശ്വരനെ ഭയപ്പെടുന്നവൻ ഭവിഷ്യത്തുക്കളെ ഭയപ്പെടുകയില്ല. ധർമ്മമേതാണെന്നു മനസ്സിലാക്കേണമെങ്കിലും അതു അനുഷ്ഠിക്കേണമെങ്കിലും അഭയം വേണം. എവിടെ ഭയമുണ്ടോ അവിടെ ധർമ്മമില്ല.

223 ഭക്ഷണം കഴിക്കുന്നതു ഔഷധം കഴിക്കുന്നതുപോലെ ആയിരിക്കണം. അതായതു, സ്വാദുണ്ടോ ഇല്ലയോ എന്നു നോക്കരുതു. എന്നാലല്ല, ശരീരാരോഗ്യത്തിനു് വേണ്ടതു മാത്രമേ കഴിക്കാവൂ. മരുന്നു വളരെ കുറച്ചു കഴിച്ചാൽ ഫലമില്ല—അതെല്ലെങ്കിൽ, മുഴുവൻ ഫലമില്ല. അധികം കഴിച്ചാൽ ശരീരത്തി

ന്ന കേടാണ്. ഇതുതന്നെയാണ് ഭക്ഷണത്തിന്റെയും നില.

224 ഭക്ഷണകാര്യത്തിൽ എല്ലാവരും ശ്രദ്ധിക്കണം. ഒരിക്കൽ ഒരു ധാന്യമേ ഉപയോഗിക്കാവൂ. പലതും ഒന്നായി കലർത്തുന്നതു അനാരോഗ്യകാരണമാണ്. പാലോ ഇറച്ചിയോ മുട്ടയോ കഴിക്കുന്നവർ പയർവർഗ്ഗങ്ങൾ കഴിക്കേണ്ട ആവശ്യമില്ല. ഭക്ഷണം ചാറിലും മറ്റും കലക്കിക്കഴിക്കരുതു. ശുഷ്കഭക്ഷണം കഴിക്കയാണ് അധികം നല്ലതു. ഒരുനേരം വേവിക്കാത്ത ഭക്ഷണം കഴിക്കുന്നതു നന്ന്. മധുരക്കറികൾ തീരേ ഉപേക്ഷിക്കണം.

225 ഭീരുതയുടെ മൂടുപടമാകരുതു് അഹിംസ. അതു് വീരന്റെ പരമധർമ്മമാണ്. വാളെടുക്കാൻ വേണ്ടതിലുമേറെ ധൈര്യം വേണം അഹിംസയെടുപ്പാൻ.

226 ഭീരുതയിൽനിന്ന് അഹിംസാശക്തി വളത്താനാവില്ല. ഹിംസക്കും അഹിംസക്കും ധൈര്യംവേണം. വാസ്തവത്തിൽ അഹിംസക്കാണ് അതു കൂടുതൽവേണ്ടതു്. ധീരതയുടെ ഉച്ചാവസ്ഥയല്ലാതെ മറെറാന്നുമല്ല അഹിംസ.

227 ഭീരുത നശിപ്പിക്കാനുള്ള വഴി ശരീരശക്തി വളത്തലല്ല; അപകടങ്ങളെ നേരിടലാണ്. കുട്ടികളെ പട്ടിൽപൊതിഞ്ഞുവെച്ചു് അവരെ ഭീരുക്കളാക്കരുതു്. കുട്ടികളെ തനിച്ചു വിടണം. അവർ ആപത്തു വരിക്കട്ടെ, ഇടക്കു മരണംപോലും വരിക്കട്ടെ.

228 ഭൂരിപക്ഷത്തിൻെറ ഭൂരിസുഖമെന്ന സിദ്ധാന്തത്തിൽ ഞാൻ വിശ്വസിക്കുന്നില്ല. നഗ്നമായി പറഞ്ഞാൽ 51 ശതമാനം പേക്കുണ്ടാവുമെന്നു വിശ്വസിക്കുന്ന നന്മക്കായി 49 ശതമാനം പേരുടെ താല്പര്യം ബലികഴിക്കാം, അല്ലെങ്കിൽ ബലികഴിക്കണം എന്നാണ് അ

തിന്റെ അത്ഥം. അതു ഹൃദയശൂന്യമായ ഒരു സിദ്ധാന്തമാണ്. അതുകൊണ്ടു് മനുഷ്യരാശിക്കു് ദോഷമുണ്ടായിട്ടുണ്ടു്. അന്യസ്സുള്ള ഏകമാനുഷികസിദ്ധാന്തം സർവ്വരുടെയും നന്മ എന്നതാണ്. അതു സാധിക്കേണമെങ്കിൽ അങ്ങേഅറ്റത്തെ ആത്മത്യാഗം ആവശ്യമാണു്.

229 ഭീരുക്കൾക്കു സംഖ്യാബലം സന്തോഷകരമായിരിക്കും. എന്നാൽ ധീരന്മാർ ഒറ്റയ്ക്കു നിന്നു പൊരുതുവാൻ ഇഷ്ടപ്പെടുന്നു.

230 മതം അമ്മയെപ്പോലെയാണു്. കുട്ടിക്കു് ഇഷ്ടമുള്ള അമ്മയെ സ്വീകരിക്കാൻ വയ്യു. സ്വന്തം അമ്മയെ ബഹുമാനിക്കുന്നവർ മറ്റു അമ്മമാരേയും ബഹുമാനിക്കും. മറ്റുള്ളവരുടെ അമ്മമാരെ ബഹുമാനിക്കാത്തവർ സ്വന്തം അമ്മയേയും വേണ്ടത്ര ബഹുമാനിക്കുകയില്ല.

* * * *

മതവും ശാസ്ത്രവും തമ്മിലുള്ള വിടവ് നികന്നാൽ മതങ്ങൾക്കിടയിലുള്ള വേലിതകരും.

231 മതഗ്രന്ഥങ്ങളുടെ പിൻതുണയുണ്ടെങ്കിലും അബദ്ധത്തിന്ന നിലനില്ക്കാനാവില്ല.

232 മദ്യപിച്ച കുരങ്ങിനോട് മനുഷ്യമനസ്സിനെ ഉപമിച്ചിട്ടുണ്ട്. അതങ്ങിനെയാണെതാനും. സ്വന്തം മനസ്സ പരിശോധിച്ചാൽ നമുക്ക കാണാം അന്യരെപ്പറ്റി ചീത്തയായി വിചാരിപ്പാൻ കാരണമൊന്നുമില്ലെന്ന. സ്വന്തംമനസ്സിൽതന്നെ കൊള്ളക്കാരനേയും കൊലപാതകിയേയും കണ്ടെത്താൻ കഴിയുന്നതാണ്.

233 മദ്യത്തെക്കുറിച്ചുള്ളേടത്തോളം ഭയം പുകവലിയെക്കുറിച്ചും എനിക്കുണ്ട്. അത നമ്മുടെ മന:സാക്ഷിയെ ജഡീഭവിപ്പിക്കുന്ന. പുകവലി ചെകുത്താനാണെങ്കിൽ കൂടി രാക്ഷസനാണ്.

* * * *

പുകവലി വാസ്തവത്തിൽ കുടിയേക്കാൾ ചീത്തയാണ്. കാരണം, ഉപയോഗിക്കുന്നവർ അതു ചീത്തശീലമാണെന്നു അറിയുന്നില്ല; ഇതൊരപരിഷ്കൃതശീലമാണെന്നു കരുതുന്നില്ല.

* * * *

പുകവലി ഒരു കാലത്തു ഹിന്തുക്കളും മുസ്ലിമീങ്ങളും അശ്രദ്ധിയായി കരുതിയിരുന്നു. ഇന്നും തെക്കെ ഇന്ത്യയിൽ ക്ഷേത്രപരിസരങ്ങളിലും പള്ളിയുടെ പരിസരങ്ങളിലും പുകവലിക്കാൻ അനുവദിക്കുകയില്ല. ഉത്തരേന്ത്യയിൽ മന്ത്രം ചൊല്ലി പൂജക്കു ഇരിക്കുമ്പോൾ പുരോഹിതന്മാർ പുകവലിക്കുന്നതു കാണാം. ചായസല്ക്കാരങ്ങൾ കഴിഞ്ഞാൽ പാൻസുപാരി പോലെ സിഗരറു വിതരണം ചെയ്യുന്നതുകാണം. ലക്ഷാപിലക്ഷം ഉറുപ്പിക വിലക്കുള്ള സിഗരറു ഇറക്കുമതി ചെയ്യുവരുന്നുണ്ടു്. ഇവിടെയുണ്ടാ

ക്കുന്നാബീഡിക്കും ചുരുട്ടിന്നും സിഗരറിന്നും പുറമെയാണിതു.

234 മനസ്സു എപ്പോൾ ദുഷിക്കുന്നുവോ അപ്പോൾ ശരീരവും ദുഷിക്കുന്നു. അതിനാൽ മനസ്സിലുണ്ടാകുന്ന നാനാവിധ ദുർവികാരങ്ങളും പ്രലോഭനങ്ങളുമൊക്കെ രോഗത്തിന്റെ ഓരോ രൂപങ്ങൾ മാത്രമാണ്.

235 മനസ്സിന്നു നാം വഴിപ്പെട്ടാൽ മനസ്സും ശരീരവും രണ്ടു വഴിക്കു പോകും.

236 മനസ്സ് പാപത്തിൽനിന്നു മോക്ഷത്തിലേക്കു ഉയരുന്നോറും ശരീരവും രോഗമുക്തമാകുന്നു.

* * * *

നാം നമ്മുടെ അറിവില്ലായ്മയുടെ ഫലമായി കഠിനവ്യാധികളെ വരുത്തി വെച്ചിട്ട് അതിനെ ചികിത്സിച്ചു സുഖപ്പെടുത്തുവാൻ ശ്രമിക്കുന്നതിനേക്കാൾ നല്ലതു ആരോഗ്യസംരക്ഷണ വിഷയത്തിൽ പ്രത്യേകം മനസ്സുവെച്ചു് രോഗങ്ങളെ തടയുന്നതായിരിക്കും.

237 മനസ്സിനെ നിയന്ത്രിക്കാൻ സാധിച്ചാൽ മാത്രമതി മനുഷ്യൻ ഒരു വനരാജനെപ്പോലെ സ്വതന്ത്രനാകും. അവന്റെ ഒരു നോട്ടം തന്നെ ശത്രുവിനെ ദുർബ്ബലനാക്കിത്തീർക്കും.

238 മനസ്സിന്റേയും ദേഹത്തിന്റേയും ഒന്നായ വികസനവും അതോടൊപ്പംതന്നെ ആത്മാവിന്റെ ഉണർവ്വും സാധിക്കുന്നില്ലെങ്കിൽ വിദ്യാഭ്യാസം ദുർബ്ബലവും ദുഷ്ടവുമായിത്തീരുന്നു. കൈ, കാൽ, കണ്ണ്, ചെവി, മൂക്ക മുതലായ ഇന്ദ്രിയങ്ങളുടെ പരിശീലനത്തിൽക്കൂടി മാത്രമേ ബുദ്ധിപരമായ യഥാർത്ഥവിദ്യാഭ്യാസം കൈവരികയുള്ളൂ.

239 മനുഷ്യഹൃദയത്തിൽ ജ്യോതിസ്സും തമസ്സും തമ്മിലുള്ള നിത്യമായ പോരാട്ടം നടക്കുന്നു. പ്രാർത്ഥനയാകുന്ന നങ്കൂരത്തെ ആശ്രയിക്കാത്തവൻ തമോശക്തിയിലേക്കു അടിപ്പെടും.

240 മനുഷ്യൻ തന്റെ വിചാരങ്ങൾ പുറത്തു പറയുകപോലും ആവശ്യമില്ലാത്ത ഒരു ഘട്ടം

ജീവിതത്തിലുണ്ടു്. പ്രവൃത്തികൊണ്ടു അവയെ വെളിപ്പെടുത്തേണ്ട ആവശ്യമില്ലാത്ത ഘട്ടമുണ്ടെന്നു പിന്നെ പറയേണ്ടതില്ലല്ലോ. വെറും വിചാരങ്ങൾ പ്രവർത്തിക്കുന്നു, അവയ്ക്കു ആ ശക്തിയുണ്ടാകുന്നു. അപ്പോൾ അദ്ദേഹത്തിന്റെ പ്രത്യക്ഷമായ അകർമ്മമാണു് അദ്ദേഹത്തിന്റെ കർമ്മം എന്നു പറയാം. ആ നിലയിൽനിന്നു (ഗീതയിൽ പറയുന്ന അകർമ്മത്തിൻകർമ്മം) വളരെ അകലെയാണു് ഞാനെന്നു സമ്മതിച്ചുകൊള്ളുന്നു. ആ വഴിക്കാണു് എന്റെ ശ്രമമെന്നു മാത്രമേ എനിക്കു പറയാൻ കഴിയൂ.

241 മനുഷ്യൻ നിസ്സാരനാണു്. നേപ്പോളിയൻ പലതും ഉദ്ദേശിച്ചുവെങ്കിലും സെയിൻറ് ഹെലനാദ്വീപിൽ തടവുകാരനായിത്തീർന്നു. യൂറോപ്പിന്റെ ചക്രവർത്തിയാകേണമെന്നു കൈസർ മോഹിച്ചു. അദ്ദേഹം വെറുമൊരു സാധാരണ മനുഷ്യനായിത്തീർന്നു. അ

ങ്ങിനെയാണ് ഈശ്വരേച്ഛ. ഇതെല്ലാം ഓർത്തു നാം വിനീതരാവുക.

* * * *

വിനയമില്ലെങ്കിൽ സഹകരണത്യാഗി കൊള്ളരുതാത്തവനാണ്. ആത്മസംതൃപ്തി ഒരുവനിൽ നഴഞ്ഞുകയറിയാൽ അവന്റെ വളച്ചു നിന്നു. ശിഥിലമനസ്കതയോടുക്രൂടി ചെയ്യുന്ന നിസ്സാരത്യാഗത്തിന്റെ നിസ്സാരത അതു ചെയ്യുന്നവക്കുതന്നേ അറിയാം.

242 മനുഷ്യൻ ബുദ്ധിശക്തി മാത്രമോ, സ്ഥൂലശരീരം മാത്രമോ, ഹൃദയമോ ആത്മാവോ മാത്രമോ അല്ല. അവ മൂന്നിന്റെയും സമജ്ജസവും സന്നിബദ്ധവുമായ സമ്മേളനമുണ്ടായാലേ പരിപൂർണ്ണമനുഷ്യനാവൂ. അവയുടെ മിതസമാജ്ജനംതന്നെയാണ് വിദ്യാഭ്യാസവും.

243 മനുഷ്യനെ വിശ്വസിക്കണമെന്നു ഞാൻ വിശ്വസിക്കുന്നു. വിശ്വാസം വിശ്വാസ

ത്തെ ഉളവാക്കുന്നു. ശങ്ക നിഷ്ഫലമാണ്. അതു ദുർഗ്ഗന്ധമുണ്ടാക്കുന്നു. വിശ്വസിച്ചവനു ഇതേവരെ ചേതം വന്നിട്ടില്ല. സംശയഗ്രസ്തൻ തനിക്കും ലോകത്തിനും നഷ്ടപ്പെട്ടവനാണ്. ഹിംസയുടെ വിളനിലമാണ് ശങ്ക.

244 മനുഷ്യസേവനത്തിനായി ജീവിക്കുവാൻ മാത്രം ഭക്ഷിക്കുക. സുഖഭോഗത്തിനായി ജീവിക്കരുതു്. അതുകൊണ്ടു നിങ്ങളുടെ മനസ്സിനേയും ദേഹത്തേയും നല്ല നിലയിൽ നിർത്തുവാൻ വേണ്ടത്തക്ക ഭക്ഷണം മാത്രമേ കഴിക്കാവൂ. മനുഷ്യൻ എന്തു ഭക്ഷിക്കുന്നുവോ അതുപ്രകൃതിയാണു് അയാൾക്കു ലഭിക്കുക.

245 മനുഷ്യസ്വഭാവത്തിൽ എനിക്കു ഒട്ടുംതന്നെ അവിശ്വാസമില്ല. വരിഷ്ഠവും വിശിഷ്ടവുമായ പെരുമാറ്റത്തിനു അതു തീച്ചയായും സ്വാധീനമാകും.

246 മരിച്ചുപോകുന്ന ഡോക്ടർമാരുടേയും വൈദ്യന്മാരുടേയും പിന്നാലെ നാം ഓടിനടക്കുന്നതും, നശിക്കാത്ത, പിഴക്കാത്ത വൈദ്യനായ ഈശ്വരനെ മറന്നുകളയുന്നതും എന്തൊരത്ഭുതമാണ്!

247 മരണം ആക്കും എപ്പോൾ വന്നാലും അതിൽ പരിതപിക്കാതിരിക്കുന്ന വിദ്യ നാം പഠിക്കണം. സ്വന്തം മരണത്തെക്കുറിച്ചു ഉദാസീനനായാൽ ഇതു സാധിക്കും. സ്വധർമ്മം നിരവേറിയെന്ന ബോധമുണ്ടായാൽ ഈ ഉദാസീനതയുമുണ്ടാകും.

248 മറെറല്ലാ അനുഷ്ഠാനങ്ങളുമെന്നപോലെ ബ്രഹ്മചര്യവും വാക്കിലും വിചാരത്തിലും പ്രവൃത്തിയിലും വേണം. ദുഷ്ടവിചാരം നിയന്ത്രിക്കാതെ ശരീരത്തെ നിയന്ത്രിക്കാൻ ശ്രമിക്കുന്ന മൂഢൻ നിഷ്ഫലശ്രമം ചെയ്കയാണ്.

249 മറുള്ളവരുടെ അഭിപ്രായങ്ങൾ ചീത്തയാണെന്നും നമ്മുടേതുമാത്രം നല്ലതാണെന്നും

നമ്മുടേതല്ലാത്ത അഭിപ്രായമുള്ളവർ രാജ്യ
ശത്രുക്കളാണെന്നും പറയുന്നതു ഭൂഷ്ടീലമാണം.
നമുക്കുള്ളേടത്തോളം സത്യസന്ധതയും സ
രാജ്യസ്നേഹവും ഉണ്ടെന്നു കരുതി എതിർ
കക്ഷിയേയും നാം ബഹുമാനിക്കണം.

250 മറുള്ളവരോടു സത്യമായി പെരുമാറേണമെ
ങ്കിൽ അവനവനോടുതന്നെ ആദ്യം സത്യ
സന്ധനായിരിക്കണം.

251 മുസ്ലീംകൾക്ക് അനുകൂലമായി പക്ഷപാതം
കാണിച്ചു ഞാൻ ഹിന്ദുതാല്പര്യങ്ങളെ ബലി
കഴിക്കുന്നുവെന്നു ആക്ഷേപിച്ചുകൊണ്ടുള്ള
എഴുത്തുകൾ എനിക്കു കിട്ടിക്കൊണ്ടിരിക്കു
ന്നുണ്ടു്. മുസ്ലീംകളുടെ സുഹൃത്തായിത്തീരു
കകൊണ്ടു ഞാൻ ഒരു യഥാർത്ഥ ഹിന്തു
വായിത്തീരുകയും ഹിന്തുക്കളേയും ഹിന്തുമത
താല്പര്യങ്ങളേയും യഥാർത്ഥമായി സേവിക്കുക
യുമാണു് ചെയ്തിട്ടുള്ളതെന്നു അറുപതു കൊ
ല്ലത്തെ എന്റെ ജീവിതംകൊണ്ടു തെളി

ഞ്ഞിട്ടില്ലെങ്കിൽ എന്റെ വാക്കുകൾകൊ
ണ്ടു എങ്ങിനെയാണ് ഞാൻ തെളിയിക്കുക?

252 മുസ്ലിമീങ്ങളോ മറ്റാരെങ്കിലുമോ കൊല്ലുന്ന
പശുവിനെ രക്ഷിക്കേണ്ടതു ഹിന്തുക്കളുടെ
കടമയല്ലെന്നു ഞാൻ കരുതുന്നു. ഹിന്തുവി
ന്റെ കടമ സസ്നേഹം പശുവിനെ വളർത്തു
ക മാത്രമാണ്. ഗോരക്ഷ ലോകത്തെക്കൊ
ണ്ടു സ്വീകരിപ്പിക്കുവാൻ ഹിന്തുക്കൾക്കുള്ള
ഏകമാർഗ്ഗം ഗോരക്ഷയിലും അതിനോടു
ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും മാതൃകാ
പാഠം കാണിച്ചുകൊടുക്കുകയാണ്.

*　　*　　*　　*

ഇന്ത്യ ഹിന്തുക്കളുടെമാത്രം രാജ്യമല്ല; മുസ്ലീ
മിങ്ങളുടേയും ക്രിസ്ത്യാനികളുടേയും പാർസി
കളുടേയും സിക്കുകാരുടേയും മറ്റും രാജ്യമാ
ണ്. മതപരമായ കാരണംകൊണ്ടു നാം
ഇന്ത്യൻ യൂനിയനിൽ ഗോവധം നിരോധി
ച്ചാൽ പാക്കിസ്ഥാനിൽ ഇതേ കാരണത്താ

ൽ എന്തുകൊണ്ടു ബിംബാരാധന നിരോധിച്ചുകൂടാ?

അസംഖ്യം ഹിന്തുക്കൾ പശുക്കളെ ദ്രോഹിച്ചു മെല്ലെ മെല്ലെ കൊല്ലുകയെന്ന പാപം ചെയ്യുന്നുണ്ടു്. കൊല്ലാനെന്നറിഞ്ഞുകൊണ്ടു ഹിന്തുക്കൾ പശുക്കളെ വിദേശങ്ങളിലേക്കു കയറ്റി അയക്കുന്നുണ്ടു. അവ ഗോമാംസരസായനങ്ങളായി ഇന്ത്യയിലേക്കു മടങ്ങിവരും.

253 ഗോബലി ഈശ്വരനു അകീർത്തികാരണമാണു്. അദ്ദേഹത്തിനു വേണ്ടതു—വല്ലതും വേണമെന്നു കരുതുന്നുണ്ടെങ്കിൽ—പശ്ചാത്താപവും വിനയവുമുള്ള ഹൃദയത്തിന്റെ ബലിയാണു്.

254 മതത്തിന്റെ ഹൃദയവും കാതലുമാണു് പ്രാർത്ഥന. അതിനാൽ മനുഷ്യജീവിതത്തിന്റെ കാമ്പും അതുതന്നെയായിരിക്കണം. മതമി

ല്ലാതെ ആർക്കും ജീവിക്കാനാവില്ല. ബുദ്ധി
യുടെ മദംകൊണ്ടു് തങ്ങൾക്കു് മതവുമായി
യാതൊരു ബന്ധവുമില്ലെന്നു് പറയുന്നവരു
ണ്ടാവാം. ശപസിക്കുന്നുണ്ടെങ്കിലും തനിക്കു
മൂക്കില്ലെന്നു പറയുന്നവരുണ്ടാവാം.

255 മനുഷ്യനിർമ്മിതമായ ക്ഷേത്രങ്ങളിലോ വിഗ്ര
ഹങ്ങളിലോ ദൈവത്തെ കാണുവാൻ കഴി
കയില്ല. വ്രതാനുഷ്ഠാനങ്ങൾകൊണ്ടും അതു
കഴികയില്ല. പ്രേമംകൊണ്ടു—പ്രാപഞ്ചി
കമല്ല, ദിവ്യമയ പ്രേമംകൊണ്ടു്—മാത്രമേ
ദൈവത്തെ കാണുവാൻ സാധിക്കൂ.

256 മനസ്സിനു നാം വഴിപ്പെട്ടാൽ മനസ്സും ശരീര
വും രണ്ടു വഴിക്കു പോകും; നാം ആത്മവ
ഞ്ചകരായിത്തീരുകയും ചെയ്യും. ദുഷ്ടവി
ചാരത്തെ നാം തടുക്കുന്നേടത്തോളം കാലം
മനസ്സും ശരീരവും ഒരുമിച്ചു പോകുന്നുവെന്നു
പറയാം.

257 മാനസികാശുചി കായികാശുചിയേക്കാൾ ചീത്തയാണ്. പക്ഷെ, പുറത്തെ അശുചി അകത്തുള്ളതിന്റെ സൂചന മാത്രമാണ്.

258 മാലിന്യങ്ങൾ നീക്കി സ്ഥലം മുമ്പത്തേക്കാളേറെ വൃത്തിയുള്ളതാക്കുന്ന ഒരു ചൂലുപോലെയാണ് തെറ്റു സമ്മതിക്കൽ.

259 മൌനംകൊണ്ടു പ്രപഞ്ചസംഗീതം കേൾക്കുമാറാകുന്നു.

260 യഥാർത്ഥസൌഭാഗ്യം ഹൃദയപരിശുദ്ധിയാണ്.

261 യഥാർത്ഥകല രൂപത്തിൽ മാത്രമല്ല അതിന്റെ പശ്ചാത്തലത്തിലും ശ്രദ്ധിക്കും. ജീവൻ കൊടുക്കുന്ന കലയും ജീവൻ കെടുക്കുന്ന കലയും ഉണ്ട്. യഥാർത്ഥകല തൽക്കർത്താക്കളുടെ സൌഖ്യത്തിന്റേയും സംതൃപ്തിയുടേയും പരിശുദ്ധിയുടേയും തെളിവായിരിക്കണം.

262 യഥാർത്ഥധൈര്യം കിടക്കുന്നതു ആത്മജയത്തിലാണ്; പരാജയത്തിലല്ല.

263 യഥാർത്ഥകലകളെല്ലാം ആത്മസാക്ഷാൽക്കാരത്തിനു് മനുഷ്യനെ സഹായിക്കണം. എന്റെ സ്വന്തം കാര്യം പറയുകയാണെങ്കിൽ ആത്മസാക്ഷാൽക്കാരത്തിനു് എനിക്കു് ബാഹ്യരൂപങ്ങളൊന്നും ആവശ്യമില്ല. എന്റെ മുറിയുടെ ചുമരുകൾ ഒഴിഞ്ഞതായിരിക്കാം; അനന്തസൌകുമാര്യത്തോടുകൂടി പരന്നുകിടക്കുന്ന നക്ഷത്രമണ്ഡിതമായ ആകാശത്തിലേക്കു നോക്കുവാൻ കഴിയുന്നതിനുവേണ്ടി ഞാൻ മേല്പുരതന്നെ വേണ്ടെന്നുവെച്ചേക്കാം. ആകാശത്തിലേക്കു നോക്കുമ്പോൾ മിന്നിത്തിളങ്ങുന്ന താരങ്ങളോടുകൂടിക്കാണുന്ന മനോഹരകാഴ്ചകളോടു ഉപമിക്കാവുന്ന ഏതെങ്കിലും മനുഷ്യന്റെ ഏതു കൃതിക്കാണ് നൽകാൻ കഴിയുക? പ്രകൃതിരാമണീയകവുമായി താരതമ്യപ്പെടുത്തി

നോക്കുമ്പോൾ കലാവസ്തുക്കൾ തുച്ഛങ്ങളാ
ണെന്നു് എനിക്കു് തോന്നിപ്പോകുന്നു. മ
നുഷ്യന്റെ ആത്മസാക്ഷാൽക്കാരത്തിനു്
സഹായിക്കുന്നേടത്തോളം മാത്രമേ കലയ്ക്കു്
വിലയുള്ളൂ.

264 യന്ത്രമല്ല മനുഷ്യനാണു് മുഖ്യം. യന്ത്രം അ
വന്റെ അവയവങ്ങളെ ക്ഷയിപ്പിക്കരുതു.

265 യന്ത്രങ്ങൾ മനുഷ്യനെ സഹായിക്കുകയും അ
വന്റെ ക്ലേശങ്ങൾ കുറയ്ക്കുകയുമാണു് ചെ
യ്യേണ്ടതു. എന്നാൽ ഇന്നു അതു, അല്പം
ചിലരുടെ കൈയിൽ ധനം ശേഖരിച്ചുവെ
ക്കാനും ലക്ഷോപലക്ഷം ജനങ്ങളെ ദാരിദ്ര്യ
ത്തിൽ തള്ളിയിടുവാനും ഉപകരിക്കുന്നു.

266 യന്ത്രങ്ങളുടെ വിരോധിയല്ല ഞാൻ. ഈ ദേ
ഹംതന്നെ എത്രയും മനോഹരമായ ഒരു യ
ന്ത്രമാണു്. ചക്കയും ഒരു യന്ത്രമാണു്.
എന്റെ വിരോധം യന്ത്രത്തോടല്ല, യന്ത്ര
ത്തോടുള്ള ഭ്രാന്തിനോടാണു്. അദ്ധ്വാനം

കുറയ്ക്കുവാൻ യന്ത്രം ഉപയോഗിക്കുന്നതു അസംഖ്യം ആളുകളുടെ വയറ്റത്തടിക്കുകയായിരിക്കും.

ചെയ്യാനുള്ള പണിക്കു കൈകൾ പോരാതെ വരുമ്പോൾ യന്ത്രങ്ങൾ ഉപയോഗിക്കാം. ആവശ്യത്തിലധികം കൈകളുള്ളപ്പോൾ യന്ത്രങ്ങൾ ഉപയോഗിക്കുന്നതു തിന്മയാണ്. വളരെപ്പേരെ പോഷണം ചെയ്യാൻവേണ്ടി, കുറച്ചുപേരുടെ കൈകളിൽ പണവും അധികാരവും കേന്ദ്രീകരിക്കുവാനായി, യന്ത്രങ്ങളെ സംഘടിപ്പിക്കുന്നതു തെറ്റാണെന്നു ഞാൻ കരുതുന്നു.

267 യാതൊരു സംസ്കാരത്തിനും ഒറ്റപ്പെട്ടു ജീവിക്കാൻ കഴികയില്ല. ആര്യന്മാർ ഇന്ത്യയിൽത്തന്നെ ഉണ്ടായിരുന്നവരാണോ അതോ സ്വാഗതം ചെയ്യപ്പെടാതെ ഇവിടെ കയറിവന്നവരാണോ എന്ന വിഷയം എനിക്കു രസാവഹമല്ല. എന്റെ പൂർവ്വീകന്മാർ

പരസ്പരം ഇടകലർന്നിരുന്നുവെന്നും അവരുടെ സച്ഛന്ദമായ ആ സമ്മേളനത്തിന്റെ ഫലമാണ് നാമെന്നും ഉള്ളതത്രേ എനിക്കു രസാവഹമായ സംഗതി.

268 (യാതൊരാളുടേയുംമേൽ അധികാരം നടത്താൻ എനിക്ക് പ്രേമമല്ലാതെ മറെറാരായുധമില്ല. ലോകത്തോടുള്ള പ്രേമബന്ധം എന്നതാണ് എന്റെ ജീവിതലക്ഷ്യം. ഏറെറവും അഗാധമായ പ്രേമവും ദോഷങ്ങളോടു ഏറെറവും ശക്തിയായ എതിർപ്പും ഒന്നായിക്കാണിപ്പാൻ എനിക്കു കഴിയും.)

269 യുക്തിവിരുദ്ധമോ ആത്മീയമായി അനുഭവൈകവേദ്യമല്ലാത്തതോ ആയ ഒന്നുംതന്നെ ഈശ്വരപ്രോക്തങ്ങളാവാൻ തരമില്ല.

270 യുക്തിയേയും ഹൃദയത്തേയും കീഴ്പ്പെടുത്തുവാനുള്ളതല്ല മതഗ്രന്ഥങ്ങൾ; അവയെ പ്രകാശിപ്പിക്കുവാനുള്ളതാണ്.

271 യുക്തിയെ അമത്താനല്ല ഞാൻ ആവശ്യപ്പെടുന്നതു്; യുക്തിക്കുതന്നെ നിലകൊടുക്കുന്നതായി നമ്മിൽ കുടികൊള്ളുന്ന ശക്തിയെ വേണ്ടപോലെ ആദരിക്കാനാണു്.

272 യുക്തി സർവ്വശക്തനാണെന്ന അവകാശപ്പെടുന്നപക്ഷം അതു ഒരു ബീഭത്സനായ രാക്ഷസനാണു്. യുക്തിക്കു സർവ്വശക്തി കല്പിച്ചുകൊടുക്കുന്നതു് കല്ലിനേയും മരത്തേയും ദൈവമാക്കി ആരാധിക്കുന്നതിലുമേറെ ഛീത്തയായ വിഗ്രഹാരാധനയാണു്.

273 യുക്തികളുടെ പരിധികളെ മനസ്സിലാക്കുവാൻ വേണ്ടതു വിനയം എനിക്കു അനുഭവംകൊണ്ടുണ്ടായിരിക്കുന്നു. അസ്ഥാനത്തുള്ള വസ്തുക്കൾ മാലിന്യങ്ങളാകുന്നതുപോലെ ഒരുപയോഗപ്പെടുത്തപ്പെടുന്ന യുക്തി ഉന്മാദമായിത്തീരുന്നു.

274 യുദ്ധത്തിന്റെ സാഫല്യത്തിലും അതോടൊന്നിച്ചുള്ള ഭയങ്കരമായ വഞ്ചനയിലും കാപ

ട്യത്തിലുമുള്ള വിശ്വാസം ഉപേക്ഷിച്ച് എ
ല്ലാ വർഗ്ഗങ്ങളുടെയും രാഷ്ട്രങ്ങളുടെയും സമ
ത്വത്തെ അടിസ്ഥാനമാക്കിയ യഥാർത്ഥസ
മാധാനം നിർമ്മിക്കുവാൻ ഉറയ്ക്കുന്നതുവരെ
സഖ്യശക്തികൾക്കോ ലോകത്തിനോ സ
മാധാനം ലഭിക്കുകയില്ലെന്ന എന്റെ വി
ശ്വാസം ഞാൻ ആവർത്തിച്ചുകൊള്ളട്ടെ. ഇ
ത്തരമൊരു ലോകത്തിൽ മാത്രമേ സൈന്യ
ഭിഷ്യാ ഭർബ്ബലമായ രാഷ്ട്രവും ഭീഷണിയിൽ
നിന്നും ചൂഷണത്തിൽനിന്നും സ്വതന്ത്രമാ
യിരിക്കയുള്ളൂ.

275 യേശു, മുഹമ്മദ്, ബുദ്ധൻ, നാനാക്ക്, കബീ
ർ, ചൈതന്യൻ, ശങ്കരൻ, ദയാനന്ദൻ, രാ
മകൃഷ്ണൻ ഇവരെല്ലാം അനേകായിരം ജന
ങ്ങളുടെ സ്വഭാവത്തിൽ മാറ്റം വരുത്തിയ
വരാണ്. അവർ ജീവിച്ചതുകൊണ്ടു് ഈ
ലോകത്തിന്റെ വില ക്രൂടിയിരിക്കുന്നു.

276 യോദ്ധാവിന്റെ യുദ്ധം തന്നെയാണ് വിജയം. അവൻ അതിൽ മാത്രമാണ് രമിക്കുന്നത്. സ്വതന്ത്രനായാലും ബന്ധനസ്ഥനായാലും സത്യാഗ്രഹി എപ്പോഴും വിജയിയാണ്. സത്യവും അഹിംസയും ത്യജിച്ചാൽ മാത്രമാണ് അവൻ പരാജിതനാകുന്നത്. അതിനാൽ സത്യാഗ്രഹിക്ക് പരാജയമെന്നൊന്നുണ്ടെങ്കിൽ അതിനു അവൻതന്നെയാണ് കാരണം.

277 രാഷ്ട്രീയ കാര്യത്തിലെന്നപോലെ സാമുദായികകാര്യത്തിലും സത്യാഗ്രഹം ഉപയോഗിക്കാവുന്നതാണ്. ഗവണ്മെണ്ടോടോ സമുദായത്തോടോ കുടുംബത്തോടോ അമ്മയച്ഛന്മാരോടോ ഭാര്യയോടോ ഭർത്താവോടോ എല്ലാം അതു ഉപയോഗിക്കാം-ഹിംസാലേശമില്ലാതെ, പ്രേമപ്രേരിതമായി ചെയ്യേണമെന്നേയുള്ളൂ.

* * * *

തന്റെ ചുറ്റുപാടും നടക്കുന്ന അസത്യത്തിന്റെയും അന്യായത്തിന്റെയും അധർമ്മത്തിന്റെയും നേരെ ഉദാസീനനായിരിക്കുന്ന ഒരു വ്യക്തിക്ക് സത്യത്തെ സാക്ഷാൽക്കരിക്കുവാൻ സാധിക്കുകയില്ല. സത്യാന്വേഷകൻ ആ അസത്യത്തെയും അന്യായത്തെയും അധർമ്മത്തെയും വെറുക്കുവാൻ കടുത്തപ്പെരുഷം പ്രയോഗിക്കണം.

278 രക്തസാക്ഷിയുടെ മരണം നേരിടാൻ തക്കവണ്ണം നമ്മളെല്ലാം ധീരരാകണം. എങ്കിലും അതാരും കൊതിച്ചുകൊണ്ടിരിക്കരുത്.

279 രാമനാമം ഈശ്വരന്റെ അസംഖ്യം പേരുകളിൽ ഒന്നു മാത്രമാണ്. ലോകത്തിൽ എത്ര മനുഷ്യരുണ്ടോ അത്ര പേരുകളുണ്ട് ഈശ്വരന്ന്.

* * * *

രാമായണാമൃതം ആത്മാവിന്ന ആനന്ദംതരി
കയും ദേഹത്തിന്റെ അസ്വാസ്ഥ്യം അക
റുകയും ചെയ്യുന്നു.

280 രാക്ഷസമാർഗ്ഗത്തിൽ ജീവിക്കയേക്കാൾ നല്ല
തു് ഈശ്വരമാർഗ്ഗത്തിൽ മരിക്കുകയാണു്.

281 രോഗഭയമാണു് രോഗത്തേക്കാൾ മരണഹേതു.

282 രോഗിയാവുക എന്നതു് അൽപം ലജ്ജാവഹ
മായിരിക്കണം. രോഗം എന്നുവെച്ചാൽ
എന്തോ അബദ്ധമെന്നാണർത്ഥം. ശരീര
വും മനസ്സും ദൃഢമായവർക്കു് ഒരിക്കലും രോ
ഗമുണ്ടാകുവാൻ പാടില്ല.

283 ലക്ഷ്യത്തോളംതന്നെ ശുദ്ധമായിരിക്കണം മാ
ർഗ്ഗവും.

284 ലക്ഷ്യം എപ്പോഴും നമ്മിൽനിന്നു ഒഴിഞ്ഞുമാ
റിക്കൊണ്ടിരിക്കും. എത്രയേറെ പുരോഗ

തി ഉണ്ടാകുന്നവോ അത്രയേറെ നമ്മുടെ കൊള്ളരുതായ്മ നമുക്കു ബോദ്ധ്യപ്പെട്ടും. ചാരിതാർത്ഥ്യം കിടക്കുന്നതു പ്രയത്നത്തിലാണ്; ഫലപ്രാപ്തിയിലല്ല. പൂർണ്ണപ്രയത്നം പൂർണ്ണവിജയമാണ്.

285 ലോകഗ്രഹണത്തിനുവേണ്ടി, സ്വമേധയാ സംശുദ്ധമായ ആത്മാവ്പ്പണം ചെയ്യാൻ സാധിക്കുന്നതിനു വേണ്ടി, ഇന്ത്യ സ്വതന്ത്രയും സുശക്തയുമാകണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യം സമാധാനത്തേയും യുദ്ധത്തേയും കുറിച്ചുള്ള ലോകാഭിപ്രായത്തിൽ മാറ്റം വരുത്തും. അവളുടെ അശക്തി ലോകത്തെ മുഴുവൻ ബാധിക്കുന്നുണ്ട്.

* * * *

ഒരിക്കലും നശിക്കാത്തതും ഏതു ഭൌതികശക്തിയേയും അതിശയിക്കാൻ കഴിയുന്നതും ലോകത്തിന്റെ മുഴുവൻ ഭൌതികബലത്തോ

യും ധിക്കരിക്കാൻ ത്രാണിയുള്ളതുമായ ഒരാത്മാവ് ഇന്ത്യക്കുണ്ടെന്നു ഇന്ത്യക്കാർ മനസ്സിലാക്കേണമെന്നു ഞാനാഗ്രഹിക്കുന്നു.

286 ലോകം അറിയാൻ പാടില്ലെന്നു് നാം വിചാരിക്കുന്ന വിചാരങ്ങൾ നാം വിചാരിക്കുമ്പോഴുമരുതു്.

* * * *

ഉച്ചരിച്ച വാക്കിനേക്കാൾ ശക്തി നിശ്ശബ്ദവിചാരത്തിനാണു്. ഒരു നല്ല വിചാരത്തിനു ലോകത്തിൽ മുഴുവൻ വ്യാപിക്കാൻ കഴിയും. ഒരിക്കലും നല്ല വിചാരം വ്യർത്ഥമല്ല. വിചാരം വാക്കിൽ പകർത്തുവാൻ ശ്രമിക്കുമ്പോൾ അതു പരിമിതമായിത്തീരുന്നു. വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ഒരു വിചാരം പൂർണ്ണമായി പ്രകടിപ്പിക്കുവാൻ സാദ്ധ്യമല്ല.

287 ലൈംഗികപ്രചോദനം വിശിഷ്ടവും വരിഷ്ഠവുമാണു്. അതിനെപ്പറ്റി ലജ്ജിക്കേണ്ട

തായൊന്നുമില്ല. എന്നാൽ അതു സന്തതൃല്പാദനേത്തിനായി മാത്രമുള്ളതാണ്. മറെറന്തുവിധത്തിലും അതുപയോഗപ്പെടുത്തുന്നതു ദൈവത്തോടും മനുഷ്യനോടും കാണിക്കുന്ന പാതകമാണ്.

288 വക്കീൽമാർ കലഹങ്ങളെ ഒതുക്കുന്നതിനു പകരം വർദ്ധിപ്പിക്കുകയേയുള്ളൂ. മാത്രമല്ല, പലരും കലഹമുണ്ടാക്കിവളർത്തുവാൻ ശ്രമിക്കുന്നവരായും ഉണ്ടു. അവരുടെ ഉദ്ദേശം വിഷമത്തിൽപ്പെട്ടവരെ സഹായിക്കുകയല്ല; അവരുടെ വിഷമത്തിൽനിന്നും സ്വയം ധനികരാവുകയാണ്.

* * * *

അപരാധം ചെയ്തവനെ നിരപരാധിയാണെന്നു തെളിയിക്കലല്ല, സത്യം കോടതിയെ അറിയിക്കലും അതു കാണാൻ കോടതിയെ സഹായിക്കലുമാണ് വക്കീൽമാരുടെ കടമ.

289 വസ്തുക്കൾക്ക് രണ്ടു വശമുണ്ട്—ബാഹ്യവും അഭ്യന്തരവും. അഭ്യന്തരത്തെ സഹായിക്കുന്നോടത്തോളമല്ലാതെ ബാഹ്യത്തിന്നർത്ഥമില്ല. ഇങ്ങിനെ എല്ലാ കലയും ആത്മപ്രകടനമാണ്. മനുഷ്യന്റെ അന്തരാത്മാവിന്റെ പ്രകടനമാകുന്നോടത്തോളംമാത്രമേ ബാഹ്യരൂപങ്ങൾക്ക് വിലയുള്ളൂ. അത്തരം കല എനിക്ക് വളരെ ഇഷ്ടമാണ്. എന്നാൽ, പല കൃതികളിലും ആത്മാവിന്റെ ഊർദ്ധ്വഗതിയുടേയോ അസ്വാസ്ഥ്യത്തിന്റേയോ യാതൊരു ലക്ഷണവും കാണുന്നില്ല.

290 വർണ്ണത്തെ ഇന്ന മനസ്സിലാക്കിവരുന്നതു അബന്ധമായിട്ടാണ്. അയിത്തം പോകണം. മിശ്രഭക്ഷണം, മിശ്രവിവാഹം ഇവക്ക് വർണ്ണവുമായി യാതൊരു ബന്ധവുമുണ്ടാകാൻ പാടില്ല. ഒരുവൻ ആരുടെക്കൂടെ ഇരുന്നു

ഭക്ഷിക്കുകയും ആരെ വിവാഹം ചെയ്യുകയുമാകാം

* * * *

ഞാൻ മലബാറിൽ കടന്നശേഷം പല പൊതുയോഗങ്ങളിലുംവെച്ചു പറഞ്ഞിട്ടുള്ളതുപോലെ, ഇന്ത്യയിലൊട്ടാകെയുള്ള അയിത്തത്തിന്റെ ഒരു പടം വരക്കുകയാണെങ്കിൽ അതിൽ ഏറ്റവും കറുത്ത സ്ഥലമായി രേഖപ്പെടുത്തുന്നതു മലബാറിനെയായിരിക്കും.

291 വാസ്തവം പറയുകയാണെങ്കിൽ, ഞാൻ എഴുതിയതെല്ലാം എന്നോടൊന്നിച്ചു സംസ്കരിക്കപ്പെടും. ഞാൻ ചെയ്തതാണ് നിലനില്ക്കുക.; പറഞ്ഞതും എഴുതിയതുമല്ല.

292 വാസ്തവത്തിൽ നമ്മുടെ സമുദായസംഘടനമുഴുവൻ നില്ക്കുന്നതു വാക്കിന്റെ സംശുദ്ധിയിന്മേലാണ്. പറഞ്ഞ വാക്കിന്നു് സ്ഥിരതയില്ലെങ്കിൽ ലോകം തന്നെ കൊടിയാകും.

ഹിമാലയം എന്നാണോക്കുമായി ഉറപ്പിച്ചു നിത്തീട്ടുള്ള ഒന്നാണ്. ഹിമാലയം ഇളകിയാൽ ഇന്ത്യ നശിച്ചു. സൂര്യചന്ദ്രന്മാരും നക്ഷത്രങ്ങളും ചലിക്കുന്നതു തെറ്റാത്ത ക്രമത്തോടുകൂടിയാണ്. അങ്ങിനെ അല്പായിരുന്നവെങ്കിൽ നമുക്കു കാര്യങ്ങളെല്ലാം അനക്കമില്ലാത്തവയായിത്തീരുമായിരുന്നു.

293 വിദേശഭാഷാപഠനത്തിന്നു ഞാൻ എതിരല്ല. എന്റെ ഗൃഹത്തെ മതിൽ കെട്ടിമൂടാനോ അതിന്റെ ജനലുകളെല്ലാം അടച്ചു പൂട്ടാനോ എനിക്കുദ്ദേശമില്ല. സർവ്വരാജ്യങ്ങളിലേയും സംസ്കാരം എന്റെ വസതിക്കു ചുറും ആഞ്ഞടിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ ആ കാറു എന്നെ അടിച്ചുവീഴ്ത്താൻ ഞാൻ അനുവദിക്കുകയില്ല. സാഹിത്യവാസനയുള്ള നമ്മുടെ യുവതീയുവാക്കന്മാർ ഇംഗ്ലീഷും മറു ലോകഭാഷകളും തീച്ചയായും പഠിച്ചുകൊള്ളട്ടെ; അതിന്റെ

ഇണങ്ങും ഇന്ത്യക്കു അനുഭവമാക്കുകയും ചെയ്യട്ടെ. എന്നാൽ മാതൃഭാഷയോടു അവഗണനയോ അവജ്ഞയോ കാണിക്കുവാൻ ഒരൊറ്റ ഇന്ത്യക്കാരനെപ്പോലും ഞാൻ അനുവദിക്കുകയില്ല.

സർവ്വ സൃഷ്ടികൾക്കും സ്ഥലമനുവദിക്കുന്ന ഒരു ഗൃഹമാണ്, കാരാഗൃഹമല്ല, എന്റെ മതം. എന്നാൽ വർഗ്ഗവിദ്വേഷത്തിനോ മതവിദ്വേഷത്തിനോ വർണ്ണവിദ്വേഷത്തിനോ അവിടെ സ്ഥാനമില്ല.

294 വിനയവും അച്ചടക്കവുമില്ലാതെ മഹനീയമായ സ്വാതന്ത്ര്യം സമ്പാദിക്കാൻ സാധിക്കുകയില്ല. അന്യാഭിപ്രായവിരോധം ഒരുവിധം അക്രമമാണ്. ഉചിതമായ ജനനായകത്വത്തിനു അതു ഒരു പ്രതിബന്ധമായിരിക്കും.

* * * *

നമുക്കെതിരായിട്ടുള്ള മുദ്രാവാക്യങ്ങൾ വിളിച്ചുപറയുന്നതു ശാന്തമായി കേൾക്കുവാനും നമ്മോടു് യോജിക്കാത്തവരുടെനേരെ സൌഹാർദ്ദത്തോടെ പെരുമാറുവാനും നമുക്കു കഴിയുകയില്ലെങ്കിൽ നാം അഹിംസാലുക്കളാണെന്നു നമുക്കഭിമാനിച്ചുകൂടാ.

295 വിധിയേയോ മറ്റുള്ളവരേയോ ആക്ഷേപിച്ചിട്ടു കാര്യമില്ല. സ്വാശ്രയത്തിൽ വിശ്വസിക്കുന്ന മനുഷ്യൻ തന്റെ പരാജയത്തിനു താൻതന്നെയാണു് കാരണമെന്നറിയും.

296 വിട്ടുവീഴ്ചയുടെ അർത്ഥം കൊടുക്കുക, എടുക്കുക എന്നാണു്. മൌലികതത്വങ്ങളെ സംബന്ധിച്ചു് ഇതു സാദ്ധ്യമല്ല. മൌലികതത്വങ്ങളിൽ വിട്ടുവീഴ്ചയെന്നുവെച്ചാൽ കീഴടങ്ങുക എന്നാണർത്ഥം. എന്റെ ജീവിതം വിട്ടുവീഴ്ചകൾ കൊണ്ടുണ്ടാക്കിയതാണു്. പക്ഷെ അവയെല്ലാം എന്നെ ലക്ഷ്യത്തോടു കൂടുതൽ അടുപ്പിച്ച വിട്ടുവീഴ്ചകളായിരുന്നു.

297 വിദ്യാഭ്യാസം കഴിഞ്ഞവക്കുമാത്രമുള്ളതാണ് പ്രക്ഷോഭണം. പഠിക്കുന്ന കാലത്തു വിദ്യാർത്ഥികളുടെ തൊഴിൽ അറിവു് വികസിപ്പിക്കൽ മാത്രമായിരിക്കണം.

298 വിദ്യാർത്ഥിജീവിതത്തെ സന്ന്യാസിജീവിതത്തോടു സാമ്യപ്പെടുത്താം. വിദ്യാർത്ഥി ലഘുജീവിതത്തിന്റേയും ഉൽകൃഷ്ടമായ ആദർശത്തിന്റേയും അവതാരമായിരിക്കണം.

299 വിദ്യാർത്ഥികളേ, നിങ്ങളുടെ വിജയം വിനയത്തിനും ഹൃദയപരിശോധനയ്ക്കും പ്രാർത്ഥനയ്ക്കുമുള്ള ഒരവസരമായിരിക്കട്ടെ.

300 വിദ്യാഭ്യാസം കൈവേലകളിൽക്കൂടി നടത്തപ്പെടുമ്പോൾമാത്രമേ ശരീരത്തിന്റേയും മനസ്സിന്റേയും ആത്മാവിന്റേയും ഉന്നമനം ഏറ്റവും എളുപ്പത്തിൽ സാധിക്കുകയുള്ളൂ.

* * * *

വിദ്യാഭ്യാസം ആരംഭിയ്ക്കേണ്ടതു അക്ഷരജ്ഞാനംകൊണ്ടു-അതായതു എഴുത്തും വായനയും-മുഖേനയല്ല. പിന്നയോ, തൊഴിൽകൊണ്ടും തൊഴിൽമുഖേനയുമായിരിക്കണം.

301 വിവാഹത്തിന്റെ ഉദ്ദേശം ആത്മസംയമനവും വീര്യസംരക്ഷണവുമാകുന്നു.

302 വിവാഹം ചെയ്യുന്നതിന്റെ മുഖ്യഉദ്ദേശം ആത്മീയവികാസമായിരിക്കണം. രണ്ടാമത്തെ ഉപാധി ലോകസേവനമായിരിക്കണം. കുടുംബകാര്യത്തിനും സമുദായത്തിലുള്ള കാര്യത്തിനും മൂന്നാംസ്ഥാനമേ ഉണ്ടായിരിക്കാൻ പാടുള്ളൂ. ഇതെല്ലാം കഴിഞ്ഞു് നാലാം സ്ഥാനം പ്രേമത്തിനുമാകാം. അതിനാൽ, മറ്റു മൂന്നു ഉപാധികളുമില്ലെങ്കിൽ പ്രേമമുണ്ടെന്നതുമാത്രം വിവാഹത്തിനുതക്ക കാരണമായിക്കരുതുവാൻ പാടില്ല. അതുപോലെതന്നെ മറ്റു മൂന്നു ഉപാധികളുണ്ടെങ്കിലും

പ്രേമമില്ലെങ്കിൽ വിവാഹം അനുവദിച്ചുകൂടാത്തതാണ്.

303 വിശക്കുമ്പോൾ ഭക്ഷണം രുചിക്കുന്നതുപോലെ ആത്മാവിൽ വിശപ്പുള്ളവന്നു നാമജപം രുചിക്കാതിരിക്കയില്ല.

304 വിശപ്പുണ്ടെങ്കിൽ മാത്രം, ഭക്ഷണത്തിന്നുവേണ്ടി പണിയെടുത്തിട്ടുണ്ടെങ്കിൽ മാത്രം, ഭക്ഷിക്കുക.

305 വിശ്വാസത്തിന്റെ മുമ്പിൽ സമുദ്രം നീങ്ങും, പർവ്വതം പൊടിയും.

306 വിശ്വാസം അഗാധമാകുന്തോറും ബുദ്ധി നിശിതമാകുന്നു.

307 വിശ്വാസം വിലപ്പെട്ടതാകേണമെങ്കിൽ ഏതു പരീക്ഷയിലും ജയിക്കാൻ കഴിയുന്നതായിരിക്കണം അതു്. ലോകത്തിന്റെ മുഴുവൻ ശക്തിക്കുമെതിരെ നില്ക്കാൻ കഴി

കയില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം വ്യാ
ജമാണ്.

308 വിശ്വാസവും പ്രാർത്ഥനയും ക്രൂടാതെയുള്ള കാ
ര്യങ്ങൾ സുഗന്ധമില്ലാത്ത കൃത്രിമപുഷ്പങ്ങ
ളെപ്പോലെയാണ്. യുക്തിയെ നിഷ്കാസനം
ചെയ്യേണമെന്നല്ല; നേരെ മറിച്ച്, യുക്തി
യെ പാവനമാക്കുന്നതിനെ മനസ്സിലാക്കണം
എന്നാണെന്റെ വാദം.

309 വെറുപ്പിനെ ജയിക്കാൻ സ്നേഹത്തിനേ ക
ഴിയൂ.

310 വേണ്ടെടത്തു നിയമം ലംഘിക്കാൻ കഴിയാ
ത്ത ഒരാൾക്ക് ശരിയായ നിയമം പാലി
ക്കാൻ അറികയില്ല.

311 വ്യക്തി സ്വന്തം ആത്മാവിനെക്കുറിച്ചു
ന്നെയാണ് മനസ്സിരുത്തേണ്ടത്. വൃക്ഷാ
മുഖ്യമായി ശ്രദ്ധിക്കുന്നതു ഫലങ്ങളിലാകരു
ത്, വേരുകളിലായിരിക്കണം. ലോകത്തി

ന്നു് ഫലത്തിലേ താല്പര്യമുള്ളു.; വേരിൽ താല്പര്യമില്ല.

312 വ്യക്തിയുടെ ആത്മശക്തിയാണു് എന്നും ഏറ്റവും പ്രധാനം. ഭരണക്രമം അതിന്റെ വ്യക്തമായ ഒരു പ്രകടനം മാത്രമാണു്. ഭരണക്രമവുമായി ബന്ധമില്ലാത്തതും അതിൽ നിന്നു ഭിന്നവുമാണു് വ്യക്തിയുടെ ആത്മശക്തിയെന്നു് ഞാൻ വിചാരിക്കുന്നില്ല. അതിനാൽ എന്തൊക്കെ പറഞ്ഞാലും ഒരു രാഷ്ട്രം അർഹിക്കുന്ന ഗവമ്മെണ്ടാണു് അതിനു ലഭിക്കുക എന്നു ഞാൻ വിശ്വസിക്കുന്നു.

313 വ്യക്തിസ്വാതന്ത്ര്യം ഇല്ലാതായാൽ പിന്നെ സമുദായത്തിൽ എന്താണു് ബാക്കിയുള്ളതു്? വ്യക്തിസ്വാതന്ത്ര്യമുണ്ടെങ്കിലേ ഒരുവനു സ്വേച്ഛാനുസൃതം സമുദായസേവനത്തിനു് ആത്മാർപ്പണം ചെയ്യാൻ കഴികയുള്ളു. സേ

വനം അവനിൽനിന്നു പിടിച്ചു പറിയാൽ അവൻ ഒരു യന്ത്രമായി; സമുദായം നശിച്ചു.

* * * *

ഇംഗ്ലണ്ടിനും മറു പാശ്ചാത്യ രാജ്യങ്ങൾക്കും പറയിയത്തു നമുക്കും പറേണമെന്നില്ല. പാശ്ചാത്യപരിഷ്കാരത്തിന്റെ ഒപ്പുകടലാസ്സായി നാം വർത്തിക്കരുത്. നമ്മുടെ രാജ്യത്തിൽ നിലകൊള്ളുന്ന അവസ്ഥാവിശേഷങ്ങൾ കേവലം വ്യത്യസ്തമാണ്.

314 ശരിയായ ജീവിതമാർഗ്ഗം ധർമ്മമാർഗ്ഗമാണ്. ജീവിതത്തെ സുഖമയവും മനോഹരവുമാക്കിത്തീർക്കുന്നതു അതാണ്.

315 ശരിയായ ദൃഷ്ടി പ്രവർത്തിക്കുമ്പോഴാണ് യഥാർത്ഥ കലാസൃഷ്ടികൾ ഉണ്ടാകുക. ജീവിതത്തിൽ ഇത്തരം നിമിഷങ്ങൾ ഉർല്ലഭങ്ങളാണെങ്കിൽ കലയിലും അവ അങ്ങിനെതന്നെയിരിക്കും.

316 ശരീരത്തെ നശിപ്പിക്കുവാൻ അശുദ്ധകർമ്മത്തിനോളംതന്നെ ശക്തി അശുദ്ധവിചാരത്തിനുമുണ്ടു്. വിചാരനിയന്ത്രണം ദുഷ്കരമാണു്. ഈശ്വരവിശ്വാസംകൊണ്ടേ വിചാരശുദ്ധി സാദ്ധ്യമാക്കൂ.

317 ശാന്തിമാർഗ്ഗം സത്യമാർഗ്ഗമാണു്.

318 ശുദ്ധവായു, ശുദ്ധവെള്ളം, ശുദ്ധഭക്ഷണം, ശുദ്ധവിചാരം ഇവ കൂടാതെ ശക്തി നിലനിർത്തുക സാദ്ധ്യമല്ല. ആരോഗ്യവും സദാചാരവും തമ്മിൽ അഭേദ്യമായ ബന്ധമുള്ളതിനാൽ സദാചാരം കൂടാതെ ആരോഗ്യം നിലനിർത്തുക സാദ്ധ്യമല്ല.

319 ശൂദ്രൻ വേദം പഠിച്ചതിനു് രാമചന്ദ്രൻ അദ്ദേഹത്തെ ശിക്ഷിച്ചുവെന്ന കഥ പ്രക്ഷിപ്തമായിട്ടാണു് ഞാൻ കരുതുന്നതു്. രാമനെ ഞാൻ ആരാധിക്കുന്നതു് ചരിത്രപുരുഷനെന്ന നിലക്കല്ല; പരിപൂർണ്ണമൂർത്തി എ

ന്ന നിലയിലാണ്. ശൂദ്രന്ന വേദം പഠിക്കുവാൻ പാടില്ലെന്ന അഭിപ്രായത്തോട് ഞാൻ യോജിക്കുന്നില്ല. അടിമകളായിരിക്കുന്നോടത്തോളം കാലം നാമെല്ലാം ശൂദ്രരാണ്.

320 ശപസിക്കുന്നതു സ്വാദിനല്ല, ജീവിക്കുവാൻ വേണ്ടിയാണ്. വെള്ളം കുടിക്കുന്നതു ദാഹം മാറ്റാൻ മാത്രം വേണ്ടിയാണല്ലൊ. ഇതുപോലെ തന്നെ, ഭക്ഷിക്കുന്നതു് വിശപ്പു മാറ്റാൻ മാത്രമായിരിക്കണം.

321 സത്യമില്ലാതേടത്തു യഥാർത്ഥജ്ഞാനം ഉണ്ടാകയില്ല.

322 സത്യത്തിലോ സത്യത്തിൽക്കൂടിയോ ഞാൻ സൌന്ദര്യം കാണുന്നു. സുഖ ആശയങ്ങളും—ആശയങ്ങൾ മാത്രമല്ല, സത്യമായ മുഖങ്ങളും സത്യമായ ചിത്രങ്ങളും സത്യമായ ഗാനങ്ങളും—അതീവസുന്ദരങ്ങളായിക്കും. ജനങ്ങൾ സാധാരണയായി സത്യത്തിൽ

സൌന്ദര്യം കാണുന്നില്ല. സത്യത്തിൽ സൌന്ദര്യം കാണാൻ തുടങ്ങിയാൽ അപ്പോൾ യഥാർത്ഥകലയുണ്ടാകും.

323 സത്യം ഈശ്വരനാണ്; അസത്യം ഈശ്വരനിഷേധവും.

324 സത്യം അനുസരിക്കുന്നതിൽ വല്ല തെറ്റും പിണയുന്നതായാൽ അതു തനിയേ ശരിപ്പെട്ടുകൊള്ളും.

325 സത്യമാണു ഈശ്വരൻ; മനുഷ്യൻ അതിന്റെ പ്രതിബിംബവുമാണ്. നല്ലതു ചെയ്യുക, നല്ലവനായിരിക്കുക—അതുതന്നെ നിങ്ങളെ സത്യത്തിലേക്കു നയിക്കും.

326 സത്യത്തിനുവേണ്ടി മരിക്കാൻ തയ്യാറായവരിൽ അവതരിച്ച സത്യത്തിനല്ലാതെ, താത്വികമായ സത്യത്തിനു വിലയില്ല.

327 സത്യത്തിൽ സൌന്ദര്യം കാണുവാൻ തുടങ്ങിയാൽ യഥാർത്ഥ കല ഉണ്ടാകും.

328 സത്യമാണ് പ്രഥമമായി തേടേണ്ടത്. എ
ന്നാൽ സൌന്ദര്യവും നന്മയും വന്നുകൊള്ളും.

329 സത്യമല്ലാതെ വേറെ ഈശ്വരനില്ലെന്നാണ
എന്റെ മാറാമില്ലാത്ത അനുഭവം. സത്യ
സാക്ഷാൽക്കാരത്തിനുള്ള ഏകോപായം
അഹിംസയാണ്.

330 സത്യങ്ങളെല്ലാം—സത്യമുള്ള ആശയങ്ങൾ
മാത്രമല്ല, സത്യമുള്ള മുഖങ്ങളും ചിത്രങ്ങളും
ഗാനങ്ങളും—വളരെ മനോഹരങ്ങളാണ്. ജ
നങ്ങൾ സാധാരണമായി സത്യത്തിൽ സൌ
ന്ദര്യം കാണാറില്ല. സാധാരണ മനുഷ്യൻ
അതിൽനിന്നു ഓടിപ്പോകുന്നു. അതിലെ
സൌന്ദര്യം കാണാൻ അവനു കണ്ണില്ലാതാ
കുന്നു. മനുഷ്യൻ എപ്പോൾ സത്യത്തിൽ
സൌന്ദര്യം കാണുന്നുവോ അപ്പോൾ യഥാ
ർത്ഥകല ഉദിക്കും.

331 സത്യാഗ്രഹത്തിൽ ഉപവാസത്തിനു സുനി
ശ്ചിതങ്ങളായ ചില അതിർത്തികളുണ്ട്.

സ്നേഹിക്കുന്നവനൊതിരായിട്ടേ ഉപവാസ
മാകാവൂ. അതുതന്നെ അവകാശങ്ങൾ പ
റ്റാനല്ല, അയാളെ നന്നാക്കുവാൻ. മദ്യ
പാനം ചെയ്യുന്ന അച്ഛനെ നന്നാക്കാൻവേ
ണ്ടി മകനു ഉപവസിക്കാം.

* * * *

നാം ആരോഗ്യനിയമങ്ങളനുസരിച്ചു്, ആ
രോഗ്യത്തിനുവേണ്ടിയും തെറ്റു ചെയ്തതി
ന്നു പ്രായശ്ചിത്തമായും ഉപവസിക്കാറുണ്ടു്.
ഈ ഉപവാസങ്ങളിൽ, ഉപവസിക്കുന്ന ആ
ൾ അഹിംസയിൽ വിശ്വസിക്കേണമെന്നി
ല്ല. എന്നാൽ, സമുദായം ചെയ്ത തെറ്റിൽ
പ്രതിഷേധമായി അഹിംസാനിരതനു സമാ
രംഭിക്കേണ്ടിവരുന്ന ഒരുതരം ഉപവാസ
മുണ്ടു്.

332 സൽക്കർമ്മത്തിനു എപ്പോഴും ബഹുമതി ലഭി
ക്കും. എന്നാൽ സൽക്കർമ്മി താൻ കേമനാ

ണെന്നു വിഛാരിക്കുവാൻ തുടങ്ങിയാൽ അ
യാളുടെ സൽക്കർമ്മത്തിന്നു യാതൊരു പ്രാധാ
ന്യവുമില്ലാതായിത്തീരുന്നു. യോഗ്യതകളെ
ല്ലാം ഒരുവിധം ട്രസ്റ്റ് മുതലുകളാണ്. സമു
ദായഗ്രഹണത്തിന്നുവേണ്ടിത്തന്നെ അവ ഉപ
യോഗിക്കണം. തനിക്കായിമാത്രം ജീവി
ക്കാൻ വ്യക്തിക്കു് അധികാരമില്ല; അതു
അസാദ്ധ്യവുമാണ്. നാം സമുദായത്തിന്നുവേ
ണ്ടി ജീവിക്കുമ്പോഴാണ് ഏറ്റവും പൂർണ്ണ
മായി ജീവിക്കുന്നതു.

333 സന്താനനിയന്ത്രണം വേണ്ടതാണെന്നു പല
രെയും സമ്മതിക്കുന്നുണ്ടു. ആത്മസംയമനം
ദുഷ്കരമാണെന്നതിന്നു സംശയമില്ല. എ
ന്നാലും, മനുഷ്യജാതി അതിന്റെ ലക്ഷ്യം
പ്രാപിക്കേണമെങ്കിൽ വേറെ വഴിയൊന്നു
മില്ല. ഉപകരണങ്ങളംകൊണ്ടു് നിയന്ത്രി
ച്ചാൽ ധാർമ്മികാധഃപതനം സംഭവിക്കുമെ
ന്നാണ് എന്റെ ഉറച്ച വിശ്വാസം.

* * * *

അവനവൻ ചെയ്യുന്നതിന്റെ ഫലം അനുഭവിപ്പാൻ ഒരുക്കമില്ലാത്തതു ഭീരുത്വമാണ്. ഗർഭനിയന്ത്രണോപകരണങ്ങൾ ഉപയോഗിക്കുന്നവർ ആത്മസംയമനത്തിന്റെ ഗുണങ്ങൾ അറിയുകയില്ല.

334 സന്തോഷത്തോടുകൂടി ചെയ്യാത്ത ത്യാഗം മിഥ്യയാണ്. ത്യാഗവും താപവും ചേരുകയില്ല. ത്യാഗത്തിനായി അന്യരുടെ അനുകമ്പ ആവശ്യപ്പെടുന്നവൻ കൊള്ളരുതാത്ത ഒരു മനുഷ്യമാതൃകയാണ്.

സ്വത്തും ത്യജിക്കാതെ ശ്രീ ബുദ്ധനു നിർവ്വാഹമുണ്ടായിരുന്നില്ല. ധനം വെച്ചിരിക്കയെന്നതു ലോകമാന്യനു അസഹ്യമായിരുന്നു. ഒരുറുപ്പികപോലും കൈയിൽ വെച്ചിരിക്കുന്നതു ആൻഡ്രൂസിനു ഭാരമായിരുന്നു.

335 സാന്മാർഗ്ഗികത്വം, അഥവാ നീതിധർമ്മമാണ്

എല്ലാറ്റിന്റെയും അടിസ്ഥാനം. സത്യ
മാണ് നീതിയുടെ സത്ത്.

336 സന്മാർഗ്ഗരഹിതമായ മതം ചിലമ്പുന്ന ഇല
ത്താളംപോലെ വെറുതെ ശബ്ദമുണ്ടാക്കി
ക്കൊണ്ടിരിക്കുവാനും പരസ്പരം കലഹിച്ച്
തലതല്ലിക്കീറുവാനും മാത്രമേ ഉപകരിക്ക
കയുള്ളൂ. മതമില്ലാത്ത സന്മാർഗ്ഗജീവിതമാ
കട്ടെ മണലിൽ പണിചെയ്ത മണിഹർമ്മ്യം
പോലെയാണ്.

337 സന്തോഷപൂർവ്വം ചെയ്യുന്ന സേവനം മാത്രമേ
സാർത്ഥമാകയുള്ളൂ. ആഡംബരാർത്ഥമാ
യോ പൊതുജനാഭിപ്രായത്തെ ഭയപ്പെട്ടോ
ചെയ്യുന്ന സേവനം മനസ്സിനെ കെടുത്തുകള
യും. സന്തോഷരഹിതമായ സേവനം ശുശ്രൂ
ഷിക്കപ്പെടുന്നവനേയോ ശുശ്രൂഷകനേയോ
സഹായിക്കുകയില്ല. സേവനത്തിൽനിന്ന്
ജനിക്കുന്ന ആനന്ദാനുഭൂതിയുടെ മുമ്പിൽ മ

റെല്ലാ സുഖങ്ങളും സമ്പാദ്യങ്ങളും തീരെ നിസ്സാരങ്ങളാണ്.

338 സത്യത്തിന്റെയും ജീവിതനൈർമ്മല്യത്തിന്റെയും ഉറപ്പുള്ള അടിത്തറമേൽ പടുത്തുയർത്തുന്നില്ലെങ്കിൽ നിങ്ങളുടെ വിദ്യാഭ്യാസം കൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകയില്ല. ജീവിതവിശുദ്ധിയിൽ ശ്രദ്ധിക്കാത്തപക്ഷം പരിണതപ്രജ്ഞാതരായ പണ്ഡിതന്മാരായാൽക്കൂടി നിങ്ങളുടെ ജയം പാഴായിപ്പോകും.

339 സർവ്വശക്തന്റെ ന്യായാസനത്തിനുമുമ്പിൽ മനുഷ്യനെപ്പറ്റി വിധി കല്പിക്കുന്നതു അവന്റെ പ്രവൃത്തികളെ നോക്കിയല്ല, ഉദ്ദേശങ്ങളെ നോക്കിയാണ്.

340 സസ്യഭക്ഷണം ശരീരത്തിന്റെ ബലം കുറ്റുവാനുള്ളതല്ല, ആത്മബലം കുറ്റുവാനുള്ളതാണ്. മനുഷ്യൻ എന്നുവെച്ചാൽ ഇറച്ചി

മാത്രമല്ല. നാം മനുഷ്യരായതു നമ്മുടെ ആത്മാവ് കൊണ്ടാണ്. അതിനാൽ സസ്യഭുക്കിനു ധാർമ്മികമായ ഒരാസ്പദം ഉണ്ടായിരിക്കണം. മൃഗങ്ങളെ തിന്നാനല്ല, സസ്യങ്ങൾകൊണ്ട് ജീവിക്കാനാണ് നമ്മെ സൃഷ്ടിച്ചിട്ടുള്ളതെന്നു വിശ്വാസം വേണം.

341 സസ്യഭക്ഷണം ഹിന്ദുമതത്തിന്റെ അമൂല്യനേട്ടങ്ങളിൽ ഒന്നത്രേ. അതു ആലോചിക്കാതെയങ്ങ് ഉപേക്ഷിക്കാൻ പാടില്ല. സസ്യഭക്ഷണം നമ്മെ ശരീരബലവും മാനസികബലവും കുറഞ്ഞവരും അലസരുമാക്കിത്തീർത്തിരിക്കുന്നുവെന്ന അഭിപ്രായം തിരുത്തേണ്ടതാണ്. ഹിന്ദുമതത്തിലെ ഏറ്റവും മഹാന്മാരായ പരിഷ്കർത്താക്കൾ അവരുടെ കാലത്തു ഏറ്റവുമധികം പ്രയത്നിക്കുന്നവരായിരുന്നു. അവരെല്ലാം സസ്യഭുക്കുകളുമായിരുന്നു. ശങ്കരാചാര്യരെക്കാളും ദ

യാനന്ദനെക്കാളും പ്രയത്നിക്കുന്നവരായി അവരുടെ കാലത്തു ആരാണുണ്ടായിരുന്നതു?

342 സർവ്വ മതസിദ്ധാന്തങ്ങളേയും സ്വീകരിക്കുകയും ഉൾക്കൊള്ളുകയും ചെയ്ത ഒരു സമുദ്രം പോലെയാണ് ഹിന്തുമതം. ഇന്ത്യയും ഹിന്തുക്കളും അവരുടെ ഈ പൈതൃകം വിസ്മരിച്ചുപോലെ കാണുന്നതു വലിയൊരത്യാഹിതമാണ്.

343 സഹോദരരെ സേവിക്കുന്നവരുടെ ഹൃദയം ആരാഞ്ഞുനടക്കുകയാണ് ഈശ്വരൻ, തനിക്ക് അതിൽ ഇരിപ്പുറപ്പിക്കുവാൻ. ആബ്രഹാം ആദം സഹോദരരെ സേവിച്ചു. അതുകൊണ്ടു ഈശ്വരന്റെ പട്ടികയിൽ അദ്ദേഹത്തിന്റെ പേർ ഒന്നാമത്തേതായി.

344 സാമ്പത്തികവും രാഷ്ട്രീയവും സാമൂഹ്യവും മതപരവുമായ ബന്ധങ്ങളെ ശരിപ്പെടുത്തുവാൻവേണ്ടി എല്ലാവരെക്കൊണ്ടും അഹിം

സ സ്വീകരിപ്പിക്കുകയാണ് എന്റെ ജീവിതധർമ്മം.

* * * *

എന്നെ സംബന്ധിച്ചേടത്തോളം രാഷ്ട്രീയാധികാരം ഒരു ലക്ഷ്യമല്ല; ജീവിതത്തിന്റെ നാനാതുറകളിലും സ്വന്തം നിലയ്ക്കുയർത്തുവാൻ ജനങ്ങളെ സമർത്ഥരാക്കുന്ന ഉപായങ്ങളിലൊന്നുമാത്രമാണ്. ദേശീയജീവിതം ദേശീയ പ്രതിനിധികൾ മുഖേന ക്രമപ്പെടുത്തുവാനുള്ള കഴിവ് എന്നതാണ് രാഷ്ട്രീയാധികാരത്തിന്റെ അർത്ഥം.

345 സുസ്വരത്തിൽനിന്ന് സംഗീതസാമർത്ഥ്യം നേടാൻ പലർക്കും സാധിച്ചുവെന്നു വരാം. എങ്കിലും ജീവിതപരിശുദ്ധതയിൽനിന്നു സംഗീതമുളവാക്കുവാൻ കഴിയുന്നവർ കുറച്ചേയുള്ളൂ.

346 സ്റ്റേയിറിലെ ഏറ്റവും ഉയർന്നവരോടു തുല്യമായ സ്ഥാനം ഹരിജനങ്ങൾക്ക് ലഭിക്കു

നാളുവരെ ഇന്ത്യയുടെ സ്വാതന്ത്ര്യം അപൂ
ർണ്ണമായിരിക്കും. ഹരീജൻ സേവനം ഇന്ത്യ
യിലെ ഓരോ പൌരന്റെയും പുണ്യ ധർമ്മ
മാണു്. ഹരിജനങ്ങൾക്കു് എന്തെങ്കിലും
ഒരൊറ്റ അവശതപോലും ഉള്ളേടത്തോളം
കാലം നമ്മെളെല്ലാവരും ലജ്ജിച്ചു തലതാ
ഴ്ത്തണം. ഹരിജനോദ്ധാരണം അവരുടെ
പരീക്ഷയേക്കാൾ ഏറെ നമ്മുടെ പരീക്ഷ
യാണു്.

347 സ്വകാമുകന്മാരിൽനിന്നു് വലിയ പ്രതിഫ
ലം പിടിച്ചുപറ്റിക്കുന്ന ഒരു കാമിനീമണി
യുടേതു സ്വാതന്ത്ര്യം.

348 സ്വന്തസഹായത്തെപ്പോലെ വലിയ സഹാ
യം മറ്റൊന്നില്ല. തന്നത്താൻ സഹായി
ക്കുന്നവനെ ദൈവം സഹായിക്കും.

349 സ്വന്തം ആത്മാവിന്റെ പ്രതിബിംബം എ
ല്ലാ ആത്മാക്കളിലും, പോരാ, എല്ലാ ജീവ

ജാലങ്ങളിലും ദർശിക്കുന്നവനാണ് യഥാർത്ഥ ഹിന്ദു.

350 സ്വർണ്ണത്തേക്കാളേറെ സത്യവും ആർഭാടത്തേക്കാളേറെ നിർഭയത്വവും സ്വാർത്ഥത്തേക്കാളേറെ ദാനവും ഉണ്ടാകുന്ന കാലത്തേ നമ്മുടെ രാജ്യം ധർമ്മരാജ്യമാവുകയുള്ളൂ.

351 സ്വഭാവശുദ്ധിക്കുടാത്ത അറിവ് തിന്മചെയ്വാൻമാത്രം പറ്റുന്ന ഒരു ശക്തിയാണ്. ലോകത്തിലെ പഠിപ്പുള്ള കള്ളന്മാരും പ്രമാണികളായ ദുഷ്ടന്മാരും ഇതിന്ന തെളിവാണ്.

352 സ്വയംപരിത്യാഗത്തിന്റെ മാർഗ്ഗം ആരോഗ്യത്തിന്റെ മാർഗ്ഗമാണ്.

353 സ്വകാര്യജീവിതത്തിന്റെ പരിശുദ്ധിയുമായി കലക്കു യാതൊരു ബന്ധവുമില്ലെന്ന് നാം എങ്ങിനെയോ ധരിച്ചുവെച്ചിട്ടുണ്ട്. ഇതിലും ഏറേ അസത്യമായി മറെറാന്നില്ലെന്ന് എന്റെ അനുഭവത്തെ മുഴുവൻ അ

ടി സ്ഥാനമാക്കി എനിക്കു പറയാൻ കഴിയും. ജീവിതപരിശുദ്ധിയാണ് ഏറ്റവും ഉൽകൃഷ്ടവും ഏറ്റവും സത്യസന്ധവുമായ കലയെന്ന ജീവിതാവസാനത്തോട് അടുത്തെത്തിയ ഈ ഘട്ടത്തിൽ എനിക്കു പറയുവാൻ കഴിയും. നല്ല സ്വരത്തിൽ പാടുന്ന വിദ്യ പലർക്കും പഠിക്കുവാൻ കഴിയും; എന്നാൽ സംശുദ്ധജീവിതത്തിൽനിന്നു പുറപ്പെടുന്ന സംഗീതം കുറച്ചുപേർക്കേ ഉണ്ടാക്കാൻ കഴിയൂ.

354 സ്വാതന്ത്ര്യമണിമന്ദിരത്തിലേക്കുള്ള മാർഗ്ഗം മോഹനമായ രാജവീഥിയല്ല. തടവുമുറിയുടെ ഇടുങ്ങിയ വാതിൽ കടന്നും തൂക്കുമരത്തിന്റെ ചുവട്ടിലൂടേയും ചിലപ്പോൾ രക്തപ്രവാഹത്തിന്റെ മദ്ധ്യത്തിലൂടേയുമായിരിക്കും ഈ മാർഗ്ഗം.

355 സ്വാതന്ത്ര്യം വർദ്ധിക്കുന്തോറും വിനയവും അച്ചടക്കവും വർദ്ധിക്കണം. വിനയത്തിൽ

നിന്നും അച്ചടക്കത്തിൽനിന്നും ഉത്ഭവിക്കുന്ന സ്വാതന്ത്ര്യത്തിന്നു മാഹാത്മ്യം ക്രൂടും. അച്ചടക്കം ക്രൂടാതെയുള്ള സ്വാതന്ത്ര്യം താന്തോന്നിത്തമാണ്. അതു തനിക്കും അന്യർക്കും ഒരുപോലെ ദോഷമുളവാക്കും.

356 സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള ആശയങ്ങൾ ഗ്രഹിക്കുവാനും ചിന്തയിൽ കൃത്യത സമ്പാദിക്കുവാനും ഇംഗ്ലീഷുഭാഷാപരിജ്ഞാനം ആവശ്യമാണെന്ന വിശ്വാസം ഇന്ത്യയെ ബാധിച്ചിട്ടുള്ള അന്ധവിശ്വാസങ്ങളിൽവെച്ചു ഏറ്റവും ഭീമമായതാണ്.

പരിഭാഷോപജീവികളായ ഒരു വർഗ്ഗത്തെ സൃഷ്ടിക്കുന്നതിനാൽ യാതൊരു രാജ്യവും ദേശാഭിമാനം ഉൾക്കൊള്ളുന്നതല്ല.

357 സംശയവും നിരാശയും ഉള്ളവരുണ്ടു്. അവർക്കുള്ളതാണ് ഈശ്വരനാമം. ദുർബ്ബലനും നിസ്സഹായനുമായ ആർ തന്നെ സമീപിക്കു

ന്നവോ അവനെ ബലവാനാക്കുമെന്നതു ഈ ശപഥനിശ്ചയമാണു്.

* * * *

രാമനാമത്തെ ശരണം പ്രാപിച്ചാൽ അനുഭവിക്കാവുന്ന ആനന്ദവും സുഖവും ആരാൽ വർണ്ണിപ്പാൻ കഴിയും!

358 ഹിംസ തന്നെത്താൻ നശിപ്പിച്ചു് അഹിംസയെ രംഗത്തിൽ തനിയെ വിട്ടുപോകുന്നു.

359 ഹിന്തുസ്ഥാനിയുടെ സ്ഥാനം ഇംഗ്ലീഷ് കൈവശപ്പെടുത്തരുതു്. ഇംഗ്ലീഷ് മനസ്സിലാക്കാൻ സാധിക്കാത്ത ഇന്ത്യയിലെ ജനകോടികൾക്കു് ഇതു് അളവറ്റ അനർത്ഥം ചെയ്യും. എല്ലാ പ്രവിശ്യകളും സംസ്ഥാനഭാഷയിൽ നടത്തുന്ന ഉദ്യോഗസ്ഥന്മാരുണ്ടായിരിക്കുക സംസ്ഥാന ഗവർമ്മേണ്ടുകൾക്കു് ഒരു പ്രയാസമുള്ള കാര്യമല്ല. സംസ്ഥാനങ്ങൾ തമ്മിലുള്ള ആവശ്യങ്ങൾക്കു് ഉപയോഗിക്കുന്ന ഭാഷ, എന്റെ അഭിപ്രായത്തിൽ,

നാഗരിലിപിയിലും ഉർദ്ദുലിപിയിലും എഴു
തുന്ന ഹിന്തുസ്ഥാനിയായിരിക്കണം.

360 ഹൃദയപൂർവ്വമായ പ്രാർത്ഥനയെന്നുവെച്ചാൽ
നാവുകൊണ്ടു എന്തെങ്കിലും ഉരുവിടുകയല്ല.
ഓരോ പ്രവൃത്തിയിലും വാക്കിലും വിചാര
ത്തിലും സ്വയം പ്രകടമാക്കുന്ന ഒരു ഹൃദയാ
ഭിലാഷമാണതു. ഹൃദയശൂന്യമായ പ്രാർത്ഥ
ന വെറും ചെണ്ടകൊട്ടൽപോലെയാണു്.

361 ഹൃദയപൂർവ്വമായ പ്രാർത്ഥന ആരോഗ്യം നല്കു
ന്നു; വിനയം നല്കുന്നു; എടുത്ത കാൽ എവി
ടെ വെക്കേണമെന്നു് കാണിക്കുന്നു.

362 ഹൃദയമില്ലാതെ വാക്കുണ്ടാവുകയേക്കാൾ ന
ല്ലതു വാക്കില്ലാതെ ഹൃദയമുണ്ടാവുകയാണു്.

363 (ഹൃദയത്തിലേക്കു് വരാതെ തലയിൽ നില്ക്കു
ന്ന അറിവു് ജീവിതത്തിൽ ഉപയോഗപ്ര
ദമല്ല.)

364 (ക്ഷമ എത്രയധികമുണ്ടോ അത്ര അധികമാ

ണ് വിജയം. ക്ലേശസഹനത്തിന്റെ പ
ര്യായമാണ് ക്ഷമ.

365 ക്ഷേത്രശുദ്ധം തുറന്നുവെച്ചതുകൊണ്ടുമാത്രം അ
യിത്തം നശിക്കുമെന്നു വിചാരിക്കുന്നതു അ
ബദ്ധമാണ്. ആത്മാത്മതയിൽ അടിയുറ
ച്ച സമഭാവനയോടുകൂടി ഹൃദയക്ഷേത്ര
ത്തിൽനിന്നും അയിത്തത്തെ തുരത്തിയാൽ
മാത്രമേ, നമ്മുടെ പ്രയത്നം സഫലമാക
യുള്ളൂ.

വിഷയസൂചി

അന്തരാത്മാവിന്റെ ശബ്ദം-14, 34, 51, 176

അഭയം-49, 58, 60, 90, 167, 220, 221, 222
225, 226, 227, 229, 262, 278

അയിത്തം-9, 10, 11, 12, 13, 43, 46, 52,
131, 290, 319, 346, 365

അഹിംസ-2, 19, 20, 21, 22, 23, 24, 25,
69, 70, 165, 199, 225, 226

ആത്മസംയമനം-31, 32, 39, 97, 104, 108,
153, 185, 205, 256.

ആദർശങ്ങൾ-85, 184, 191, 192.

ഈശ്വരൻ-53, 55, 56, 57, 59, 60, 61, 62,
71, 161, 167, 182, 183, 202, 246

ഉപവാസം-32, 331,

എന്റെ ഇന്ത്യ-78, 91, 136, 285, 350
കല-81, 117, 138, 261, 263, 289, 315,
315, 322, 327, 328, 330, 353
കള്ളവ്-177
കാറും പാറയൽ-112, 151, 162, 189
കൃത്യത-48
കോപം-104, 118, 176
ചൊദി (ചക്ക)-45, 47, 127
ഗീത-41, 122. 123, 124, 125
ഗ്രാമം-126
ചാരിത്ര്യം-42, 128, 200.
ജാതി-133, 135, 136, 137, 290
ഞാൻ--14, 66, 98, 144, 146, 240, 268,
291, 344
ഡാക്ടർമാർ-149, 246
തെറ്റുസമ്മതിക്കൽ-16, 258
ത്യാഗം-105, 114, 153, 174, 198, 334,
352, 354

ധനം-38, 56, 177, 181, 337
ധർമ്മം-84, 89, 163. 164, 314, 350
പന്തയം-197
പരിശുദ്ധി-83, 186, 260, 345, 351
പശു-77, 79, 195, 252
പ്രയത്നം-5, 146, 190, 206, 207, 284, 295, 348
പ്രവൃത്തി-54, 65, 92, 94, 166, 193, 291, 339
പ്രശംസ-65, 92, 94
പ്രാർത്ഥന-6, 169, 209, 210, 211. 212, 220, 239, 254, 303, 308, 360, 361
പ്രേമം-50, 171, 182, 213, 214, 255, 268, 309
ബിംബാരാധന-131, 145, 215, 255
ബ്രഹ്മചര്യ-194, 216, 217, 218, 219, 248
ഭക്തി-159, 160, 173, 181, 202

ഭക്ഷണം-88, 202, 223, 224, 304, 320, 340, 341
ഭാഷ-99, 188, 293, 356, 359
മതം-75, 78, 82, 96, 147, 230, 231, 254, 270, 336
മദ്യം-233
മനഃസാക്ഷി-4, 148, 176, 187
മന്ത്രം-196
മരണം-30, 44, 49, 110, 134, 247
മഹാത്മാക്കൾ-90, 130, 334
മാർഗ്ഗം-17, 19, 64, 72, 283, 284, 317
മാംസഭക്ഷണം-88
മുസ്ലിമീങ്ങൾ-251, 252
മൃഗബലി-93, 253
മൈഥുനം-176, 259
യന്ത്രം-264, 265, 266
യുക്തി-129, 139, 150, 208, 267, 270, 272, 273, 308

രാമനാമം-103, 154, 181, 196, 279. 357
രോഗം-15, 40, 115, 172, 180, 206, 236, 246, 281, 282, 318, 352
ലൈംഗിക ജീവിതം-108, 194, 287, 333
വക്കീൽമാർ-288
വിചാരങ്ങൾ-184, 286, 316, 318
വിദ്യാഭ്യാസം-26, 27, 102, 141, 155, 159, 178, 193, 227, 238, 293, 300, 338, 351
വിദ്യാർത്ഥികൾ-31, 97, 120, 297, 298, 299
വിനയം-121, 183, 241, 249, 294, 355
വിവാഹം-109, 290, 301, 302
വിശപ്പ്-100, 140, 157, 304
വിശ്വാസം-29, 35, 56, 63, 67, 71, 74, 75, 76, 183, 243, 245, 246, 249, 305, 306, 307, 308
വ്യക്തി-312, 313
വ്യായാമം-115, 116

സത്യം-7, 20, 21, 22, 23, 28, 37, 86, 87, 111, 113, 186, 199, 203, 250, 292, 321, 323

സത്യാഗ്രഹം-276, 277, 331

സന്താനങ്ങൾ-108, 109, 227

സമാധാനം-274, 285

സസ്യഭക്ഷണം-340, 341

സേവനം-46, 107, 160, 166, 173, 174, 198, 332, 337, 343

സ്ത്രീ-24, 25, 42, 106, 156, 200, 201

സ്വാതന്ത്ര്യം-3, 18, 68, 148, 152, 347, 354, 355

ഹരിജനങ്ങൾ-52, 346, 365

ഹിന്ദുമതം-9, 10, 11, 12, 13, 43, 73, 342, 349

ഹിംസ-1, 36, 50, 71, 95, 358

ക്ഷമ-364

Date.....



വിനോബാജി പറഞ്ഞു:—

"ബിന്ദു സമുദ്രത്തിൽ ചേരുന്നതുകൊണ്ട് ചെറുതാകയൊ നശിക്കുകയൊ അല്ല, വളരുകയാണ് ചെയ്യുന്നതു്. ഞാൻ സ്വന്തകായ്ക്കുവിട്ട് സമുദായത്തിനുവേണ്ടിയായിത്തീരുന്നതു് എന്റെ വളർച്ചയേയാണ് കാട്ടുന്നതു."

ആ വളർച്ചയുടെ പ്രതിഭാസമെങ്ങിനെ?

ഈ പുസ്തകം അതിനുത്തരം നൽകും.

ആചാര്യജീയുടെ മഹനീയ ചരിത്രങ്ങൾ—

ശ്രീ: കേളപ്പന്റെ പ്രൗഢോജ്ജ്വലമായ അവതാരിക.

വില 1ക.

★

ഹാജി കെ. പി. അഹമ്മദ്കുഞ്ഞി & ബ്രദർസ്,
പബ്ലിഷേർസ് കണ്ണൂർ.